UNIVERSITY LIBRARY
20 MAR 1932
MADRAS
333

കൈരളി

പുസ്തകം ൧൬ | ൧൧൦൭ മകരം | ലക്കം ൧൦.

സമുദായസേവനം.

'സേവനം' എന്ന ശബ്ദത്തെക്കാൾ ആകർഷകവും ആദരണീയവുമായ പദം വേറെ അധികം ഇല്ല. ഉജ്ജ്വലമായ ധർമ്മബോധം, ഉൽകൃഷ്ടമായ പ്രണയം, ഉദാരമായ ദൈവഭക്തി, നിഷ്കളങ്കമായ സ്വാർത്ഥത്യാഗം മുതലായവയുടെ ഫലമായ സ്തുത്യകൃത്യത്തിന്റെ നാമധേയമാണല്ലോ അതു്. ഈദൃശങ്ങളായ വിശിഷ്ടഗുണങ്ങൾ നിരന്തരം പ്രേരിപ്പിക്കാത്തപക്ഷം, സമുദായത്തേയോ രാജ്യത്തേയോ സേവിക്കുന്നതിന് ആരും പുറപ്പെട്ടുമായിരുന്നില്ല; വീരക്ഷത്രിയന്റെ വാളും ധീരമതാചാര്യന്റെ നാവും മഹാകവിയുടെ പേനയും ക്ലേശഭൂയിഷ്ഠമായ സമുദായസേവനത്തിനോ രാജ്യസേവനത്തിനോ സന്നദ്ധമാകുമായിരുന്നില്ല.

വിവിധമായ ധർമ്മങ്ങളുടെ വിപുലമായ വലയങ്ങളാൽ ആവൃതനാകുന്നു മനുഷ്യൻ. പ്രഥമവലയത്തിൽ അവനും കുടുംബവും ഉൾപ്പെടുന്നു. അടുത്ത വലയം സമുദായത്തോടുള്ള ധർമ്മമത്രെ. നമ്മുടെ ജീവിതം നമുക്കുവേണ്ടി മാത്രമല്ലെന്ന ബോധവും അതിനനുരൂപമായി പ്രവർത്തിക്കുവാനുള്ള ധൈര്യവും ഉള്ള ഒരാൾക്കു മാത്രമേ സമുദായസേവനം എന്ന ധർമ്മം ശരിയായി നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളു. ആദിത്യന്റെ കിരണങ്ങൾ സ്വമണ്ഡലത്തെ മാത്രം പ്രകാശമാനമാക്കിത്തീർക്കുവാനുള്ളതല്ല; പരിതഃസ്ഥിതങ്ങളായ ഇതരഗോളങ്ങൾക്കും വെളിച്ചം നൽകണം. അതുപോലെ ഓരോ വ്യക്തികളും സ്വജീവിതസുഖത്തിനു മാത്രം യതിച്ചാൽ മതിയാകുന്നതല്ല; സമുദായത്തിന്റെ പൊതുവെയുള്ള ഉന്നമനത്തിനും നിസ്വാർത്ഥപരമായി നിരന്തരപ്രയത്നം ചെയ്യണം. തന്റെ രഥം മാത്രം മുൻപോട്ടു പോയാൽ പോരാ; സമുദായരഥത്തിന്റെ കയറും വലിച്ചുകൊണ്ടിരിക്കണം. ശരീരത്തിനും അംഗങ്ങൾക്കും തമ്മി

ലുള്ള ബന്ധം സമുദായത്തിനും വ്യക്തികൾക്കും ഉണ്ടു്. വ്യക്തികൾക്കുള്ളതുപോലെ സമുദായത്തിനുമുണ്ടു സംസ്കാരം. ഈ ബോധമുണ്ടായാൽ സമുദായസേവനം ധൎമ്മമാണെന്നു് ഏവൎക്കും ബോദ്ധ്യമാകും.

ദരിദ്രനും ധനവാനും സമുദായോന്നമനത്തിനു ശ്രമിക്കാവുന്നതാണു്. ആപൽഘട്ടങ്ങളിൽ സഹായിക്കുന്നതിനോ വിദ്യാഭ്യാസപ്രചരണാദികൾക്കോ ധനവാൻ അവന്റെ മടിശ്ശീലയുടെ ചരടു് നിഷ്കളങ്കന്മാരായ നേതാക്കന്മാരെ ഏല്പിക്കട്ടെ. അനാചാരങ്ങളെ ലംഘിക്കുന്നതിനോ സന്മാൎഗ്ഗബോധം പരത്തുന്നതിനോ സ്വാൎത്ഥരഹിതന്മാരായി ഇതരന്മാർ പുറപ്പെടട്ടേ. ജീവിതസോപാനപരമ്പരയുടെ ഏതു പടിയിൽ നില്ക്കുന്നവൎക്കും സമുദായസേവനത്തിനുള്ള അവസരം അസുലഭമായിരിക്കുകയില്ല. നിരുപയോഗപ്പെടുത്തുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്യുന്ന ജീവിതഭാഗങ്ങളെങ്കിലും സമുദായാരാധനത്തിനു സമൎപ്പിക്കുവാൻ നമുക്കു സാധിക്കുകയില്ലേ?

സമുദായത്തിന്റെ ഐക്യം, സംസ്കാരസംവൎദ്ധനം, ആരോഗ്യരക്ഷണം, അനാചാരോല്ലംഘനം മുതലായ ഏതു വിഷയത്തിലും യഥേഷ്ടം പ്രവൎത്തിക്കുന്നതിനു കഴിയുന്നവർ യത്നിക്കേണ്ടതാകുന്നു. ഇതിനെല്ലാം പൊതുസ്ഥാപനങ്ങളും വലിയ തുകയും അത്യന്താപേക്ഷിതമാണെന്നുവച്ചു് ആരും ഉദാസീനന്മാരും നിരാശന്മാരും ആകേണ്ടതില്ല. പല തുള്ളി കൂടിയാൽ പെരുവെള്ളമാകും. നിഷ്കളങ്കന്മാരും നിസ്വാൎത്ഥകൃത്യന്മാരും ആയ നേതാക്കന്മാരുടെ അഭ്യൎത്ഥന അരണ്യരോദനമായി പരിണമിക്കുവാൻ ഇടയില്ലല്ലോ.

സമുദായസേവകന്റെ ഉദ്ദിഷ്ടസാദ്ധ്യത്തിനുള്ള പുരോഗമനം പ്രായേണ നിൎബ്ബാധമായിരിക്കുന്നതല്ല. സേവനയജ്ഞത്തിനു് സമുദായസേവകനായ യജമാനൻ അഴിച്ചുവിടുന്ന ജീവിതാശ്വത്തെ ലോകത്തിന്റെ അജ്ഞത, അവിശ്വാസം, യാഥാസ്ഥിതികത, അസൂയ മുതലായ ശത്രുക്കൾ തടുത്തുനിൎത്തുവാൻ പ്രബലമായി പ്രവൎത്തിച്ചു എന്നു വന്നേക്കാം. അനേകംപേൎക്കു് ഇങ്ങിനെയുള്ള വിഷമഘട്ടങ്ങളിൽ സധൈൎയ്യം ആത്മത്യാഗംകൂടി ചെയ്യേണ്ടിവന്നിട്ടുണ്ടെന്നു ലോകചരിത്രത്തിന്റെ ഏതുഭാഗവും വിളംബരം ചെയ്യുന്നുണ്ടു്. എത്രതന്നെ ദുഷ്ക്കരമായാലും അന്തഃകരണമെന്ന രാജാവിന്റെ ആജ്ഞയനുസരിച്ചു ധീരധീരം പുരോഗമനം ചെയ്യുന്ന പുരുഷത്വമുള്ള നേതാക്കന്മാൎക്കു മാത്രമേ വിജയം ലഭിക്കുകയുള്ളു. റഷ്യയിലെ നേതാവായ ലനിൻ, സദുദ്ദേശ്യത്തോടുകൂടിയാണെങ്കിലും ചെയ്തിട്ടുള്ള ക്രൂരകൎമ്മങ്ങൾ നമുക്കു അനുകരണീയമല്ലെങ്കിലും, ആദരണീയമത്രെ. സ്വേച്ഛാപ്രഭുത്വത്തിന്റെ കാൽച്ചുവടിൽപ്പെട്ടു് ധനിക

ന്മാരായ പ്രഭുക്കളുടെ മർദ്ദനത്താൽ അവശമായിക്കിടന്നിരുന്ന റഷ്യയിലെ ജനസമുദായത്തെ സമഭാവന, പ്രയത്നശീലത, മുതലായ ഉൽകൃഷ്ടഗുണങ്ങളോടുകൂടിയതും സ്വതന്ത്രവും ആക്കിത്തീക്കുവാൻ അദ്ദേഹം എത്രമാത്രം പ്രയത്നിച്ചു. ഇതരരാജ്യക്കാരുടെ അസൂയാകലുഷമായ നിരൂപണത്തിരകളോ സ്വദേശത്തുതന്നെ ഉണ്ടായിരുന്ന പ്രതിബന്ധച്ചുഴികളോ കത്തവ്യബോധം കഴുക്കോൽകുത്തിയിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തോണിയെ മറിച്ചുകളയുകയുണ്ടായില്ല. തന്മൂലം ആ മഹാപുരുഷന്റെ ഉദ്ദേശം സാധിതപ്രായമായിത്തീന്നു. അനാചാരങ്ങളെ ലംഘിക്കുന്നതിനോ പരിഷ്കാരങ്ങൾ വരുത്തുന്നതിനോ യത്നിക്കുന്ന ഏതു സംസ്കൃതഹൃദയനായ സമുദായനേതാവിനും, ക്രൂരകമ്മങ്ങളിലൊഴികെ, ലെനിൻ ആദരണീയനായിരിക്കുന്നതാണ്.

കത്തവ്യബോധമായിരിക്കണം നമ്മെ സമുദായസേവനത്തിന് പ്രചോദിപ്പിക്കുന്നതു്; പരന്മാരുടെ മുഖത്തുനിന്നു ചൊരിയുന്ന പ്രശംസാപുഷ്പങ്ങളുടെ സുഗന്ധത്തിൽ ഉള്ള ആഗ്രഹം ആയിരിക്കരുതു്. ധമ്മാചരണത്തിൽനിന്നുതന്നെ ഹൃദയത്തിനു ലഭിക്കുന്ന സമാധാനവും സംതൃപ്തിയും മാത്രമേ സമുദായാരാധകൻ കാംക്ഷിക്കുവാൻ പാടുള്ളു. അന്യന്മാർ സ്തുതിച്ചാലും ദുഷിച്ചാലും ഞാൻ എന്റെ കൃത്യം—എന്റെ അന്തഃകരണത്തിന്റെ ആജ്ഞ—ചെയ്യും എന്നു പരിഷ്കൃതഹൃദയനും സ്വാത്ഥരഹിതനും ആയ ഏതു സമുദായപ്രവത്തകനും ദൃഢമായി ഉറക്കട്ടെ. നേതൃത്വമല്ലാ സേവനമാണ് സ്വകൃത്യമെന്നു വിശ്വസിക്കട്ടെ. അവനെ സമുദായം നേതാവാക്കും. അവന്റെ ശബ്ദം എല്ലാവരും കേൾക്കും.

വിരഹി.

(ഹാഫിസ്.)

വസന്തകാലമായ് വനജപംക്തികൾ,
ലസൽപനിനിർപ്പൂ, ലളിതമല്ലിയും,
വിടന്നെഴുന്നല്ലോ പൊടിയിൽനിന്നു; നീ
കിടക്കുവാനെന്തിപ്പൊടിക്കടിക്കയേ!

തറയിൽനിന്നിനി ത്തവ വദനവും
പുറപ്പെട്ടുവോളം മധുരദശ്നേ,
ചുടലമേൽനിന്ന യടച്ചിരിക്കുന്ന
തടവറയ്ക്കുമേൽ മദക്ഷിയുഗ്മവും
ചൊരിയട്ടെ ബാഷ്പകണങ്ങളുജ്ജ്വ-
ലിതവാസന്ത നീരമുകിൽ പോലെ!

ജി ശങ്കരക്കുറുപ്പ്.

---

* ആധുനികവിദ്യാഭ്യാസം.

നമ്മുടെ ഇന്നത്തെ നില ഏററവും അസ്വസ്ഥമായ ഒന്നാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. രാഷ്ട്രീയകാൎയ്യങ്ങളുടെ ഗതി ആലോചിക്കുമ്പോൾ ഭാവി ഊഹിക്കുവാൻപോലും പാടില്ലാത്തവിധത്തിൽ സംശയഗ്രസ്തമായിത്തീൎന്നിരിക്കുന്നു. സാമുദായികവിപ്ലവങ്ങൾ ഒരു ഭാഗത്തും സാമ്പത്തികമായ കുഴപ്പങ്ങൾ വേറൊരു ഭാഗത്തും ലോകത്തെ ബലവത്തരമായി ബാധിച്ചിട്ടുണ്ടു്. ഇതിന്നിടയിൽ സാഹിത്യമോ ശാസ്ത്രമോ ഏതാണു മുന്നോട്ടു പോകേണ്ടതു് എന്നുള്ള കാൎയ്യവും എല്ലാവരുടെയും ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്നു. ലോകം മുഴുവൻ വ്യാപിച്ചിട്ടുള്ള ഈ അസ്വസ്ഥത നീക്കുവാൻ വിദ്യാഭ്യാസത്തിനു മാത്രമേ സാധിക്കയുള്ളു. വിദ്യാഭ്യാസത്തിന്റെ ശക്തി അത്രമാത്രം മഹത്തരമാണു്. ഗുരുതരവും അസമാധാനജനകവുമായ ഈ വിപ്ലവങ്ങളെ ഉന്മൂലനംചെയ്തു് ലോകത്തിൽ അഭിനവമായ പ്രകാശം ഉളവാക്കുവാൻ അതിനുമാത്രമേ സാധിക്കയുള്ളു. അങ്ങനെയുള്ള ഒരു ഭാരത്തെ വഹിക്കുവാൻ അതിന്റെ മാറു് അത്രത്തോളം വിപുലമാണു്. തൊഴിലില്ലായ്മയ്ക്കും ശരിയായ ഒരു പരിഹാരമാൎഗ്ഗം വിദ്യാഭ്യാസംതന്നെ.

ഈ സന്ദൎഭത്തിൽ വിദ്യാൎത്ഥികളുടെയും അദ്ധ്യാപകന്മാരുടെയും ചുമതല ഏററവും ഗൌരവമുള്ളതാണു്. എന്നാൽ വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന കാലദൈൎഘ്യവും അദ്ധ്യാപകന്മാരുടെ അവശതകളും ആലോചിക്കുമ്പോൾ ഇക്കാൎയ്യം എങ്ങിനെ നിൎവ്വഹിക്കപ്പെടുമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പുരുഷായുസ്സെന്നു ഗണിക്കപ്പെട്ടിട്ടുള്ള നൂററിരുപതു സംവത്സരംകൊണ്ടും ആധുനികവിദ്യാഭ്യാസം കേവലം പൂൎത്തിയാകുമെന്നു തോന്നുന്നില്ല. കാലക്ഷേപംതന്നെ ദുസ്സഹമെന്നു തോന്നുന്ന ഇക്കാലത്തു് ഉപാദ്ധ്യായന്മാരും ഈ വിഷയത്തിൽ എത്രത്തോളം ബദ്ധശ്രദ്ധന്മാരായിരിക്കുമെന്ന കാൎയ്യവും കണ്ടറിയേണ്ടതുതന്നെ. ഇപ്രകാരമുള്ള ഓരോ വിഷമഘട്ടത്തിൽപ്പെട്ടു് അദ്ധ്യാപകന്മാരും വിദ്യാൎത്ഥികളും ഒരുപോലെ കുഴങ്ങുന്നതുകണ്ടു ചില മഹാശയന്മാർ അതിനെപ്പററി ആലോചിച്ചുതുടങ്ങി. പഴയ സമ്പ്രദായമനുസരിച്ചു കുട്ടികളെ വിദ്യാഭ്യാസംചെയ്യിച്ചുകൊണ്ടുപോകുന്നപക്ഷം മേൽ പ്രസ്താവിച്ച കുഴപ്പങ്ങൾക്കു യാതൊരു കുറവും കാണുന്നതല്ലെന്നും പ്രയോജനകരവും നൂതനവുമായ ഏതെങ്കിലും ഒരു മാൎഗ്ഗം കണ്ടുപിടിച്ചു വിദ്യാഭ്യാസസമ്പ്രദായത്തെ പരിഷ്കരിക്കണമെന്നും അവർ ലോകത്തെ അറിയിച്ചു. ഈ മഹാശയന്മാരിൽ ഒരാളായ

* ഫെറായി യൂണിയൻ ഹൈസ്കൂൾ രജതജൂബിലിയെ സംബന്ധിച്ചു കൂടിയ പൊതുയോഗത്തിൽ മി. എം. രാമവൎമ്മതമ്പാൻ ചെയ്ത പ്രസംഗത്തിന്റെ സംക്ഷേപം.

എറ്റ്ഗറസ്സൽ കുട്ടികളുടെ കാര്യത്തെപ്പററി തിരക്കിത്തുടങ്ങി. തൽഫലമായി അദ്ദേഹം കണ്ടുപിടിച്ച ചില സംഗതികൾ ഇവിടെ വിവരിക്കുന്നു.

ഒന്നാമതായി കുട്ടികളുടെ സ്വഭാവം പരിശോധിക്കുക. അവരുടെ വാസനക്കും പ്രകൃതിക്കും അനുരൂപമായി ഹൃദയത്തിൽ വിഭിന്നവും വിശിഷ്ടവുമായ പല സ്വഭാവങ്ങളും അന്തർല്ലീനമായിക്കിടപ്പുണ്ട്. ഒരു പ്രകാരമുള്ള സ്വഭാവങ്ങളുടെ വളർച്ചക്ക് ഉപോൽബലകമായി വിദ്യാഭ്യാസരീതിയെ ക്രമപ്പെടുത്തണം. ആ സ്വഭാവവിശേഷങ്ങളെ ഹനിക്കുന്നതരത്തിലുള്ള വിദ്യാഭ്യാസം കുട്ടിയുടെ ഉള്ളിൽ പ്രതിഷ്ഠിച്ച് വളൎന്നുവരുന്ന ആ സസ്യത്തിന്റെ കൂമ്പ് നുള്ളാതിരിക്കുക. ചുരുക്കത്തിൽ കുട്ടിയുടെ വളർച്ചയ്ക്കുള്ള തടസ്സം മാററുവാനാണ് അദ്ദേഹം ഉപാദ്ധ്യായന്മാരോട് ഉപദേശിക്കുന്നത്. വിദ്യാൎത്ഥികളുടെ വാസനക്ക് അനുരൂപമായ വിദ്യയാണു നാം അവക്കു നൽകുന്നതെങ്കിൽ നിശ്ചയമായും ഒരു വിദ്യാൎത്ഥിയുടെ ജീവിതം ഇന്നത്തെപ്പോലെ വ്യൎത്ഥമായിത്തീരുകയില്ല.

രണ്ടാമതായി ബർട്രൻറ്ററസ്സൽ എന്ന മഹാൻ കുട്ടികളുടെ ഭയം മാററുവാൻ ഗുരുനാഥന്മാരെ ശാസിക്കുന്നു. സംസാരിപ്പാനും പ്രവൎത്തിപ്പാനും സൎവ്വോപരി ചിന്തിപ്പാനും ഉള്ള ഭയം ഇല്ലാതാക്കണം. ഇതാണ് ഏററവും പ്രധാനമായ ഒരു സംഗതി. ഭയം വിദ്യാൎത്ഥികളുടെ പുരോഗതിയെ തടയുന്നു. അവരിലുള്ള വാസനാജന്യമായ ചൈതന്യത്തെ പ്രതിരോധിക്കുന്നു. അവരെ ഭീരുക്കളാക്കുന്നു. അതിനാൽ അദ്ധ്യാപകന്മാർ അവരെ നിർഭയം വളരുവാൻ അനുവദിക്കണം. ഇക്കാൎയ്യം സുസാദ്ധ്യമാകണമെങ്കിൽ അദ്ധ്യാപകൻ പ്രായേണ വിശാലമനസ്കനായിരിക്കണം. ഭയം അഭിവൃദ്ധിയെ തടയുമെന്നും ഭാവിജീവിതത്തെ രൂപവൽക്കരിക്കുവാനുമുള്ള ശ്രമങ്ങളെ വിഫലമാക്കുന്നുവെന്നും അദ്ധ്യാപകന്മാർ അറിഞ്ഞിരിക്കേണ്ടതാണ്. മോൺടിസ്സോറി, ഡാൾട്ടൻ മുതലായവർ കുട്ടികളുടെ നിർവ്വിഘ്നമായ വളർച്ചയെ അനുസരിക്കയാണു ചെയ്യുന്നത്.

ഇനി ഇന്നത്തെ പരീക്ഷാസമ്പ്രദായത്തെക്കുറിച്ചാണ് എനിക്ക് അല്പം സംസാരിപ്പാനുള്ളത്. കുട്ടികളും അദ്ധ്യാപകന്മാരും പരീക്ഷാവിജയത്തിനുവേണ്ടി കഴിച്ചുകൂട്ടുന്ന പ്രയാസം അത്യന്തം പരിതാപകരംതന്നെ. വാസ്തവമാലോചിച്ചാൽ അവരുടെ ഈ ആശ മിഥ്യയാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇന്നത്തെ പരീക്ഷാജയവും ഉദ്യോഗലാഭത്തിനുള്ള നിരന്തരയത്നവും യുവജനങ്ങളുടെ ജീവിതം നിരാശാഗൎത്തത്തിലേയ്ക്കു തള്ളിയിടുവാനുള്ള ഉപായങ്ങളാണെന്ന് അനുഭവം പ്രത്യക്ഷമാക്കിക്കഴിഞ്ഞു. ഇയ്യിടെ പരീക്ഷ അവിതൎക്കിതമായ യോഗ്യത അറിയുന്നതിനുള്ള ഒരു യന്ത്രം മാത്രമാണെന്നും അതു് ഒരു വൻചതിയാണെ

നുമത്രെ ചില നിവേദനങ്ങളിൽനിന്നും അറിയുന്നതു്. അതേ, പരീക്ഷ ഒരു വൻചതിയാണു്! ഒരേ ഒരു പരീക്ഷകടലാസ്സ് ആറു പേർ നോക്കിയപ്പോൾ നല്പതു മുതൽ അറുപതുവരെ ശതമാനം മാർക്കിൽ വ്യത്യാസം കണ്ടിരിക്കുന്നു. മറ്റൊരു കടലാസ്സു നോക്കിയ ആൾതന്നെ പിന്നീടു പല പ്രാവശ്യവും അതു പരിശോധിച്ചപ്പോൾ മുപ്പതു മുതൽ അൻപതുവരെ വ്യത്യാസം കണ്ടിരിക്കുന്നു. ഇതിൽനിന്നും പരീക്ഷയുടെ അവിശ്വാസ്യത സ്പഷ്ടമാണല്ലോ. അതിനാൽ ഒരു വിദ്യാർത്ഥിയുടെ യോഗ്യത അറിയുന്നതിന്നു ഈ സമ്പ്രദായങ്ങളൊന്നും പര്യാപ്തമല്ലെന്നും മറെറന്തെങ്കിലും മാർഗ്ഗം കണ്ടുപിടിച്ചില്ലെങ്കിൽ വർദ്ധിച്ചുവരുന്ന കുഴപ്പങ്ങൾക്കു യാതൊരു ശമനവും ഉണ്ടാകയില്ലെന്നും നാം മനസ്സിലാക്കണം. പരീക്ഷയെ സംബന്ധിച്ച പല ആവലാതികളും അനുദിനം വർദ്ധിച്ചുവരുന്നു. ഈ പഴയ തോതുവെച്ചു വിദ്യാർത്ഥികളെ അളന്നു് അവരെ യഥാർത്ഥപൌരന്മാരാക്കിത്തിർക്കാമെന്നു വിചാരിക്കുന്നതിൽപരം അബദ്ധം മറെറാന്നുമില്ല. അതിനാൽ സാർവ്വത്രികവും സാർവ്വജനീനവുമായ അസ്വസ്ഥത കാട്ടുതീപോലെ പരക്കുന്ന ഇക്കാലത്തു വിദ്യാഭ്യാസത്തെ കാലാനുസൃതമായി പരിഷ്കരിച്ചു്, ഈ നിലയില്ലായ്മയ്ക്കു് ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിച്ചു നടപ്പിൽ വരുത്തേണ്ട ഭാരം വിദ്യാഭ്യാസാധികൃതന്മാരേയും വിശിഷ്യ അഭ്യസ്തവിദ്യരായ എല്ലാവരേയും ഏല്പിച്ചുകൊള്ളുന്നു.

പണ്ഡിതർ എൻ. കുമാരമേനോൻ.

ജമിന്ദാർഭവനത്തിലെ മോഷണം.

(ഒരു ചെറുകഥ.)

I

സ്നാനാനുഷ്ഠാനങ്ങളും മററും കഴിഞ്ഞു്, 'രാമാനന്ദജി,' വിശ്രമാർത്ഥം സ്വഭവനത്തിയുടെ വരാന്തയിൽ ഇരിക്കയായിരുന്നു. അന്നത്തെ വർത്തമാനപത്രികയിൽ "ജെമിന്ദാർഭവനത്തിലെ മോഷണം" എന്ന തലക്കെട്ടിൽ സുദീർഘമായ ഒരു ലേഖനമുണ്ടായിരുന്നു. പ്രസ്തുത ലേഖനം അദ്ദേഹം വായിക്കാൻ തുടങ്ങിയപ്പോൾ, മായാപുരം പട്ടണത്തിലെ ജെമിന്ദാരായ "രമേശബാബു" അവിടെ വന്നുചേർന്നു.

"രാമാനന്ദജി!" രമേശബാബു ദ്രുതഗതിയിൽ പറഞ്ഞു:—"നിങ്ങൾ എൻെറ വീടുവരെ ഒന്നുവരണം. ഈ മൂന്നു ദിവസങ്ങളായി അവിടെ എന്തെല്ലാം മോഷണം നടക്കുന്നു. പഠിച്ച വിദ്യ പതിനെട്ടും ഉപയോഗിച്ചു നോക്കിട്ടും, എനിക്കു കള്ളനെ പിടികിട്ടുന്നില്ല. അതിനാൽ നിങ്ങൾ അവിടംവരെ ഒന്നു വരികതന്നെ വേണം."

രാമാന—"ബാബുജി ഇരിക്കണം. എന്താ ഇത്ര ധൃതി?"

രമേശ—"എന്താ ഇത്ര ധൃതിയെന്നോ? കൊള്ളാം! "ഈററുനോവിന്റെ പരമാൎത്ഥമൊക്കെയും, പെററ പെണ്ണുങ്ങൾക്കുതന്നേയറിയാവൂ!" എന്നു നിങ്ങൾ കേട്ടിട്ടില്ലേ? പതിനായിരം രൂപയോളം വിലപിടിക്കുന്ന ആഭരണങ്ങൾ കാണാതെ പൊയ്ക്കഴിഞ്ഞു."

രാമാന—"പോലിസ്സിലറിവു കൊടുക്കാത്തതെന്തു്?"

രമേശ—"ഈ രണ്ടു ദിവസങ്ങളായി, പോലിസ്സുകാർ അവിടെ കുത്തിയിരിക്കയാണ്. തടിമാടന്മാർ! തിന്നു പള്ള വീർപ്പിക്കുന്നതിനല്ലാതെ വേറെയൊന്നിനും അവരെക്കൊണ്ടു കൊള്ളുകയില്ല."

രാമാന—"എന്നിട്ടും ഒരു തുമ്പും കിട്ടിയില്ലെന്നോ?"

രമേശ—"ആ ഉറക്കംതൂങ്ങികൾക്കുണ്ടോ തുമ്പുകിട്ടുവാൻ പോകുന്നു? നമുക്കു പിന്നെ സംസാരിക്കാം. വരിക! നമുക്കു പോകാം!"

രാമാന—"ഞാനെന്തു ചെയ്യട്ടെ? എനിക്കു കമ്മീഷണരദ്ദേഹത്തിന്റെ വീടുവരെ ഒന്നു പോകേണ്ടിയിരിക്കുന്നു. അതിനാൽ ഇന്നു വരാൻ സാധിക്കയില്ല. നാളെ രാവിലെ കൃത്യം ഏഴുമണിക്കു ഞാനവിടെ എത്തിക്കൊള്ളാം. മോഷണം പോയ സാമാനങ്ങൾ വച്ചിരുന്ന മുറി അടച്ചു ഭദ്രമായി സൂക്ഷിക്കുക. അവിടെ യാതൊരു ഭേദഗതിയും വരുത്തരുതു്. മനസ്സിലായോ?"

രമേശ—"അതൊക്കെ ഞാൻ ചെയ്തുകഴിഞ്ഞു. നാളെ രാവിലെ നിശ്ചയമായിട്ടും അവിടെ വന്നുചേരുമല്ലോ?"

രാമാന—"നിശ്ചയമായിട്ടും വരാം. ഞാൻ വരുന്നുണ്ടെന്നുള്ള കാൎയ്യം ആരേയും അറിയിക്കരുതേ."

രമേശ—"ആരേയും അറിയിക്കയില്ല. എന്നാൽ ഞാൻ പോകുന്നു. നാളെ നിശ്ചയമായിട്ടും വരുമല്ലോ!"

രാമാന—"വരാം!"

II

രമേശബാബുവും, പത്നിയും, സ്നേഹിതന്മാരും കാലത്തെ ഭക്ഷണത്തിനിരുന്നു. അന്നത്തെ സംഭവത്തെപ്പററിയായിരുന്നു അവരുടെ സംഭാഷണം.

"ഇക്കാൎയ്യം നിങ്ങൾ രാമാനന്ദജിയെ അറിയിച്ചോ? അദ്ദേഹം എപ്പോൾ വരും? ഇന്നു വരുമോ?'' എന്നിങ്ങനെ അനേകംപേർ ബാബുവിനോടു ചോദിച്ചുതുടങ്ങി.

രമേശ—"രാമാനന്ദജിയെ ഞാൻ കണ്ടു. അദ്ദേഹം വേറെ എന്തോ ജോലിയിൽ ഏർപ്പെട്ടിരിക്കയാണ്. അതിനാൽ അദ്ദേഹം എപ്പോൾ വന്നുചേരുമെന്നു് എനിക്കറിഞ്ഞുകൂടാ!"

തത്സമയം അവിടെ സുരേന്ദ്രബാബുവും വന്നുചേൎന്നു. ഇദ്ദേഹം ജെമിന്ദാർ രമേശബാബുവിന്റെ പുത്രിയായ 'വിമല'യുടെ ഭൎത്താവായ 'സോമനാഥന്റെ' പിതാവാണ്. ജെമിന്ദാർ ഇദ്ദേഹത്തെ ഹൃദയപൂൎവ്വം സ്വാഗതം ചെയ്തു കാപ്പിയും പലഹാരവും മററും കൊണ്ടുകൊടുത്തു സല്ക്കരിച്ചു.

ഭക്ഷണത്തിനിരിക്കുന്നതിനു മുമ്പായി സുരേന്ദ്രബാബു മുഖം കഴുകുവാനായിപ്പോയി. പെട്ടന്ന് അദ്ദേഹം സ്വപുത്രനെ കാണുകയും, "സോമനാഥാ! ഇവിടെ അടിക്കടി ഉണ്ടാകുന്ന മോഷണങ്ങളെപ്പററി നിനക്കു വല്ലതുമറിയാമോ" എന്നു ചോദിക്കയും ചെയ്തു.

സോമ—"വളരെ കഷ്ടംതന്നെയാണച്ഛാ! മിക്കവാറും എല്ലാ മോഷണങ്ങളും ഞാൻ ഇവിടെ താമസം തുടങ്ങിയതിനു ശേഷമാണ് നടന്നുവരുന്നത്."

സുരേന്ദ്ര—"അതാണ് മകനെ അതിലും കഷ്ടം! ഞാൻ നിന്നെ ഇവിടെ അയച്ചതുതന്നെ മോശമായിപ്പോയി എന്നാണ് ഞാൻ പറയുന്നത്."

സോമ—"അച്ഛന് ദ്രവ്യനഷ്ടം ഉണ്ടാകാതിരുന്നെങ്കിൽ, അച്ഛൻ എന്നെ ഇവിടെ അയയ്ക്കുകയില്ലായിരുന്നു എന്നെനിക്കറിയാം. ഉന്നത വിദ്യാഭ്യാസാൎത്ഥം ഞാൻ നാലഞ്ചുകൊല്ലം ഫ്രാൻസിൽ ചെന്നു താമസിച്ചു. അതാണ് അവിടത്തേയ്ക്കു് ഈ പണക്കുഴപ്പങ്ങളെ ഉണ്ടാക്കിവെച്ചതെന്ന് എനിക്കു നല്ലപോലെ മനസ്സിലാകുന്നുണ്ട്."

സോമനാഥനെ ഗാഢമായി ആശ്ലേഷിച്ചതിനു ശേഷം, സുരേന്ദ്രബാബു ഭക്ഷണത്തിനിരുന്നു.

III

സായാഹ്നം. ജെമിന്ദാർ, ബന്ധുമിത്രാദികളുമായി കാപ്പികുടിക്കാനിരിക്കയായിരുന്നു. പെട്ടെന്ന് അവിടെ സുപ്രസിദ്ധ ഡിറ്റക്ടീവായ രാമാനന്ദജി വന്നുചേൎന്നു. ജെമിന്ദാർ, അദ്ദേഹത്തെ അവിടെയിരുന്നവരുമായി പരിചയപ്പെടുത്തി.

താമസംവിനാ എല്ലാവരും കാപ്പികുടിക്കാനാരംഭിച്ചു. മായാപുരത്തിലെ ശീതോഷ്ണാവസ്ഥ, ഗതാഗതസൌകൎയ്യങ്ങൾ, മോട്ടോർവാഹനങ്ങളുടെ ബാഹുല്യം, തന്മൂലം നേരിടുന്ന അപകടങ്ങൾ എന്നിവയെപ്പററി അവർ സംസാരിച്ചുതുടങ്ങി.

സോമ—ഫ്രാൻസിൽ മോട്ടോർ അപകടങ്ങൾ വളരെ കുറവാണ്. അവ അശേഷം ഇല്ലാതാക്കാൻ അവിടത്തെ പോലീസുകാർ ഒരു നല്ല വഴി കണ്ടുവച്ചിട്ടുണ്ട്."

രാമാന—"എന്താണത്? പറയൂ! കേൾക്കട്ടെ!"

സോമ—"അവിടെ റോഡിന്റെ ഇരുവശങ്ങളിൽക്കൂടിയേ മനുഷ്യൎക്കു സ

ഞ്ചരിക്കാവൂ. മദ്ധ്യഭാഗം വാഹനങ്ങളുടെ ഗമനാഗമനങ്ങൾക്കു മാത്രമായിട്ടാണ് ഒഴിച്ചിട്ടിരിക്കുന്നതു്. വല്ലവരും അതിനു വിപരീതമായി പ്രവത്തിക്കുകയും, വല്ല അനിഷ്ടസംഭവങ്ങൾ ഉണ്ടാകുകയും ചെയ്യുന്നപക്ഷം, കോടതി അതിനു് ഉത്തരവാദിത്വം വഹിക്കുകയില്ല. എന്താ? നല്ല വഴിയല്ലേ?"

രാമാന—"ഇത്രയൊക്കെയിരുന്നിട്ടും, അവിടെ മോഷണങ്ങൾക്കും, കൊലപാതകങ്ങൾക്കും മററം യാതൊരു കുറവുമില്ലെന്നാണ് കേൾവി. ഫ്രാൻസിലെ "സ്ലൈജിൻ" എന്ന തസ്കരപ്രമാണിയെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ?"

സോമ—"സ്ലൈജിൻ സ്വാമിപ്പ "സ്പൈഡർ നെപ്പോളിയൻ" എന്ന അപരനാമത്താൽ അറിഞ്ഞുവരുന്ന വേറൊരുവനവിടെയുണ്ടു്. അവനെയാണ് അവക്കധികം ഭയം."

സംഭാഷണം ഇങ്ങനെ കുറെ അധികം നേരം നീണ്ടുനിന്നു. ഒടുവിൽ "ഇനി ഞാൻ എൻെറ ജോലിനോക്കട്ടെ," എന്നു പറഞ്ഞുകൊണ്ടു് രാമാനന്ദജി എഴുന്നേററു.

ജെമിന്ദാരും, അദ്ദേഹത്തിൻെറ പത്നിയായ "സുമംഗലയും," രാമനന്ദജിയുമൊഴിച്ചു ബാക്കിയുള്ളവരെല്ലാം "പത്മവിലാസത്തിലെ" വിശാലോദ്യാനങ്ങളിൽ നടന്നുതുടങ്ങി. അവർ മൂന്നുപേരും നേരേ മോഷണം നടന്ന മുറിയിലേയ്ക്കു നടകൊണ്ടു.

രാമാന—"ഇനി പറയുക! ഇന്നലെ ഈ മുറിയിൽ നടന്ന സംഗതികളൊക്കെ വിശദമായി പറയുക!"

സുമംഗ—"ഞാൻ ഇന്നലെ ഇവിടെ വന്നുചേന്നപ്പോൾ നേരം അദ്ധരാത്രിയായിക്കാണും. അതിയായ ക്ഷീണം തോന്നിയതിനാൽ എൻെറ ആഭരണങ്ങൾ ഒരു പട്ടുസഞ്ചിയിൽ ഇട്ടു്, ആ മേശക്കകത്തു സൂക്ഷിച്ചുവച്ചു് കിടന്നുറങ്ങി."

രാമാ—'നിങ്ങൾ മേശ പൂട്ടുകയുണ്ടായോ? ആലോചിച്ചു നോക്കുക.'

സുമംഗ—'സാധാരണമായി മേശയുടെ താക്കോൽ മേശയുടെ പുറത്തു വച്ചിരിക്കയാണ് പതിവു്. എന്നാൽ ഇന്നലെ അതു് തൽസ്ഥാനത്തു കണ്ടില്ല. അതുകൊണ്ടു ഞാൻ മേശ പൂട്ടിയില്ല. എന്നാൽ ഉടൻതന്നെ കതകിൻെറ താക്കോൽ ഞാൻ കണ്ടു. കതകു് നല്ലപോലെ അടച്ചു പൂട്ടിയതിനു ശേഷമാണു ഞാൻ കിടന്നുറങ്ങിയതു്.'

രാമാന—'ആ ജനാലയോ? അതുമടച്ചിരുന്നോ?'

സുമംഗ—'അതും നല്ലപോലെ ബന്ധിച്ചു കൊളുത്തിട്ടിരുന്നു.'

രാമാന—'നിങ്ങൾ വിവാഹത്തിനു പോയി, തിരിച്ചുവരുമ്പോൾ, നിങ്ങളുടെ കൂടെ വേറെ വല്ലവരുമുണ്ടായിരുന്നോ?'

സുമംഗ—'എന്റെ സഖിയും കൂടെയുണ്ടായിരുന്നു.'

രാമാന—'അവരും ഈ മുറിയിലാണോ ഉറങ്ങിയതു്?'

സുമംഗ—"അല്ലാ! എന്നെ ഇവിടെ കൊണ്ടാക്കിയതിനുശേഷം അവൾ അടുക്കളയിലാണു ചെന്നു കിടന്നതു്. എത്ര നിർബ്ബന്ധിച്ചിട്ടും അവൾ ഇവിടെ കിടന്നില്ല."

രാമാന—'ശരി! ശേഷം കേൾക്കട്ടെ!'

സുമംഗ—"വിളക്കണെച്ചതിനുശേഷം, ഞാൻ കിടന്നു. ഉടൻതന്നെ ഉറങ്ങുകയും ചെയ്തു."

രാമാന—"ഉറക്കത്തിൽ വിളിച്ചാൽ നിങ്ങൾക്കു വിളി കേൾക്കാമോ?

സുമംഗ—"കേൾക്കാം! എന്നാൽ ഇന്നലെ ഞാൻ വളരെ ക്ഷീണിച്ചിരുന്നു. അതുകൊണ്ടു് എനിക്കു തീരെ ഓൎമ്മയില്ലായിരുന്നു."

രാമാന—"ഇന്നു രാവിലെ എണീററപ്പോൾ, നിങ്ങൾക്കു വല്ല സുഖക്കേടും തോന്നിയോ?"

സുമംഗ—"ഇല്ലാ! എന്നാൽ കുറെ തലവേദനയുണ്ടായിരുന്നു."

"അതു മതിയല്ലോ!" എന്നു പറഞ്ഞുകൊണ്ടു്, സുമംഗല കിടന്നിരുന്ന ശയ്യയെ സമീപിച്ചു്, അതിലുണ്ടായിരുന്ന തലയിണ മണപ്പിച്ചു നോക്കി."

രാമാന—"ബാക്കി കേൾക്കട്ടെ!"

സുമംഗ—"എന്റെ കൂടെ വന്നിരുന്ന ആ ഭൃത്യയാണ് എന്നെ രാവിലെ ഉറക്കത്തിൽ നിന്നെണീപ്പിച്ചതു്. എണീററ ഉടൻതന്നെ ഞാൻ ആഭരണസഞ്ചിയെടുക്കാനായി മേശ തുറന്നു. സഞ്ചി അവിടെ കണ്ടില്ല. ഞാൻ അമ്പരന്നു നിന്നുപോയി. അല്പസമയത്തിനുശേഷം ഈ മുറി മുഴുവൻ ഞാൻ പരിശോധിച്ചു.

രാമാന—"നിങ്ങളുടെ ഭൃത്യ എന്തു ചെയ്തുകൊണ്ടിരിക്കയായിരുന്നു?"

സുമംഗ—"അവളും ഓരോ മുക്കിലും, മൂലയിലും നോക്കുകയായിരുന്നു."

രാമാന—"ഇടയിലവൾ വേറെയെങ്ങാനും പോയോ?"

സുമംഗ—"ഇല്ലാ! അതിവിശ്വസനീയയായ ഒരു സ്ത്രീയാണ് അവൾ."

രാമാന—"ഇരിക്കട്ടെ! പിന്നീടെന്താണ് നടന്നതു്?"

സുമംഗ—'താമസിയാതെ ഇദ്ദേഹം ഇവിടെ വന്നു്, മുറിയുടെ കതകടച്ചു പൂട്ടുകയും, നിങ്ങളെ വിവരമറിയിക്കയുമാണ് ചെയ്തതു്.

രാമാന—"നിങ്ങൾ ഉറക്കത്തിൽ എണീററു നടക്കുകയോ, മററോ ചെയ്യുമോ?"

സുമംഗ—"ഇല്ല!"

രാമാന—"എന്നാൽ മുറി ഒന്നുകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. മി: ബാബു! നിങ്ങളും വരിക."

IV.

രാമാനന്ദജി നേരെ ജനാലയുടെ സമീപത്തു ചെന്നു. കമ്പിയഴികളും മററും അദ്ദേഹം സൂക്ഷിച്ചുനോക്കി. പിന്നിട്ട് കതകിൽ തൂക്കിയിട്ടിരുന്ന താക്കോലും അദ്ദേഹത്തിൻെറ ദൃഷ്ടികൾക്കു വിഷയീഭവിച്ചു. അദ്ദേഹം പറഞ്ഞു—'രമേശബാബു! ഇതാ നോക്കൂ! ഈ താക്കോലിൻെറ തല നല്ലപോലെ ഉരഞ്ഞിരിക്കുന്നു. ഇല്ലേ? എന്തൊരുമിനുമിനുപ്പ്? വേറൊരു കമ്പിയുമായി ഇതു് ഉരഞ്ഞിട്ടുണ്ടെന്നു നല്ലപോലെ മനസ്സിലാക്കാം."

രമേശ—"വാസ്തവം തന്നെ!"

രാമാന—"ബാബു! ഇനി എനിക്കു നിങ്ങളുടെ പൂന്തോട്ടത്തിൽ ഒന്നു പോകേണ്ടിയിരിക്കുന്നു. അതിനാൽ ഒരു നല്ല കൂട്ടുകാരനെ ആവശ്യമുണ്ട്."

രമേശ—"സോമനാഥൻ വന്നാൽ പോരെ ?"

രാമാന—"മതി! വരിക! നമുക്കയാളുടെ മുറിവരെ ഒന്നു പോകാം."

അടുത്ത നിമിഷത്തിൽ അവർ സോമനാഥൻെറ മുറിയിൽ പ്രവേശിച്ചു. രണ്ടുപേരും ഓരോ കസേരയിൽ ഇരുന്നു. രാമാനന്ദജിയുടെ മുമ്പാകെ ഒരു മേശയും, അതിൻെറ പുറത്തു മേൽവിലാസത്തോടുകൂടിയ ഒരു കവറും ഉണ്ടായിരുന്നു. മേൽവിലാസം യാദൃച്ഛികമായി രാമാനന്ദജി കാണുകയും, ഉടൻതന്നെ ഒന്നു ഞെട്ടുകയും ചെയ്തു. താമസം വിനാ സോമനാഥനും വന്നുചേർന്നു.

"മി: സോമനാഥൻ! വെള്ളികൊണ്ടുണ്ടാക്കീട്ടുള്ള ആ ശ്രീകൃഷ്ണൻെറ രൂപം വളരെ ഭേഷായിരിക്കുന്നു." എന്നു പറഞ്ഞുകൊണ്ടു രാമാനന്ദജി ആ വിഗ്രഹത്തിൻെറ അടുത്തുചെന്നു. കുറേനേരം നല്ലപോലെ വീക്ഷിച്ചതിനുശേഷം ഇപ്രകാരംപറഞ്ഞു—"ഇതു വളരെ നന്നായിരിക്കുന്നു. വളരെ ഘനമുള്ളതുപോലെയും തോന്നുന്നുണ്ട്."

പിന്നിടദ്ദേഹം ആ രൂപത്തിൻെറ കഴുത്തിൽ കെട്ടിയിരുന്ന ഒരു പട്ടുചരടും തൊട്ടുനോക്കി.

V.

വേഗം രാമാനന്ദജിയും, സോമനാഥനും തോട്ടത്തിലേയ്ക്കു നടകൊണ്ടു. ഒന്നുരണ്ടു നാഴിക കഴിഞ്ഞിട്ടേ അവർ തിരിച്ചെത്തിയുള്ളു. ഉടൻതന്നെ അത്താഴത്തിനില വെച്ചു. എല്ലാവരും ഭക്ഷണത്തിനിരുന്നു,

ഭക്ഷണാനന്തരം എല്ലാവരും പൂമുഖത്തു ചെന്നിരിപ്പായി. അന്നു മായാപുരത്തു 'കുസുമകുമാരി' എന്ന സുപ്രസിദ്ധയായ ഒരു നർത്തകി വന്നിട്ടുണ്ടായിരുന്നു. പത്മവിലാസത്തു വെച്ചാണു് അവളുടെ അന്നത്തെ നർത്തനം. ആയതിനാൽ പത്മവിലാസം താമസംവിനാ ജനാവലിയാൽ നിബിഡമായി.

കുസുമകുമാരി വന്നുചേൎന്നു. നർത്തനമാരംഭിച്ചു. പൊടുന്നനെ രാമാനന്ദജി ജമിന്ദാരെ വിളിച്ചു് ഇപ്രകാരം ഉണൎത്തിച്ചു:— 'ബാബു! ഈ നർത്തകി ഇന്നിവിടെത്തന്നെ താമസിക്കട്ടെ! കള്ളന്മാർ ഇന്നിവളെ പിൻതുടരുകയാണെന്നു തോന്നുന്നു.'

രമേശ—"അതിനെന്തു്? ഇവിടെത്തന്നെ താമസിച്ചോട്ടേ!"

രാമാന—"മതി! എന്നാൽ എനിക്കു് ഇന്നു സുരേന്ദ്രബാബുവിൻെറ സഹായംകൂടി ആവശ്യമുണ്ടു്."

VI.

സുരേന്ദ്രബാബുവും രാമാനന്ദജിയും വിളക്കണച്ചു.

രാമാന—"ബാബുജി! നോക്കുക. ആ മുറിയാണു് നർത്തകിക്കായിട്ടു് ഒഴിച്ചിട്ടിരിക്കുന്നതു്. താമസിയാതെ ഇവിടെ കള്ളനും വന്നുചേരും. ഉടൻതന്നെ നിങ്ങൾ അവനെ പിടിച്ചുകെട്ടണം. നിലവിളിക്കാൻപോലും അനുവദിക്കരുതു്."

... ...

നേരം അൎദ്ധരാത്രിയായി. സകല ജീവരാശികളും സുഖസുഷുപ്തിയിൽ ലയിച്ചു. പത്മവിലാസത്തിൽ യാതൊരനക്കവുമില്ല. രാമാനന്ദജിയും സുരേന്ദ്രബാബുവും ശ്വാസോച്ഛ്വാസംപോലും ചെയ്യാതെ കള്ളൻെറ വരവും കാത്തു നിശ്ചലരായി നില കൊണ്ടു. പെട്ടെന്നു മുഖം മൂടിയിരുന്ന ഒരുവൻ അവിടെ പ്രത്യക്ഷനായി. അയാൾ നർത്തകിക്കായി ഒഴിച്ചിട്ടിരുന്ന മുറിയുടെ മുമ്പിൽ എത്തി. തൻെറ കയ്യിലുണ്ടായിരുന്ന ഒരു ആയുധം അവൻ പൂട്ടിനുള്ള ദ്വാരത്തിൽകൂടി ഇട്ടു; സാവധാനത്തിൽ ഒന്നു തിരിച്ചു. കതകു പതുക്കെ തന്നത്താൻ തുറന്നുതുടങ്ങി. കള്ളൻ മുറിക്കകത്തു് ഒരു കാലെടുത്തു വെച്ചു. പെട്ടന്നു സുരേന്ദ്രബാബു, ഒരൊററ ചാട്ടത്തിൽ അവൻെറ കഴുത്തിൽ പിടികൂടി. അരനിമിഷത്തിനകം അവൻ മൂൎച്ഛിച്ചു നിലംപതിച്ചു.

തസ്കരൻെറ ശരീരവും വഹിച്ചുകൊണ്ടു, രാമാനന്ദജിയും, സുരേന്ദ്രബാബുവും അവരുടെ മുറിയിലെത്തി. സാവധാനത്തിൽ അവർ ഭാണ്ഡം താഴെയിറക്കി. അവൻെറ മുഖാവരണം മാററിയതിനു

ശേഷം രാമാനന്ദജി പറഞ്ഞു—"ബാബുജി! ഇതേവരെ ഇവിടെയുണ്ടായിട്ടുള്ള മോഷണങ്ങൾക്കെല്ലാം കാരണഭൂതൻ ഇതാ നമ്മുടെ കയ്യിലകപ്പെട്ടുകഴിഞ്ഞു."

സുരേന്ദ്ര—"ആൾ ആരാണെന്നു നിങ്ങൾക്കു മനസ്സിലായോ?"

രാമാന—"പറയാം! നിങ്ങൾക്കു കേട്ടുകൊണ്ടിരിക്കാൻ തക്ക ധൈര്യമുള്ളപക്ഷം പറയാം!"

സുരേന്ദ്രബാബു ആശ്ചര്യഭരിതനായി താഴെയിരുന്നു. രാമാനന്ദജി പറഞ്ഞുതുടങ്ങി—"ബാബുജീ! സോമനാഥൻ—നിങ്ങളുടെ പുത്രൻ തന്നെയാണു കള്ളൻ." ബാബുജി അമ്പരന്നുനിന്നുപോയി. രാമാനന്ദജി കുറെ വെള്ളം കൊണ്ടുവന്നു സോമനാഥന്റെ മുഖത്തു തെളിച്ചു. അയാൾക്കു ക്രമേണ ബോധംവന്നു. വേഗം അവർ മൂന്നുപേരും സോമനാഥന്റെ മുറിയിലേയ്ക്കു നടകൊണ്ടു.

VII

സോമ—"അച്ഛാ! എന്റെ ഈ അപരാധത്തിന് എനിക്കു മാപ്പു തരണെ!"

സുരേ—"സോമനാഥാ! അതൊക്കെ പിന്നെയാവട്ടെ! പറയു, ഇതിന്റെയൊക്കെ അർത്ഥമെന്തു്?"

രാമാന—"ബാബു! സമാധാനത്തോടിരിക്കുക. ഞാൻ പറയാം. കേട്ടുകൊൾക."

സുരേ—"വേഗം പറയു."

രാമാന—"തന്റെ ഉന്നതവിദ്യാഭ്യാസമാണു, തന്റെ പിതാവിന് ഇത്ര വലിയ ദ്രവ്യനഷ്ടത്തെ ഉണ്ടാക്കിയതെന്നു സോമനാഥനറിയാം. നിങ്ങൾ ആർക്കെല്ലാമോ കടം കൊടുപ്പാനുണ്ടെന്ന. സംഗതിയും അയാൾ മനസ്സിലാക്കിക്കഴിഞ്ഞു. നിങ്ങളെ താമസിയാതെ വാറണ്ടുശിപായിമാർ വന്നു പിടികൂടുമെന്ന വസ്തുതയും അയാൾ എങ്ങിനെയോ ധരിച്ചിട്ടുണ്ടു്. വല്ലവിധത്തിലും അവരുടെ കൈകളിൽനിന്നു നിങ്ങളെ രക്ഷപ്പെടുത്തണമെന്നാണയാളുടെ ആഗ്രഹം. ആ ആഗ്രഹം—അതേ, ആ നിർവ്യാജമായ പിതൃസ്നേഹം—മാത്രമാണു സോമനാഥനെ ഇതിലേയ്ക്കു പ്രേരിപ്പിച്ചതു്."

സുരേന്ദ്ര—"ഹാ! കഷ്ടം!! ചികിത്സയാണല്ലോ, ഇവിടെ രോഗത്തേക്കാൾ മഹാ കഷ്ടമായിരിക്കുന്നതു്! അതു പോട്ടെ! സോമനാഥൻതന്നെയാണു കള്ളൻ എന്നു നിങ്ങളെങ്ങിനെ മനസ്സിലാക്കി?"

രാമനാ—"സോമനാഥൻ, "സ്പൈഡർ നെപ്പോളിയൻ" എന്ന തസ്കരപ്രമാണിയുമായി ഇന്നും എഴുത്തുകുത്തു നടത്തിവരുന്നുണ്ടെന്ന കാര്യം,

അയാൾ എഴുതിവെച്ചിരുന്ന ഒരു കവറിൽനിന്ന് എനിക്കു മനസ്സിലായി. ആ തസ്കരപ്രമാണി കതകും മററും തുറക്കുന്നത് എപ്രകാരമാണെന്നും മററും സോമനാഥൻതന്നെ എന്നോട് പറകയുണ്ടായി. ഞാൻ ഇന്നു സുമംഗല കിടന്നിരുന്ന മുറിയിലെ താക്കോൽ സൂക്ഷിച്ചുനോക്കിയപ്പോൾ, അപ്രകാരമാണ് ആ കതകു തുറക്കപ്പെട്ടിരിക്കുന്നതെന്ന സംഗതി ഞാൻ ഊഹിച്ചു"

സുരേ—"സുമംഗലയ്ക്കു ഉറക്കത്തിൽ നല്ല ബോധമുണ്ടല്ലോ! എന്നിട്ടും അവൾ തന്റെ മുറിയിൽ കാൽപെരുമാററം ഉള്ള വസ്തുത അറിഞ്ഞില്ലല്ലോ!"

രാമാന—"അതെങ്ങിനെ അറിയും? ആ സ്ത്രീയ്ക്കു സോമനാഥൻ "ക്ലോറോഫാം" കൊടുത്തു ബോധക്ഷയം വരുത്തിയതിന്നുശേഷമാണ കാര്യങ്ങൾ തുടന്നതു്.

സുരേ—"കതകു തുറക്കുന്നതുപോലും അവൾ അറിഞ്ഞില്ലല്ലോ,"

രാമാ—"എങ്ങനെ അറിയും? പറഞ്ഞില്ലേ? നോക്കുക! ഈ കരുകൊണ്ടു തുറക്കുന്നതായാൽ, യാതൊരു ശബ്ദവും ഉണ്ടാകുന്നതല്ല. ഈ കരുവാണ "സ്പൈഡർ നെപ്പോളിയ"നും കൂട്ടരും ഉപയോഗിച്ചുവരുന്നതു്."

സുരേ—"സോമനാഥാ! പറയുക! ഈ മോഷണം പോയ ആഭരണങ്ങളെല്ലാം നീ എവിടെയാണ വച്ചിരിക്കുന്നതു്?"

"അതും എനിക്കറിയാം." എന്നു പറഞ്ഞുകൊണ്ടു രാമാനന്ദജി ആ ശ്രീകൃഷ്ണന്റെ രൂപത്തിൽ കെട്ടിയിരുന്ന ആ പട്ടുചരടിനെ അഴിച്ചുകളഞ്ഞ്, അതിന്റെ തല സാവധാനത്തിൽ തിരിച്ചുതുടങ്ങി. ഉടൻതന്നെ ഒരു വലിയ ദ്വാരം അതിൽ കണ്ടു. അതിൽനിന്നു രാമാനന്ദജി മോഷണംപോയ സാമാനങ്ങളെയെല്ലാം എടുത്തു പുറത്തിട്ടു.

സുരേ—'രാമാനന്ദജി! ഇക്കാര്യം—എന്റെ മകൻ കള്ളനാണെന്നുള്ള കാര്യം—ആരോടും പറയരുതെ! എന്റെ മാനത്തെ ദയാപൂർവ്വം രക്ഷിക്കണെ!"

രാമാന—"ഛീ: ബാബു! നിങ്ങൾ പേടിക്കേണ്ടാ! ഞാൻ വേണ്ടതുപോലെ ചെയ്തുകൊള്ളാം!"

VIII

തസ്കരനെ പിടികിട്ടാഞ്ഞതിനാൽ രാമേശ്വരബാബു അത്രമാത്രം സംതൃപ്തനായില്ലെങ്കിലും, കളവുപോയ ആഭരണങ്ങൾ കിട്ടിയതോർത്തു വളരെ സന്തോഷിച്ചു. അദ്ദേഹം രാമാനന്ദജിയെ ഒരു നൂറാവർത്തി പ്രശംസിച്ചു. രാമാനന്ദജി അദ്ദേഹത്തിനു വന്ദനം പറഞ്ഞു പിരിയാൻ തുടങ്ങിയപ്പോൾ അവിടെ, സോമനാഥനുള്ള ഒരു കമ്പിയുമായി, എഴുത്തു

കാരൻ വന്നുപോന്നു. 500 രൂപാ ശമ്പളത്തിൽ സോമനാഥനെ ഒരു ഉദ്യോഗസ്ഥനാക്കിയിരിക്കുന്നു എന്നറിഞ്ഞ് എല്ലാവരും സന്തോഷഭരിതരായി, താമസംവിനാ, രാമാനന്ദജിയും വന്ദനം പറഞ്ഞു പിരിഞ്ഞു.

ശുഭം.

എൻ. ആർ. സ്വാമി.

“രാവല്ലേ മതി ഭീതി, പൂന്തനു തൊടാ-
താത്മാധികേ, രാധികേ,
കാർവണ്ടാർകുഴൽ ചിക്കി മാല തിരുകി-
ബ്ബന്ധിപ്പനെന്നോതവേ,
പൂവൽപുഞ്ചിരി തൂകി നമ്രമുഖിയായ്
മൌനാനുവാദത്തൊടാ-
ലാവണ്യക്കടൽ നിന്ന നിൽപ്പു സകരും
കണ്ണന്റെ കണ്ണാശ്രയം!” ജി.

സ്വപ്നോത്ഥിതൻ.

(തുടർച്ച)

യുവാവ്.

സ്വേച്ഛാപ്രഭുത്വം?

സ്വ: സ്വത്ത്.

സ്വേച്ഛാപ്രഭുത്വമല്ലേ ഇതു്? രാത്രി വളരെ വൈകി വീട്ടിൽവരുന്ന ഒരാളെ കാത്തുകൊണ്ടിരിക്കണമെന്നുള്ള നിബന്ധന.

യുവാവ്.

വീട്ടിലല്ലെങ്കിൽ പിന്നെ എവിടെയാണ് ആ മനുഷ്യൻ സന്ധ്യക്കു കഴിച്ചുകൂട്ടുന്നതു്?

സ്വ: സ്വത്ത്.

ക്ലബ്ബുകളിൽ. ശീട്ടുകളിക്കാനും. കുടിക്കാനും, വേണ്ടാത്തതൊക്കെ പറയാനും.

പറയൂ സ്വേച്ഛാപ്രഭുത്വമല്ലേ ഇതു്? കുടിച്ചു മത്തനായി വീട്ടിൽ വരുന്ന മനുഷ്യന്റെ അസഭ്യവും അശ്ലീലവും ആയ “സംഭാഷണ”ത്തിന്നു ഒരു യന്ത്രമാംകീഭവിക്കപ്പെടുകയാണെങ്കിൽ!!

അതു സ്വേച്ഛാപ്രവൃത്തിയല്ല, പരമദുഷ്ടമായ സ്വേച്ഛാപ്രവൃത്തിയാണ് മാതൃത്വത്തിലേക്കു വലിയൊരു ഭാരമായി തള്ളിവിടുക കുട്ടികളെ,

പുരുഷന്മാരുടെ ആ മൃഗീയമായ അഭിലാഷത്തിന്റെ ദയനീയ ഫലങ്ങളായ കുട്ടികളോട്, സ്നേഹരഹിതമായും നിർദ്ദയമായും പെരുമാറുക, കേവലം മൃഗങ്ങളുടേയും, ഗൃഹോപകരണങ്ങളുടേയും കൂട്ടത്തിൽ കണക്കാക്കുക,—ഒരു സ്ത്രീയോടു കാണിക്കുന്ന സ്വേച്ഛാപ്രഭുത്വമല്ലേ ഇതു?

(അവൾ ഉറക്കെ കരയുന്നു.)

യുവാവ്.

എനിക്കു നിങ്ങളോടു വളരെ അനുകമ്പ തോന്നുന്നുണ്ട്, (കണ്ണു തിരുമ്മുന്നു, കോട്ടുവായിടുന്നു; നിവരുന്നു.)

സ്വഃ സ്വത്ത്.

ബാക്കിയുള്ളവരോടു തോന്നുന്നതുപോലെ എനിക്കു നിങ്ങളോടും തോന്നുന്നുണ്ട് സഹതാപം. അബലയായ ഒരു സ്ത്രീയുടെ വാക്കു ഓർമ്മയിരിക്കട്ടെ. സ്ത്രീക്കുവേണ്ടി ഒരു ചങ്ങല പുരുഷൻ രചിക്കുമ്പോൾ പത്തു ചങ്ങല അവൻ അവനുവേണ്ടി രചിക്കുന്നു. അവൻ അവളെ അബലയാക്കി. പക്ഷെ ആ ബലഹീനത—ചിലപ്പോൾ, ഒരു ഉറുമ്പ് ആനയെ വിറപ്പിക്കുന്നതുപോലെ—അതു വരുത്തിക്കൂട്ടിയ ശക്തിയെത്തന്നെ വിറപ്പിക്കുന്നു. ഏറിയ കാലമായി അവൾ ചവുട്ടിത്താഴ്ത്തപ്പെട്ടവളായിട്ട്. എന്നാൽ അവളുടെ മൂകമായ സന്താപത്തിനു ഭയങ്കരമായവിധത്തിൽ ധർമ്മം സമാധാനം പറയുന്നുണ്ട്. സമയത്തോടു ആജ്ഞാപിച്ചുകൊണ്ടു എവിടെയോ നിശ്ശബ്ദങ്ങളായ രണ്ടു കൈകൾ നിൽക്കുന്നുണ്ട്. വലതുകയ്യിൽ നീതിയുടെ നിശിതഖഡ്ഗം. ഇടതുകയ്യിൽ നിരാധാരന്റെ പാണിതലം. സമയം വരുമ്പോൾ ആ വാളു ഒരു വീശ്. നിരാധാരൻ വിജയാലിംഗിതനാവും.

(അവൾ പോകുന്നു. കൃഷിയും നൂൽചക്രവും പ്രവേശിക്കുന്നു.)

യുവാവ്.

ഇവർ പുരാണനഗരത്തിൽ നിന്നാണല്ലോ. എത്ര സ്നേഹത്തോടു കൂടിയാണു അവർ എന്നെ നോക്കുന്നതു്?

വിസ്കി.

ഇവിടെനിന്നോടിക്കെടാ അവറ്റെ! കണ്ടില്ലേ കയറിവരുന്നതു?

അധഃപതനം.

അവറ്റയ്ക്കു ആരനുവാദം കൊടുത്തു ഇങ്ങോട്ടുകയറിവരാൻ? ഓ! ഇതു നമ്മുടെ ഭ്രാന്തൻകവി കൃഷി. അവൻ പാടുകയാണു് വയലുകളെപ്പറ്റി, പുഴകളെപ്പറ്റി, പുൽക്കൊടികളെപ്പറ്റി, തവളകളെപ്പറ്റി, ചീങ്കകളെപ്പറ്റി!

പ്ര: മന്ത്രി.

പോകട്ടെ അവൻ പുറത്തു!

ആ: വിദ്യാഭ്യാസം.

നൽചക്രം അവന്റെ ഭാര്യ—ഒരു വായാടിക്കിഴവി. വാരയെപ്പറ്റിയാണു അവളുടെ സംസാരം മുഴുവനും. മുഷിപ്പൻ!

പ്ര: മന്ത്രി.

പോരെങ്കിൽ അപരിഷ്കൃതന്മാരും.

കൃഷി.

എന്റെ ഹരിതമായ കരലം നിങ്ങൾക്ക്.

നൽചക്രം.

നിങ്ങൾക്കു എന്റെ ശുഭ്രമായ അഭിവന്ദനം.

വിസ്കിയും അധഃപതനവും

പോ! പുറത്ത്!!

പ്ര: മന്ത്രി.

വഷളന്മാർ രണ്ടെണ്ണം.

ആ: വിദ്യാഭ്യാസം.

ഒരു പൈശാചികമായ വിവാഹബന്ധം.

(നിർദ്ദയമായി അവരെ ഓടിക്കുന്നു.)

(മറെറാരു ഭാഗത്തുനിന്നു ക്ഷാമം സന്തോഷത്തോടുകൂടി ചാടി വീഴുന്നു.)

യുവാവ്.

ഒരെല്ലൻ! അവൻ ആടുന്നതു നോക്കു.

പ്ര: മന്ത്രി.

ഈ രാജ്യത്തു സാധാരണ കാണാറുള്ളവനാണ് അവൻ. അവനാണു സുപ്രസിദ്ധനായ നത്തകൻ.

യുവാവ്.

അവന്റെ ചുവന്ന നാവു്! എനിക്കു പേടിയാവുന്നു. തീയുപോലെ കിടന്നു ജ്വലിക്കുന്നു അതു്.

ക്ഷാമം.

ഇവററ രണ്ടെണ്ണമില്ലാത്ത ദിക്കിൽ നമ്മുടെ വിളയാട്ടം. അവിടെ നമ്മുടെ കന്നലാട്ടം. ഈ നശിച്ചരണ്ടെണ്ണത്തിനെ കാണാതിരുന്നാൽ മതി.

(പുറത്തുനിന്നു ചാടിക്കളിക്കുന്നു.)

യുവാവ്. (ഉറക്കം തൂങ്ങിക്കൊണ്ടു്.)

ഹാവൂ! എന്തൊരുറക്കമാണു വരുന്നതു്? ഇവനാരാണു്?

പ്ര: മന്ത്രി.

ഇവനോ, ക്ഷാമം.

(വർത്തമാനം പറഞ്ഞുകൊണ്ടു രണ്ടു ബ്രാഹ്മണർ പ്രവേശിക്കുന്നു)

ബ്രാഹ്മണർ.

പ്രഭോ, ഞങ്ങൾ അനുഗ്രഹിക്കുന്നു. ഞങ്ങൾ ബ്രാഹ്മണരാണ്. ഞങ്ങൾക്കു മാത്രമേ വേദവും ശാസ്ത്രവും അറിയാവൂ. സ്മൃതി കാണാപ്പാഠമാണ്.

യുവാവ്.

എന്താണു നിങ്ങളുടെ വയറു ഇത്ര വീർത്തിരിക്കുന്നത്?

ഒന്നാം ബ്രാഹ്മണൻ.

പ്രഭോ, അല്ലാതെന്താ പിന്നെ?

രണ്ടാം ബ്രാഹ്മണൻ.

ഞങ്ങൾ ദേവാലയത്തിലെ പുരോഹിതന്മാരാണ്.

ഒന്നാം ബ്രാഹ്മണൻ.

ഈശ്വരന്റെ ശരീരം ഞങ്ങൾതന്നെ. ഈശ്വരാരാധനത്തിനു വരുന്ന ജനങ്ങളുടെ വഴിവാടുകളെല്ലാം ഭക്ഷിപ്പാൻ ഞങ്ങളാണ്. മുപ്പത്തുമുക്കോടി ദേവന്മാരുടേയും, അവരുടെ മേലാളിയായ ഈശ്വരന്റേയും ഉദരങ്ങളുടെ അധികാരികൾ ഞങ്ങളല്ലേ? അതുകൊണ്ടുതന്നെയാണ് ഞങ്ങൾ ഇത്രവലിയ കുടവയറന്മാരായത്.

യുവാവ്.

ധീരന്മാർതന്നെ.

രണ്ടാം ബ്രാഹ്മണൻ.

പണ്ടൊക്കെ ഞങ്ങൾ ദ്വിജന്മാരാണെന്നാണ് വെച്ചിരുന്നത്. പക്ഷെ, കാലംകൊണ്ട്, ഞങ്ങളുടെ പരമമായ പരിശുദ്ധിനിമിത്തം മൂന്നും നാലും തവണ ജനിച്ചവരായിത്തീർന്നിട്ടുണ്ട്. പത്തുതവണ പിറന്നവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്.

ഞങ്ങളുടെ വേദങ്ങൾ ഉൽഘോഷിക്കുന്നു ഈശ്വരൻ എല്ലാത്തിലുമുണ്ടെന്ന്. മേഘത്തിൽ, വയലിൽ, സപ്തസമുദ്രങ്ങളിൽ, മയിലിൽ, പൂവിൽ, ചളിയിൽ, മിന്നാമിനുങ്ങിൽ, രത്നത്തിൽ, നിഴലിൽ, കഴുകനിൽ, മഞ്ഞിൽ, ചൂടിൽ, നക്ഷത്രത്തിൽ, പക്ഷിയൽ, പന്നിയിൽ .

(സർപ്പദഷ്ടനായ ഒരു പറയൻ പ്രവേശിക്കുന്നു.)

പറയൻ.

(രംഗത്തിൽ വീഴുന്നു) രക്ഷിക്കണേ, രക്ഷിക്കണേ, ഒരു കരിമ്പാമ്പു എന്നെക്കടിച്ചു.

ബ്രാഹ്മണർ.

പുറത്താക്കു അവനെ. അവൻ മലിനനാണ്, താണ ജാതിക്കാരനാണ്, മാലിന്യമാണ്.

യുവാവ്.

നിങ്ങൾ പറയുന്നില്ലേ ദൈവം എല്ലാത്തിലും ഉണ്ടെന്ന്? നക്ഷത്രത്തിലും പന്നിയിലും?

ബ്രാഹ്മണർ.

ഞങ്ങൾ നിയമത്തെ തെളിയിക്കുവാനുള്ള ഒരു വ്യത്യാസത്തോടുകൂടി അതു അവസാനിപ്പിക്കുവാൻ പോകുകയായിരുന്നു. ആ താണജാതിക്കാരനായ ആത്മീയരോഗം ആണ് ആ വ്യത്യാസം. അവന്റെ നിഴലുമതി തൊടുന്നതിനെയെല്ലാം അശുദ്ധമാക്കാൻ, അവന്റെ നിഴലിൽനിന്നും 50 നാഴിക അകലെ ഈശ്വരൻ ഓടിപ്പോകുന്നു. ഞങ്ങൾ ഐത്തമായി, ഐത്തമായി.

(പുറത്തേക്കു ഓടുന്നു.)

(യുവാവ് ഉറക്കം തുങ്ങുന്നു.)

പ്ര: മന്ത്രി.

നിങ്ങളെ ഞാൻ സഹായിക്കാം ജ്ഞാനസ്നാനത്തിനു സമ്മതിച്ചാൽ.

പറയൻ.

മോശംതന്നെ നിങ്ങളുടെ മതം. മരിക്കുവാൻ പോകുന്നവനു കൈക്കുളി കൊടുക്കത്തക്കനിലയിൽ അത്ര താഴ്ന്നതാണെങ്കിൽ

(ആത്മീയശക്തി പ്രവേശിക്കുന്നു.)

(അരമന ദീപോജ്ജ്വലമാകുന്നു.)

യുവാവ്.

(ആത്മീയശക്തിയെ പൂണ്ടുകാണിച്ചിട്ട്.)

ആ വിളക്കു ദയചെയ്തു അടുത്ത മുറിയിലേയ്ക്കു കൊണ്ടുപോകാമോ? എന്റെ കണ്ണു ചിന്നുന്നു അതിന്റെ വെളിച്ചംകൊണ്ട്. കണ്ണിനു വലിയ ശല്യം. എനിക്ക് ഉറക്കം വരുന്നു.

(പ്ര: മന്ത്രി; ആധുനികവിദ്യാഭ്യാസം; വിസ്കി; അധഃപതനം; എല്ലാവരും അത്ഭുതത്തിന്റെ മുമ്പിൽ ചെന്നു നമസ്കരിക്കുന്നു.)

(ആത്മീയശക്തി.)

നിങ്ങൾക്കു ധൈര്യമുണ്ടായല്ലോ കൃഷിയേയും നൂൽചക്രത്തേയും ഈ ഗൃഹത്തിൽനിന്നു പടികടത്തുവാൻ! അവർ മടങ്ങിവന്ന് ഈ ആസന്നമരണനെ രക്ഷിക്കട്ടെ.

(ക്ഷാമം ഉറക്കെ നിലവിളിച്ചുകൊണ്ടു രംഗത്തിൽകൂടി ഓടുന്നു.)

ക്ഷാമം.

ഇവനെന്റെ പനി തീക്കും. എന്റെ തുള്ളൽ തീക്കാൻ വന്നിരിക്കുകയാണ് ഇവൻ. എന്നെ നിഷ്കാസനം ചെയ്യുവാൻ അയ്യോ! (ഓടിപ്പോകുന്നു.)

(കൃഷിയും നൽചക്രവും പ്രവേശിക്കുന്നു.)

ആത്മീയശക്തി.

ഇവന്റെ മോഹാലസ്യം തീക്കു. ഇവനെ പാമ്പു കടിച്ചിരിക്കുന്നു. ഒരു കറുത്ത പെരുമ്പാമ്പ്—അനാത്മവാദം. ഈ യുവാവിനെ ആ പുരാണനഗരത്തിലെ ഗൃഹത്തിൽ കൊണ്ടുപോയാക്കു.

(തിരശ്ശീല വീഴുന്നു. ശംഖധ്വനി ഭേരി.)

രംഗം 3.

പുരാണനഗരത്തിലെ ഒരു ഗൃഹത്തിന്റെ അന്തർഭാഗം.

(രംഗവിധാനം പ്രഥമരംഗത്തിലെപ്പോലെത്തന്നെ. ഉഷസ്സിനു മുമ്പുള്ള ഇരുണ്ട സമയം. ഒന്നാംരംഗത്തിൽ നാം കണ്ടതുപോലെ യുവാവു കിടന്നുറങ്ങുന്നു.)

പരിഷ്കാരം.

ഈ ചെറുപ്പക്കാരൻ വളരെനേരം കിടന്നുറങ്ങി. ഈ അന്തരീക്ഷം ഒരു നൂററാണ്ടോളം ഈ കൊട്ടക്കാററിൽ കഴിച്ചുകൂട്ടി എന്നാണു തോന്നുന്നതു്. (കോഴി കൂകുന്നു.) എന്തു്? കോഴി കൂകുകയോ? അതായതു രാത്രി അവസാനിച്ചു. അല്ലെങ്കിൽ അതാവില്ല. ചിലപ്പോൾ ഉഷസ്സാണെന്നു തെററിദ്ധരിച്ചു വൈകുന്നേരവും കോഴി കൂകാറുണ്ടു്. ഒരു സാധുവായ ഭാവികഥകൻ! എന്താണെന്റെ ദേഹം വല്ലാതെ വിറക്കുന്നതുപോലെ തോന്നുന്നതു്? എന്തൊരു തണുപ്പ്! അതു കടിക്കുന്നു. എന്റെ രക്തം ഉറച്ചുപോകുന്നു. വായുവിൽ പ്രഭാതത്തിന്റെ കുളിർമ്മയുണ്ടു്. അതായതു ഞാൻ പോകണം. ഇപ്പോഴും ഹാ! എന്റെ ഹൃദയം എങ്ങിനെ തുടിക്കുന്നു!

(വാതില്ക്കൽ ഒരു മുട്ട്: ഒരു മൃദുവായ ശബ്ദം) വാതിൽ തുറക്കണേ! വാതിൽ തുറക്കണേ!

പരിഷ്കാരം.

ആരാണതു്? വെള്ളിയോടക്കുഴൽ വിളിക്കുന്ന ആ കാററുതന്നെയാവണം. എന്താണു ഞാനിങ്ങനെ വിറക്കുന്നതു? കഷ്ടം. എന്റെ പനിനീർപ്പൂവു വാടുന്നു. വളരെ വേഗം വാടുന്നു.

ശബ്ദം.

വാതിൽ തുറക്കണേ? വാതിൽ തുറക്കണേ!

പരിഷ്കാരം.

ഇതു് ഒരു അസാധാരണമായ ശബ്ദം. എന്നെ എന്തോ ഒന്നു പിടിച്ചുവലിക്കുന്നുണ്ടു്, പ്രേരിപ്പിക്കുന്നുണ്ടു, വാതിൽ തുറക്കുവാൻ.

(വാതിൽക്കൽ ചെന്നു് അതു തുറക്കുന്നു. ഒരു വലിയപ്രകാശം ഉള്ളിൽ പ്രവേശിക്കുന്നു. ആ ചെറിയ മനുഷ്യൻ ആത്മീയശക്തി പ്രവേശിക്കുന്നു.)

നിങ്ങളാരാണു്?

ആത്മീയശക്തി

ഞാനോ, ആത്മീയശക്തി.

പരിഷ്കാരം.

എന്നു വെച്ചാൽ?

ആത്മീയശക്തി:

അതൊരുസാധനം. ബോമ്പിനേക്കാളും 'മെഷിൻഗണ്ണി'നേക്കാളും ബലമുള്ളതു്.

പരിഷ്കാരം.

തീച്ചയായും നീ കുടിച്ചിട്ടുണ്ടു്. അല്ലെങ്കിൽ നിനക്കു ഭ്രാന്താണു്.

ആത്മീയശക്തി.

ശരി, രണ്ടും.

പരിഷ്കാരം.

എന്നാൽ വീട്ടിന്നു പുറത്തു്.

ആത്മീയശക്തി.

അതു് അസാദ്ധ്യമാണു്.

പരിഷ്കാരം.

നിന്നെ ഞാൻ ആട്ടിയോടിക്കും.

അത്മീയശക്തി.

നിങ്ങളെക്കൊണ്ടാവില്ല.

പരിഷ്കാരം.

എനിക്കു കഴികയില്ലെന്നോ നിൻെറ വിചാരം?

ആത്മീയശക്തി.

എനിക്കറിയാം നിങ്ങൾക്കു കഴികയില്ലെന്നു്. കാരണം, കാലത്തിന്മേൽ ലോകസൌന്ദൎയ്യത്തെ വികസിപ്പിക്കുന്നവനാണു് ഞാൻ. എവിടെയും എന്തിലുമുണ്ടു് ഞാൻ. പൂവിൽ, മലയിൽ, ആകാശത്തിൽ, കൊടുങ്കാററിൽ, പ്രേമപൂൎണ്ണമായ ഹൃദയത്തിൽ, എന്തിനു്? കോപതപ്തമായ ഹൃദയത്തിൽക്കൂടി!

പരിഷ്കാരം.

പോ പുറത്തു്! എന്നെ പേടിയില്ലേ നിനക്കു്?

ആത്മീയശക്തി.

നിങ്ങളെയോ?

പരിഷ്കാരം.

ഈ ഇരമ്പൻ കൈകളെ?

ആത്മീയശക്തി.

എന്റെ കളിപ്പാട്ടങ്ങളാണവ.

പരിഷ്കാരം (ഉന്മാദത്തോടുകൂടി ചിരിച്ചിട്ടു്.)

എന്റെ ചെറിയമനുഷ്യാ ..... കള്ളാ!

ആത്മീയശക്തി.

ഞാൻ കള്ളൻതന്നെ. തള്ളവിരലിനേക്കാൾ കൂടും വലുതല്ല.

പരിഷ്കാരം.

നി എന്റെ ശക്തിയെ ഭയപ്പെടുന്നില്ലേ?

ആത്മീയശക്തി.

നിങ്ങളുടെ ശക്തിയാണു് ദൌർബ്ബല്യം.

പരിഷ്കാരം.

നിനക്കറിയാമോ ഈ കറുത്ത ഉടുപ്പിനുള്ളിൽ എന്തൊരു ഹൃദയമാണു മറച്ചുവെച്ചിട്ടുള്ളതെന്നു്?

ആത്മീയശക്തി.

ഓഹോ! — ഒരു സ്വേച്ഛാപ്രഭുവിന്റെ — അതുകൊണ്ടു, ഒരു ഭീരുവിന്റെ...........

പരിഷ്കാരം.

അതേയ! അങ്ങിനെയാണോ നി പറയുന്നതു്. എന്നാൽ ഇതു ഇരിക്കട്ടെ!

(ആത്മീയശക്തിയെ അടിക്കുവാൻ ഭാവിക്കുന്നു. അടി വായുവിൽ പതിയുന്നു.)

ആത്മീയശക്തി.

സ്നേഹിതാ, നിങ്ങൾ നിങ്ങളുടെ അഭിമാനത്തെ ശപ്പിപ്പെടുത്തുക മാത്രമാണു ചെയ്യുന്നതു്.

പരിഷ്കാരം.

നിന്നെ കാണരുതു് ഇവിടെ.... നഗ്നൻ, അപരിഷ്കൃതൻ.

ആത്മീയശക്തി.

ഞാൻ നഗ്നനാണു്. അങ്ങിനെയാണു വൃക്ഷങ്ങളും, മേഘങ്ങളും, രത്നങ്ങളും, സത്യവും.

പരിഷ്കാരം.

ഞാൻ സത്യമാണല്ലോ—ഞാൻ നഗ്നനല്ല.

ആത്മീയശക്തി.

നിങ്ങൾ സത്യമാവാൻ നിവൃത്തിയില്ല. ആഡംബരമയൻ!

പരിഷ്കാരം.

ഞാൻ സത്യമാണ്. ഞാൻ, പരിഷ്കാരം.

ആത്മീയശക്തി.

മൂടുപടം ധരിച്ച അസത്യമാണ് പരിഷ്കാരം പ്രകൃതിവിരുദ്ധം, കാടൻമട്ട്.

പരിഷ്കാരം.

എന്റെ ക്ഷമ പരിക്ഷിക്കേണ്ട.

ആത്മീയശക്തി.

നിങ്ങൾക്കു ക്ഷമയില്ല പരീക്ഷിച്ചുനോക്കുവാൻ.

പരിഷ്കാരം.

എന്റെ ചെറിയമനുഷ്യാ, ഞാൻപറയുന്നു ... എന്നാൽ, ഇരിക്കട്ടെ ഇതു്.........

(അടിക്കുവാൻ ഭാവിക്കുന്നു. ഇന്ദ്രജാലത്തിലെന്നപോലെ കൈ പിന്നോട്ടു ബന്ധിക്കപ്പെടുന്നു.) അയ്യോ! എനിക്കുതന്നെ പററി! എനിക്കു നിന്റെ കണ്ണുകളെ നോക്കുവാൻ വയ്യാ. സ്ഫടികകഠാരിപോലെ അവ എന്റെ ആത്മാവിൽ തറയ്ക്കുന്നു.

(യുവാവു കോട്ടുവായിടുന്നു; അനങ്ങുന്നു!)

ആത്മീയശക്തി.

നിങ്ങളുടെ ആത്മാവോ? ഒടുവിൽ നിങ്ങൾ അതു പറഞ്ഞുവല്ലോ! ഞാൻ പറയുന്നു നിങ്ങൾ നടാടെയാണു നിങ്ങളിലുള്ള ആ പ്രകാശമാനവും, വിശിതവും മൃദുവുമായ സാധനത്തെ, ആത്മാവിനെ സ്മരിക്കുന്നതു്. സന്തോഷം, വളരെ സന്തോഷം. പരിഷ്കാരം, നിങ്ങൾ ഒടുവിൽ ആത്മാവിനെപ്പററി അറിഞ്ഞുവല്ലോ.

പരിഷ്കാരം.

യുവാവു് ഇതാ അനങ്ങുന്നു.

ആത്മീയശക്തി.

ഇരുട്ടിന്റെ കറുത്ത തടാകത്തിൽ പ്രഭാതം ഒരു വെളുത്ത താമരപ്പൂപോലെ വികസിക്കുന്നു.

(പരിഷ്കാരം പോകുവാൻ ഭാവിക്കുന്നു.)

പരിഷ്കാരം.

ഞാൻ പോകണം...ഞാൻ പോകണം......എനിക്കിതു സഹിക്കുവാൻ വയ്യ.

ആത്മിയശക്തി.

വേണ്ട പോകണ്ട. ഞങ്ങളുടെ കൂടെത്തന്നെ നിന്നോളൂ. പക്ഷെ ഇത്തവണ ഒരു സ്നേഹിതനെപ്പോലെ; പുരാണനഗരത്തിലുള്ള പ്രേമത്തിൻെറ നിരാഡംബരമായ ഈ ഗൃഹത്തിൽ ദുർമ്മന്ത്രവാദം ചെയ്യുവാൻ വന്ന ഒരു മന്ത്രവാദിയെപ്പോലെയല്ല.

പരിഷ്കാരം.

അയ്യോ ഞാൻ പോകണം. എൻെറ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുവാൻ എവിടെയെങ്കിലും വല്ല ദിക്കിലെക്കും കടന്നുപോകണം. പ്രായശ്ചിത്തം ചെയ്യുവാൻ.

(പോകുന്നു.)

ആത്മീയശക്തി.

പരിഷ്കാരത്തിൻെറ മുഖംമൂടി തകൎന്നുപോയി.

(ഉച്ചത്തിൽ)

പിതാക്കളായ കൃഷിയും നൂൽച്ചക്രവും അകത്തേക്കു വരുവിൻ.

(അവർ പ്രവേശിക്കുന്നു.)

ഈ യുവാവിൻെറ നിദ്രാധീനങ്ങളായ നേത്രങ്ങളിൽ തൊട്ടു അയാളെ ഉണൎത്തു. (അവർ കുമ്പിട്ടു കണ്ണുതൊട്ടുണൎത്തുന്നു.)

യുവാവ് (ആത്മീയശക്തിയോട്) നിങ്ങളാരാണ്?

ആത്മീയശക്തി

പേടിക്കേണ്ട. നിങ്ങളുടെ നേതാവ്.

യുവാവ്

എവിടെ ഇന്ദ്രജാലക്കാരൻ? പുറത്തെ കൊട്ടകാററപോലെ ഇരുണ്ട വസ്ത്രം ധരിച്ചു അയാൾ എവിടെ?

ആത്മീയശക്തി

അയാളോടിപ്പോയി; വിളക്കു കൊളുത്തിയ വീട്ടിലെ അന്ധകാരം പോലെ.

യുവാവ്

അയ്യോ! എന്തൊരു ഭയങ്കരമായ ദുസ്വപ്നം! എന്നെ രക്ഷിക്കണേ.........രക്ഷിക്കണേ.......

ആത്മീയശക്തി.

പേടിക്കേണ്ട. അഭിചാരമന്ത്രത്തെ നിശ്ശേഷം നശിപ്പിച്ചു കളഞ്ഞു.

യുവാവ്.

സുന്ദരനായ ചെറിയമനുഷ്യാ, നിങ്ങളാരാണ്. നിങ്ങളുടെ കണ്ണുകളിൽ ഒരു പുതിയ പ്രഭാതം തിളങ്ങുന്നു. നിങ്ങളുടെ നെററിത്തടത്തിൽ സമാധാനത്തിന്റേയും പ്രേമത്തിന്റേയും ജ്വാലകൾ കാണുന്നു, ആരാണ് നിങ്ങൾ? ഞാൻ നിങ്ങളെ ഇഷ്ടപ്പെടുന്നു.

ആത്മീയശക്തി.

ഞാൻ ആത്മീയശക്തി.

യുവാവ്.

ശാന്തനായ ചെറിയമനുഷ്യാ, നിങ്ങളുടെ ദേഹം ഒരു പ്രാർത്ഥനയാകുന്നു. നിങ്ങളുടെ കരതലങ്ങളിൽ സ്വർഗ്ഗം ഒരു അസാധാരണമായ നീലപുഷ്പം പോലെ വികസിക്കുന്നു.

ആത്മീയശക്തി.

നിങ്ങൾ എന്നെ അനുസരിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ നല്ലവഴിക്കു നയിക്കാം.

യുവാവ്.

ഞാൻ നിങ്ങളെ ഇഷ്ടപ്പെടുന്നു. പറഞ്ഞോളൂ കേൾക്കട്ടെ.

ആത്മീയശക്തി.

ഞാൻ നിങ്ങൾക്കുവേണ്ടി വീണ്ടുംകൊണ്ടു വന്നിട്ടുള്ള ഈ രണ്ടു സിദ്ധന്മാരെ നിങ്ങൾ വിശ്വസിച്ചുകൊള്ളുക. നിങ്ങളുടെ വീട്ടിൽ അവക്കു ബഹുമാന്യമായ ആ പഴയസ്ഥാനം കൊടുക്കുക. കുട്ടികളുടേയും ഭൂമിയുടേയും നിത്യപിതാക്കളാണ് അവർ.

യുവാവ്.

(കൃഷിയോടും ചർക്കയോടും) എന്നെ അനുഗ്രഹിക്കണമേ.

ആത്മീയശക്തി. (ഉച്ചത്തിൽ)

അമ്മേ, പുത്രി, വരൂ, വരൂ നിങ്ങളുടെ ഭാഷ നിങ്ങൾക്കുതന്നെ വീണ്ടു നൽകപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ചങ്ങലകൾ നിങ്ങൾക്കുവേണ്ടി അതുണ്ടാക്കിയവരുടെ പാപപ്രക്ഷാളനത്തിനുള്ള കരുണയുടെ പുഴകളായി ഉരുകിയിരിക്കുന്നു.

(അമ്മയും യുവതിയും പ്രവേശിച്ചു തലകുനിക്കുന്നു.) അവരേയും അനുഗ്രഹിക്കു.

(ചർക്കയും കൃഷിയും അവരെ അനുഗ്രഹിക്കുന്നു) മായയുടെ കൺകെട്ടുവിദ്യകളിൽപെട്ടു വഴിപിഴക്കരുത്. മനസ്സിനെ സൂക്ഷിച്ചുകൊള്ളുക. ഐഹിക തൃഷ്ണയുടെ മാലിന്യത്തിൽനിന്നും അതിനെ രക്ഷിച്ചു

കൊള്ളുകം. എന്റെ ജോലികഴിഞ്ഞു. മഷ്പകളുടെ ശാവതത എന്നെ വിളിക്കുന്നു.

യുവാവ്.

പോവരുതേ! എന്നെ വിട്ടുപോവരുതേ!

ആത്മീയശക്തി.

ഞാൻ നിങ്ങളെ വിട്ടുപിരിയുന്നില്ല. നോക്കു, ഞാൻ എല്ലാത്തിന്റേയും നിശ്ശബ്ദതയിൽ അതായതു നിങ്ങളുടെ ഹൃദയത്തിൽ എല്ലാപ്പോഴും വസിക്കുന്നു. എന്നെ നിങ്ങൾ കാംക്ഷിക്കുന്നേടത്തോളം കാലം ഞാനാണ് ഹൃദയത്തിന്റെ ധവളമായ ഗോപുരദ്വാരത്തിൽ നിൽക്കുന്ന ആ ചെറിയമനുഷ്യൻ. (പോകുന്നു)

കൃഷി.

എന്റെ വസ്ത്രത്തിന്റെ പച്ചനിറത്തിലുള്ള നിഴൽ നിങ്ങളെ രക്ഷിക്കട്ടെ!

ചർക്ക.

ശുഭ്രമായ എന്റെ വസ്ത്രത്തിന്റെ കാന്തി നിങ്ങൾക്കു മാർഗ്ഗം തെളിയിക്കട്ടെ!

അമ്മ.

നൂൽചക്രം അതിന്റെ നിത്യധർമ്മം നിർവ്വഹിച്ചുകൊണ്ടു തിരിയുന്നേടത്തോളം കാലം പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, കുട്ടിയാകട്ടെ നഗ്നരായി നമ്മുടെ ഈ അത്ഭുതകരമായ പുരാണനഗരത്തിൽക്കൂടി അലയുവാൻ പാടില്ല.

യുവാവ്.

കൃഷിക്കാരൻ കൃഷിചെയ്യുന്നേടത്തോളം കാലം പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, കുട്ടിയാകട്ടെ നമ്മുടെ ഈ മനോഹരമായ പുരാണനഗരത്തിൽ ഉഴലുവാൻ പാടില്ല.

(അകലെനിന്നു ക്ഷേത്രത്തിലെ മണിനാദം. ഗാനം. മുതലായവ. തിരശ്ശീല വീഴുന്നു.)

രാജൻ.

"പ്രേമമില്ലിവനു ലേശമെങ്കിലും
നീ മദീയ സവിധത്തിൽ വാഴ്കവേ,
ഓമലേ, ഹൃദയദഗ്ദ്ധവല്ലിമേൽ
കോമളത്തളിർ കുരുപ്പതത്ഭുതം!"

ജി.

എനിക്കു കിട്ടിയ കത്തു്.

എന്റെ സ്നേഹിതൻ പരമേശ്വരൻ ഇഹലോകവാസം അവസാനിപ്പിച്ചിട്ടു് ഇന്നേയ്ക്കു കൊല്ലം നാലു തികഞ്ഞു. ഞാൻ അയാളെ ഒടുവിൽ കണ്ട സമയം—തൃശ്ശിവപേരൂരിൽവെച്ചു് ഒരു പൂരക്കാലത്താണെന്നു തോന്നുന്നു—ഞങ്ങൾ തമ്മിൽ പല വിഷയങ്ങളെപ്പററിയും സംസാരിക്കയുണ്ടായി. 'ഭൂമിയിൽനിന്നു ചന്ദ്രനിലേ'യ്ക്കുള്ള യാത്രയെ സംബന്ധിച്ചും, ചൊവ്വയിലെ പത്രപ്രവൎത്തനത്തെ അധികരിച്ചും എന്നുവേണ്ട പിതൃലോകത്തിലെ വിദ്യാഭ്യാസസമ്പ്രദായങ്ങളെക്കുറിച്ചുപോലും ഞങ്ങൾ അന്നു സംഭാഷണം നടത്തി. സാധു! പരമേശ്വരൻ!! പിന്നീടു കേട്ടതു് അയാൾ മരിച്ചുവെന്നാണു്. എനിക്കു കലശലായ വ്യസനമുണ്ടായി. പരമേശ്വരൻ എന്റെ കുട്ടിക്കാലം മുതല്ക്കുള്ള ചങ്ങാതിയാണു്. അയാളും ഞാനും തമ്മിലുള്ള മൈത്രി നാട്ടുകാരിൽ പലൎക്കും അസൂയ തോന്നിക്കത്തക്കവണ്ണം അത്ര ദൃഢതരമായ ഒന്നായിരുന്നു. പക്ഷേ പറഞ്ഞിട്ടെന്തു പ്രയോജനം? പരമേശ്വരൻ പോയ വഴിക്കു പോയി. ഇനിമേലിൽ അയാളുമായി സംസാരിക്കുവാനോ കത്തെടവാടുകൾ നടത്തുന്നതിന്നോ സാദ്ധ്യമാകുന്നതല്ലല്ലോ! അയാളുടെ പൊട്ടിച്ചിരി കേൾക്കുവാനോ ഉപദേശങ്ങൾ ലഭിക്കുവാനോ മാൎഗ്ഗമൊന്നുമില്ലെന്നാണല്ലോ ഇപ്പോൾ വന്നിരിക്കുന്നതു്? കമ്പിത്തപ്പാലും കമ്പിയില്ലാക്കമ്പിയും മരിച്ചുപോയവരെ സംബന്ധിച്ചേടത്തോളം കേവലം ഉപയോഗശൂന്യങ്ങൾതന്നെ. പിതൃക്കളുമായി പാശ്ചാത്യദേശങ്ങളിലെ ചില ശാസ്ത്രജ്ഞന്മാർ ആശയവിനിമയം ചെയ്യാറുണ്ടെന്നു വൎത്തമാനപത്രങ്ങളിലും പുസ്തകങ്ങളിലും വായിക്കാറുണ്ടെങ്കിലും ഈ നാട്ടിൽ ആരുംതന്നെ മരിച്ചവരെ കണ്ടിട്ടുള്ളതായോ അവരോടു സംസാരിച്ചിട്ടുള്ളതായോ ഞാൻ അറിഞ്ഞിട്ടില്ല. മറുലോകത്തെപ്പററി ചിന്തിക്കുന്തോറും ഞാൻ തമസ്സിൽ ആണ്ടു പോകയാണു ചെയ്യുന്നതു്. പിരിഞ്ഞുപോയ പരമേശ്വരൻ തിരിച്ചു വരുന്നതല്ല. കഷ്ടം! അയാളുടെ കയ്യിൽനിന്നു് ഒരു ചെറിയ കുറിപ്പെങ്കിലും കിട്ടിയിരുന്നെങ്കിൽ!! ഇപ്രകാരം വിചാരിച്ചുകൊണ്ടാണു് ഞാൻ അന്നു കിടന്നുറങ്ങിയതു്. പിററന്നാൾ എഴുന്നേററപ്പോൾ എന്റെ മേശപ്പുറത്തു് ഒരു എഴുത്തിരിക്കുന്നു. കൈയ്യക്ഷരം എനിക്കു ബഹു പരിചയം. എഴുതുവാൻ ഉപയോഗിച്ചിട്ടുള്ള മഷിയും കടലാസ്സും രണ്ടും സുപരിചിതങ്ങൾ തന്നെ. പക്ഷേ എഴുത്തെഴുതുന്ന സ്ഥലമോ ആളുടെ പേരോ യാതൊന്നുംതന്നെ അതിൽ പറഞ്ഞിരുന്നില്ല. ഭാഷാരീതിയും എഴുത്തിലെ വിഷയവും ആലോചിച്ചാൽ

അതു പരമേശ്വരന്റെ വകയാണെന്നു വിചാരിപ്പാനേ വഴി കാണുന്നുള്ളു. ആരുടേതാണെന്നു വായനക്കാർ നിശ്ചയിച്ചാൽ മതി. എഴുത്തിപ്രകാരമായിരുന്നു:—

"ഇവിടെ എത്തി വളരെ നാൾ കഴിയുന്നതിനു മുമ്പിൽതന്നെ ഞാൻ ജയിലിൽ പെട്ടുപോയതുകൊണ്ടാണ് എഴുത്തയപ്പാൻ താമസം നേരിട്ടതു്. ഇനിയെപ്പോഴെല്ലാമാണു ജയിലിൽ പോകേണ്ടിവരികയെന്നും പറവാൻ പ്രയാസം. ഇവിടെ ജയിൽവാസം കൂടക്കൂടെ വേണ്ടിവരുന്ന ഒരു കാൎയ്യമാണ്; സൎവ്വസാധാരണമായ ഒരു സംഗതിയാണ്. ഇപ്പറഞ്ഞതുകൊണ്ട് ഇവിടേയും ഒരു സത്യാഗ്രഹസമരം നടക്കുന്നുണ്ടെന്നും അയതിൽ "ഒരു നറുക്കു" ചേൎന്നിട്ടുള്ളതുകൊണ്ട് എനിക്ക് ഇടയ്ക്കിടെ ജയിൽവാസം ചെയ്യേണ്ടിവരുന്നതാണെന്നും ആരും സംശയിച്ചുപോകരുതു്. നിങ്ങളുടെ നാട്ടിൽ ജയിൽശിക്ഷ നൽകുന്നതിനുള്ള കാരണമല്ല ഇവിടെ ജയിൽശിക്ഷയ്ക്കുള്ളതു്. അവിടെ കുററക്കാൎക്കാണല്ലോ സാധാരണ ശിക്ഷ നൽകിവരുന്നതു്. ഇവിടെ കുററക്കാൎക്കല്ല, ദീനക്കാൎക്കാണ് ജയിൽശിക്ഷ വിധിച്ചു കാണുന്നതു്. ത്രിദോഷകോപങ്ങളെ അടിസ്ഥാനപ്പെടുത്തിട്ടാണ് ഞങ്ങളുടെ പീനൽകോഡു് രൂപവല്ക്കരിക്കപ്പെട്ടിട്ടുള്ളതു്. അതുകൊണ്ട് ഇവിടെ ജലദോഷത്തിനുപോലും ഒരു ദിവസത്തെ വെറുന്തടവു കൊടുത്തുപോരുന്നുണ്ട്. ഇവിടത്തെ ഏററവും ലഘുവായ ശിക്ഷ ഇതാണ്. ഇതു തുടങ്ങി ശിരച്ഛേദനം വരെയുള്ള ശിക്ഷകൾ ഇപ്പോൾ നിലവിലുണ്ട്. കുഷ്ഠരോഗികൾക്കു ജീവപൎയ്യന്തം തടവാണു നല്കിവരുന്നതു്. വധശിക്ഷ നിൎത്തൽ ചെയ്യേണ്ട കാൎയ്യത്തെപ്പററി ഇവിടെ ഇതുവരെയായി യാതൊരാലോചനകളും ഉണ്ടായിട്ടില്ല. അക്കാൎയ്യം ഉടൻതന്നെ നിയമനിൎമ്മാണസഭയുടെ ആലോചനയ്ക്കു വിഷയമാക്കണമെന്നാണു ഞാൻ വിചാരിക്കുന്നതു്. ശിക്ഷകളുടെ ഗുരുലഘുത്വങ്ങൾ പ്രായേണ രോഗകാരണങ്ങളേയും രോഗശക്തിയേയും ആശ്രമിച്ചാണിരിക്കുന്നതു്.

ഈ പീനൽകോഡിന്റെ ആവിൎഭാവത്തിന്നുശേഷം മാതാക്കന്മാർ ശിശുപരിപാലനവിഷയത്തിൽ എത്രയും ജാഗ്രതയുള്ളവരായിത്തീൎന്നിട്ടുണ്ട്. പിള്ള കരഞ്ഞാൽ തള്ളയ്ക്കു ഭയമായി. ഉടൻതന്നെ കരച്ചിലിന്റെ ഹേതു കണ്ടുപിടിച്ചു് അതു ശമിപ്പിക്കുകയായി. മാതാപിതാക്കന്മാരെ ശിശുസംരക്ഷണവിഷയത്തിൽ സൎവ്വദാ ജാഗരൂകരാക്കിത്തീൎത്തിട്ടുള്ള മറെറാരുസംഗതി ഇവിടുത്തെ പോലീസ്സുകാരുടെ ശ്രദ്ധസഞ്ചാരങ്ങളാണ്. എപ്പോഴാണു പൊലീസ്സുകാർ വീട്ടിൽ കയറിവരുന്നതെന്നു് ആൎക്കും നിശ്ചയിച്ചുകൂട. അവൎക്കു മലയാളനാടകത്തിലെ വിദൂഷകന്മാരുടേതുപോലെയുള്ള വേഷഭൂഷണങ്ങളോ കഥകളിയിലെ ഹനൂമാന്റെ ക

ബളിച്ച കരസ്ഥമാക്കിയ വിധത്തിലുള്ള ശിരോലങ്കാരങ്ങളോ യാതൊന്നും ഉണ്ടായിരിക്കയില്ല. കാഴ്ചയിൽ സാധാരണജനങ്ങളിൽനിന്നു യാതൊരു വ്യത്യാസവുമില്ല. പുരാതന യവനന്മാരുടെ ഇടയിൽ ഉണ്ടായിരുന്നതായി ചരിത്രം ഘോഷിക്കുന്ന "ക്രപ്ടിയ" സൈന്യക്കാർ ഏതാണ്ടിങ്ങനെയായിരുന്നിരിക്കാമെന്നു തോന്നുന്നുണ്ട്. ഒരാൾ ഒന്നുരണ്ടു പ്രാവശ്യം അധികം തുമ്മിയാൽ പൊല്ലീസ്സുകാർ പിടികൂടി ജലദോഷത്തിന്നു ചാർജ്ജു ചെയ്യുകയായി. പിന്നെ സങ്കടം പറഞ്ഞിട്ടോ മാപ്പുചോദിച്ചിട്ടോ യാതൊരു ഫലവുമില്ല. പുള്ളിയെ മജിസ്ട്രേട്ടുകോട്ടിൽ എത്തിച്ചുകഴിഞ്ഞു. പിന്നത്തെ കഥ പറയണോ? വക്കീലന്മാരായി, വക്കീൽഗുമസ്ഥന്മാരായി, ബത്തയായി, കിത്തയായി, കൊത്തിച്ചിതലായി, പിടിച്ചുവലിക്കലായി, തലപൊളിക്കലായി, വിധിയായി, തുമ്മിയ പുള്ളി ജയിലിലുമായി. മേൽവിചാരിച്ച സംഗതികളിൽനിന്നു സ്വതവേ വാതരോഗിയായ എന്റെ കാരാഗാരനിവാസഹേതുവും ഏതാണ്ടു സ്പഷ്ടമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ജയിലിൽ താമസിക്കുന്ന കാലങ്ങളിൽ ഒരു ഡയറിയെഴുതേണ്ട കാര്യം പലപ്പോഴും എന്റെ ആലോചനക്കു വിഷയമാകാറുണ്ട്. പക്ഷേ 'ജയിൽ ഡയറി'കൊണ്ടു അവിടുത്തെപ്പോലെ ഇവിടെ സാമ്പത്തികമായ പ്രയോജനം യാതൊന്നുംതന്നെയില്ല. നേരെമറിച്ചു, ഒരാസ്പത്രി ഡയറിയാണെങ്കിൽ നല്ല സമ്പാദ്യമുണ്ടാകുന്നതാണ്. അതെങ്ങനെയാണെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. പറയാം. അവിടുത്തെ ജയിലിന്റെ ധർമ്മങ്ങളെല്ലാം ഇവിടുത്തെ ആസ്പത്രിയാണു നിർവ്വഹിക്കുന്നതു. കുററം ചെയ്യുന്നവക്കു് ഔഷധരൂപേണയാണ് ഇവിടെ ശിക്ഷ നല്കുന്നതു്. കുററങ്ങളുടെ ഗൌരവലാഘവങ്ങളെ അപേക്ഷിച്ചു കടുംകഷായപൂരിതങ്ങളായ മരുന്നുകൾ മാറിമാറി വിധിക്കുന്നു. 'വിരേചനഗുളിക' മുതൽ 'വിൻകാണ്ണിസ്' വരെയുള്ള ശിക്ഷകൾ സാധാരണങ്ങളാണ്. 'പെററി ന്യൂയിസൻസ്സിനു്' ആവണക്കെണ്ണതന്നെ ശിക്ഷ. സാഹിത്യസംബന്ധങ്ങളായ വിഴുക്കൾക്കു തലപൊതിച്ചലും ധാരയും വലത്തുകൈയിന്റെ പെരുവിരലിനു് "ആപ്പറേഷ'നും പ്രക്ഷോഭകരങ്ങളായ പ്രസംഗങ്ങൾ ചെയ്യുന്നവക്കു കിരിയാത്ത വെള്ളവും വിധിച്ചുകാണുന്നുണ്ട്. എനിക്കും ഒരിക്കൽ അവിപത്തിപൊടിയും അശോകാരിഷ്ടവും അനുഭവിക്കേണ്ടിവന്നിട്ടില്ലെന്നില്ല. കൊലപാതകം ചെയ്ത ഒരു പുള്ളിക്കു് ഇവിടുത്തെ ആസ്പത്രിയിൽനിന്നു കല്പിച്ച വിധിയിലെ ഏതാനും ഭാഗം താഴെ ഉദ്ധരിക്കുന്നതു് ഒട്ടും അസ്ഥാനത്തിലായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. "പ്രതിയെ കാലത്താറുമണിക്കു ഭൃംഗാമലകാദി എണ്ണ തലയിലും ധാന്വന്തരം തൈലം ദേഹ

ത്തിലും പുരട്ടി അരമണിക്കൂറുനേരം ഇരുത്തിയശേഷം "മാർഗോ" സോപ്പു തേപ്പിച്ചു മോഹിനീനദിയിൽ സ്നാനം ചെയ്യിക്കുക. അലക്കിയവസ്ത്രം ധരിപ്പിച്ചു് ആസ്പത്രിയിൽ കൊണ്ടുവന്നു് കറന്തോട്ടിയിട്ടു കുറുക്കിയ പാലിൽ നവരയരി വേവിച്ചുണ്ടാക്കിയ ഒരിടങ്ങഴി പായസം കൊടുത്തു നാലു മണിക്കൂറുനേരം വിശ്രമിപ്പിക്കുക. പന്ത്രണ്ടുമണിക്കുമുമ്പായി പാചകചിന്താമണി വിധിപ്രകാരം തയാറാക്കിയ വിവിധവിഭവങ്ങളോടുകൂടിയ ഭക്ഷണം നല്കുക. പിന്നെ മൂന്നു മണിക്കൂറുനേരം വിശ്രമിപ്പിക്കുക. അതിനുശേഷം മതിയാവോളം റൊട്ടിയും പാലും നല്കി നാലുമണിവരെ "ഓമാർഖയ്യാം" വായിച്ചുകേൾപ്പിക്കുക. പിന്നെ ആറുമണിവരെ സായന്തന സഞ്ചാരമാകട്ടെ. മടങ്ങിവന്നാൽ ചന്ദനസോപ്പു തേപ്പിച്ചു കാഞ്ഞവെള്ളംകൊണ്ടു മേൽ കഴുകിക്കുക. എട്ടുമണിക്കു വീണ്ടും ചതുർവ്വിധമായ പദാർത്ഥങ്ങളോടുകൂടിയ ഭക്ഷണം കൊടുക്കുക. അതിനുമീതെ നാലു ആപ്പിൾ പഴവും രണ്ടു പൂവൻ പഴവും കൊടുത്തു് അരമണിക്കൂറുനേരം ഉലാത്തിക്കുക. പത്തുമണിയടിച്ചാൽ പട്ടുമെത്ത വിരിച്ചിട്ടുള്ള ആട്ടുകട്ടിലിന്മേൽ കിടത്തി ഉറക്കുക. കണിശമായും അഞ്ചുമണിക്കു തന്നെ ഉണർത്തി ആറുമണി തൊട്ടുള്ള ശിക്ഷകൾക്കു തയാറാക്കി നിർത്തുക. ഇവ്വണ്ണം പതിനാലുവർഷം മുട്ടാതെ നടക്കട്ടെ."

ആസ്പത്രി ശിക്ഷയനുഭവിക്കുന്ന ഒരാൾക്കു ദീനം പിടിപെട്ടാൽ ഉടൻതന്നെ അയാളെ മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാക്കി ശിക്ഷിപ്പിച്ചു ജയിലിൽ ചികിത്സയ്ക്കയയ്ക്കുകയാണു പതിവു്. ദീനം മാറിയാൽ ഉടനെ ആസ്പത്രിയിലേക്കുതന്നെ കൊണ്ടുപോരും. പലപ്പോഴും ഒരുവന്റെ ആയുഷ്കാലം ജയിലിലും ആസ്പത്രിയിലുമായി കഴിഞ്ഞുകൂടാറുണ്ടു്. ആസ്പത്രിയുടെ ധർമ്മങ്ങൾ ജയിലും ജയിലിന്റെ ധർമ്മങ്ങൾ ആസ്പത്രിയും നിർവ്വഹിക്കുന്നതിനാൽ അവസാനം എന്തുഫലമാണു് ഉണ്ടാകാൻ പോകുന്നതെന്നു പറയാൻ ഇപ്പോൾ സാദ്ധ്യമല്ല. എന്റെ അഭിപ്രായം ഈ വകുപ്പുമാററം കാലാന്തരത്തിൽ ഞങ്ങളുടെ ഗുണത്തിനുതന്നെ പര്യാപ്തമാകുമെന്നാണു്. ഓ! ഇതിനെപ്പററി ഇത്ര വിസ്തരിക്കണമെന്നു വിചാരിച്ചില്ല പോട്ടെ. പറഞ്ഞുപോയതു തിരികെ എടുക്കാൻ സാധിക്കുന്നതല്ലല്ലോ"

മേലുദ്ധരിച്ച എഴുത്തിനു് ഒരു മറുപടി അയയ്ക്കണമെന്നാണു് എന്റെ മോഹം. ഏതുവഴിയാണു് അതവിടെ എത്തിക്കേണ്ടതെന്നു് ഇനിയും തീർച്ചയാക്കിക്കഴിഞ്ഞിട്ടില്ല. പരമേശ്വരൻ തന്നെ വഴികാണിച്ചുതരട്ടെ.

എ. രാമപ്പുതുവാൾ, ബി. എ. ബി. എൽ.

കൌണ്ട് ലിയോ ടോൾസ്റ്റോയി.

I.

റഷ്യയിലെ വന്ദ്യമഹർഷിയും കലാകാരനും ആയ ലിയോ ടോൾസ്റ്റോയി 1828-ാം വർഷത്തിലാണ ജനിച്ചതു്. ബാല്യകാലത്തിൽത്തന്നെ മാതാപിതാക്കന്മാർ മരിച്ചുപോകയാൽ അദ്ദേഹത്തിൻെറ സ്ഥിതി വളരെ ശോചനീയമായിരുന്നു. മോസ്ക്കോ പട്ടണത്തിലാണു് അദ്ദേഹം വിദ്യാഭ്യാസം ആരംഭിച്ചതു്. അതിനുശേഷം രക്ഷാകർത്താക്കന്മാർ അദ്ദേഹത്തെ ക്യാസനിലുള്ള സ്കൂളിലേയ്ക്കു അയച്ചു. സർവ്വകലാശാലാവിദ്യാഭ്യാസം കഴിഞ്ഞു 20-ാമത്തെ വയസ്സിൽ അദ്ദേഹം സ്വഗൃഹത്തിലേയ്ക്കു മടങ്ങി. അന്നു് ഒരു വിഷയത്തെക്കുറിച്ചും തനിക്കു പരിപൂർണ്ണമായ ജ്ഞാനമുണ്ടായിരുന്നില്ലെന്നു് ടോൾസ്റ്റോയി പറയുകയുണ്ടായിട്ടുണ്ടു്.

ടോൾസ്റ്റോയിയുടെ ജ്യേഷ്ഠസഹോദരൻ റഷ്യൻ സൈന്യത്തിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു. വിദ്യാഭ്യാസാനന്തരം ലിയോ സഹോദരൻെറ കൂടെ കാക്കസസ്സിലേയ്ക്കു പോയി. സൈന്യത്തിൽ ചേന്നു. കാക്കസസ്സിൽ വെച്ചാണ ടോൾസ്റ്റോയിക്കു് ഇദംപ്രഥമമായി സാഹിത്യത്തിൽ അഭിരുചിയുണ്ടായതു്. സ്വജീവചരിത്രത്തിലെ ചില ഭാഗങ്ങൾ അന്നാണു് അദ്ദേഹം എഴുതിയതും. അദ്ദേഹത്തിൻെറ ആദ്യകാലത്തെ പരിസരങ്ങൾ ജനിപ്പിച്ചിട്ടുള്ള മനോഭാവവും അസത്യത്തിൻേറയും കൃത്രിമത്വത്തിൻേറയും നേരെ അങ്കുരിച്ചിട്ടുള്ള വൈമുഖ്യവും ആ പ്രബന്ധങ്ങളിൽ സർവ്വത്ര കാണാം. അക്കാലത്തെ ലിയോവിൻെറ ചെറുകഥകളിൽ വെച്ചു് "ഒരു ജന്മിയുടെ ജീവിതത്തിലെ പ്രഭാതം" ആണ പ്രധാനമായിട്ടുള്ളതു്. ഒരു ജന്മിയുടെ ജീവിതം നയിക്കുവാൻ അദ്ദേഹം ശ്രമിച്ചതും അതു് അസമാധാനത്തിൻെറ അന്ധകാരംകൊണ്ടു നിറഞ്ഞിരിക്കുന്നതായിക്കണ്ടതും ആണു് അതിലെ പ്രതിപാദ്യവിഷയം.

ഇക്കാലത്താണു് ടോൾസ്റ്റോയിക്കു മതത്തിൽ അഭിരുചി തുടങ്ങിയതു്. അദ്ദേഹത്തിനു ശീട്ടുകളിയിൽ വളരെ താല്പര്യമായിരുന്നു. പക്ഷെ അതുകൊണ്ടു നഷ്ടം നേരിട്ടുതുടങ്ങിയപ്പോൾ അതു് ഇനി ഒരിക്കലും ചെയ്യുകയില്ലെന്നു് അദ്ദേഹം ശപഥം ചെയ്കയുണ്ടായി. പിന്നെയും അദ്ദേഹം കളിച്ചപ്പോൾ വളരെ നഷ്ടമാണുണ്ടായതു്. അതുനിമിത്തമുണ്ടായ കടം തീക്കുവാൻ നിവൃത്തിയില്ലാതെ ഉൽക്കണ്ഠിതനും നിരാശനും ആയ ആ യുവാവു് അതിൽനിന്നു തന്നെ രക്ഷിക്കണമെന്നു ദൈവത്തോടു പ്രാർത്ഥിച്ചു. അന്നു് ഉണൎന്നപ്പോൾ എങ്ങിനെയോ അദ്ദേഹത്തിനു

കരൊ ധനം ലഭിച്ചു. അന്നുമുതൽക്ക് അദ്ദേഹം പതിവിലധികം ഈശ്വരനെ സേവിക്കുവാൻ തുടങ്ങി.

26 വയസ്സുവരെ അദ്ദേഹം കാക്കസസ്സിൽ താമസിച്ചു. അതിനുശേഷം അദ്ദേഹത്തെ ക്രിമിയൽവാറിൽ ഒരു സേനാനായകനായി അയച്ചു. അവിടെവെച്ച് അദ്ദേഹം വളരെ കീൎത്തി നേടുകയും രണ്ടുമൂന്നു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ലിയോവിന്റെ യുദ്ധസാമൎത്ഥ്യവും സാഹിത്യനൈപുണ്യവും ജനങ്ങളുടെ ഹൃദയങ്ങളെ ആകൎഷിച്ചു. എല്ലാവരും അദ്ദേഹത്തെ പ്രശംസിച്ചുതുടങ്ങി. റഷ്യൻ ജനങ്ങളുടെ ജീവിതരീതിയെ പരിഷ്കരിക്കുവാൻ വേണ്ടി സാമുദായിക തത്വങ്ങൾ പഠിക്കുവാൻ 1857-ൽ ടോൾസ്റ്റോയി ജൎമ്മനിയിലേക്കു പോയി. അവിടെനിന്ന് മടങ്ങിയതിനു ശേഷം രാജ്യത്തിലെ അഴിമതികളെ പരിശോധിക്കുവാനും സാധുക്കളെ ക്രൂരന്മാരിൽനിന്നു രക്ഷിക്കുവാനും ഒരു ഉദ്യോഗസ്ഥനായി റഷ്യൻ ഗവൎമ്മേണ്ടു ആ രാജ്യസേവകനെ നിയമിച്ചു.

വിദ്യാഭ്യാസംകൊണ്ടു ജനങ്ങളെ പരിഷ്കരിക്കാമെന്നു ടോൾസ്റ്റോയിക്കു നല്ല ബോധമുണ്ടായിരുന്നതിനാൽ സ്വജീവിതത്തിന്റെ അധികഭാഗവും സാധുക്കളായ കൎഷകന്മാരുടെ കുട്ടികൾക്കുവേണ്ടി യാസ്നായയിൽ ഒരു വിദ്യാലയം നടത്തുന്നതിനായി അദ്ദേഹം ചിലവഴിച്ചു. തന്റെ അതിയായ പ്രയത്നംകൊണ്ടും സാമൎത്ഥ്യംകൊണ്ടും അധികം താമസിയാതെ ഒരു വിദ്യാലയം സ്ഥാപിക്കുന്നതിന്ന് അദ്ദേഹത്തിന്നു പ്രയാസമുണ്ടായില്ല. വിദ്യാൎത്ഥികൾക്കു യാതൊരു ശിക്ഷയും അനുഭവിക്കേണ്ടി വന്നിരുന്നില്ല. കുട്ടികൾക്കു തോന്നുമ്പോൾ വീട്ടിലേക്കു പോകുന്നതിന്ന് അനുവാദമുണ്ടായിരുന്നു. ആദ്യം സ്കൂൾ എന്നു കേൾക്കുമ്പോൾ കൎഷകന്മാൎക്ക് എന്തെന്നില്ലാത്ത ഭയമായിരുന്നു. പക്ഷേ വിദ്യാഭ്യാസംകൊണ്ടുള്ള ഗുണങ്ങൾ ടോൾസ്റ്റോയി അവരെ മനസ്സിലാക്കിയപ്പോൾ അവരുടെ ഭയമെല്ലാം അസ്തമിച്ചു. ഈ വിദ്യാലയത്തിന്റെ സ്ഥാപനം റഷ്യൻ ഗവൎമ്മേണ്ടിന്നു തീരെ രസിച്ചില്ല. ടോൾസ്റ്റോയി ഇല്ലാത്ത സന്ദൎഭത്തിൽ ഗവൎമ്മേണ്ടു അതിലെ അദ്ധ്യാപകന്മാരെ ബന്ധനസ്ഥരാക്കി.

34 ാമത്തെ വയസ്സിൽ (1862-ൽ) ടോൾസ്റ്റോയി സോഫിയാബഹറ എന്ന സ്ത്രീയെ വിവാഹം ചെയ്തു.

അദ്ദേഹം "കൊസാക്സ്" എന്ന ഒരു ഗ്രന്ഥം എഴുതിയിട്ടുണ്ട്. യഥാൎത്ഥസുഖത്തിന്റെ അന്വേഷണമാണ് ഈ ഗ്രന്ഥത്തിന്റെ അന്തരാൎത്ഥം. ഇതിലെ നായകൻ ടോൾസ്റ്റോയിയെപ്പോലെതന്നെ ഒരു മഹാനാണ്. മനുഷ്യസമുദായത്തെ ചിത്രണം ചെയ്യുവാൻ വേണ്ട

ബുദ്ധിസാമൎത്ഥ്യവും ജ്ഞാനവും അദ്ദേഹത്തിന്നുണ്ടായിരുന്നുവെങ്കിലും അതുകൊണ്ടുമാത്രം ടോൾസേ്റ്റായി തൃപ്തനായില്ല. അതിൽ കൂടുതൽ പരിചയം സമ്പാദിക്കുവാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു. നാല്പതാമത്തെ വയസ്സിലാണ് അദ്ദേഹം "സമരവും സമാധാനവും" എന്ന മഹനീയമായ ഗ്രന്ഥം വിരചിച്ചതു്. മഹാനായ നെപ്പോളിയൻെറ കാലത്തെയാണ് അതിൽ ചിത്രണം ചെയ്തിട്ടുള്ളതു്. ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണത്തിന്നുശേഷം പ്രാഥമികവിദ്യാലയങ്ങളിലെ വിദ്യാൎത്ഥികൾക്കു വേണ്ട പുസ്തകങ്ങൾ എഴുതുന്നതിൽ അദ്ദേഹം തൻെറ ബുദ്ധിശക്തി വിനിയോഗിച്ചു.

സമുദായപരിഷ്കരണത്തിലാണ് അദ്ദേഹത്തിൻെറ ശ്രദ്ധ എപ്പോഴും പതിഞ്ഞിരുന്നതു്. ലഘുഗ്രന്ഥങ്ങൾ എഴുതിയാൽ മാത്രമേ ആളുകൾക്കു എളുപ്പത്തിൽ വായിക്കുവാൻ സാധിക്കു എന്നു് അദ്ദേഹം മനസ്സിലാക്കി. ഈ ഉദ്ദേശത്തോടുകൂടിയാണ് ലിയോ അനവധി ചെറുകഥകൾ രചിച്ചിട്ടുള്ളതു്. കൎഷകന്മാരുടെ നിഷ്കളങ്കമായ ഹൃദയങ്ങളെ സംസ്കരിക്കുവാൻ ഈ കൃതികൾ വളരെ ഉപകരിച്ചിട്ടുണ്ടു്.

ഭയങ്കരമായ ഒരു ക്ഷാമം 1873-ൽ റഷ്യയെ ബാധിച്ചതോടുകൂടി ലിയോ ഗ്രന്ഥങ്ങൾ രചിക്കുന്നതിൽ നിരുത്സുകനായിത്തീൎന്നു. സാധുക്കളോടു അദ്ദേഹത്തിനുള്ള ദയയും സഹഭാവവും കണ്ടു ഒരു ചെറിയ സഹായധനം ദരിദ്രന്മാൎക്കു അനുവദിക്കുവാൻ ഗവൎമ്മേണ്ടു നിശ്ചയിച്ചു.

'അന്നാകെറിനിന' എന്ന ആഖ്യായിക 1875-ൽ ആണു ടോൾസ്റ്റോയി പൂൎത്തിയാക്കിയതു്. ഈ ഗ്രന്ഥത്തിൽ സെൻറ് പീറ്റേഴ്സ്ബൎഗ്ഗിലുള്ള ജനങ്ങളുടെ ജീവിതത്തെ അദ്ദേഹം ചിത്രണം ചെയ്തിരിക്കുന്നു. ടോൾസ്റ്റോയി തന്നെയാണു ഈ ആഖ്യായികയിലെ നായകനായ ലെവിന. ഗ്രന്ഥകാരനെപ്പോലെതന്നെ ഈ കഥാപാത്രവും ഒരു സത്യാന്വേഷണതല്പരനാണ്. ഒരു കൎഷകജീവിതമാണ് ഈ കഥാനായകൻ ആശിച്ചിരുന്നതും ആശംസിച്ചിരുന്നതും. ആത്മാവിനുവേണ്ടിമാത്രം ജീവിക്കുക എന്ന തത്വം അദ്ദേഹത്തിന്നു വളരെ ഉൽകൃഷ്ടമായി തോന്നി.

വിവാഹത്തിന്നു മുൻപു് ചിലപ്പോൾ ഒക്കെയും ടോൾസ്റ്റോയി ഒരു കൃഷിക്കാരൻെറ ഉടുപ്പു ധരിക്കാറുണ്ടായിരുന്നു. അമ്പതുവയസ്സായതിന്നുശേഷം, വിവിധങ്ങളായ വിഭവങ്ങളെല്ലാം ഒഴുക്കി അദ്ദേഹം കൎഷകന്മാരുടെ ചുരുങ്ങിയ ഭക്ഷണം കഴിക്കുവാൻതുടങ്ങി. എന്നാൽ കുടുംബത്തിലുള്ള മററു അംഗങ്ങൾ സാധാരണ ഭക്ഷണമാണ് കഴിച്ചിരുന്നു

ത്. അതിരാവിലെ എഴുന്നേററു കൃഷികന്മാരുടെകൂടെ വയലിൽപോയി അദ്ദേഹം അവരോടു ഒരുമിച്ചു വേലചെയ്യുക പതിവായി.

പാശ്ചാത്യപരിഷ്കാരത്തിൻെറ ആഡംബരങ്ങളും ധനത്തിൻെറ ദോഷഭൂയിഷ്ഠതകളും അദ്ദേഹത്തെ വ്യാകുലപ്പെടുത്തി. ശരിയാണെന്നു തോന്നുന്ന കാര്യങ്ങളെ അദ്ദേഹം ചെയ്യിരുന്നുള്ളൂ. അങ്ങിനെ ഒരു ബോധം മററു കലാകാരന്മാൎക്കു ഉണ്ടായിരുന്നുവോ എന്നു സംശയമാണ്. ടോൾസ്റ്റോയിയുടെ സ്വഭാവത്തിൽ പ്രത്യേകമായി രണ്ടു വിശേഷഗുണങ്ങൾ ഉണ്ടായിരുന്നു. സ്വതേ അഭിമാനിയായിരുന്നുവെങ്കിലും നിരാഡംബരസുന്ദരവും നിഷ്കളങ്കമധുരവുമായ ഒരു ജീവിതം നയിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആദൎശം. പക്ഷെ ആ ആദൎശത്തെ പുലൎത്തുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അന്യന്മാരെ സഹായിക്കുകയായിരുന്നു ലിയോവിൻെറ ജീവിതോദ്ദേശം. അതിന്നായി അദ്ദേഹം നിരന്തരം പരിശ്രമിച്ചുവന്നു. ബൂട്ട്സും ഷൂസും ഉണ്ടാക്കുവാൻ അദ്ദേഹം പഠിച്ചു.

ധനികന്മാർ ദരിദ്രന്മാരെ വേലക്കാരായിക്കരുതുന്നതു് അന്യായമാണെന്നു അദ്ദേഹം 'ചെയ്യേണ്ടതു എന്തു്?' (what to do ?) എന്ന കൃതിയിൽ പ്രതിപാദിച്ചിട്ടുണ്ടു്. വലിയ ധനികന്മാരേയോ, വലിയ ദരിദ്രന്മാരേയോ കൂട്ടാക്കാതെ തനിക്കുവേണ്ട പണം താൻതന്നെ സമ്പാദിക്കണമെന്ന തത്വം അദ്ദേഹം മനസ്സിലാക്കി. അന്യന്മാരെക്കൊണ്ടു ചെയ്യിക്കാതെ തൻെറ ജോലി താൻതന്നെ ചെയ്യുവാൻ ആ വന്ദ്യപുരുഷൻ തീൎച്ചയാക്കി.

ക്രൈസ്തവ പുരോഹിതന്മാരെയോ, ക്രൈസ്തവ ദേവാലയങ്ങളേയോ, അവരുടെ നിയമങ്ങളേയോ, നടപടികളേയൊ പററി അദ്ദേഹത്തിനു തീരെ ബഹുമാനമല്ലാ ഉണ്ടായിരുന്നതു്. എങ്കിലും അദ്ദേഹം ക്രൈസ്തവവേദങ്ങൾ വായിച്ചുതുടങ്ങി. ഈ മതപഠനത്തിൻെറ ഫലമായി 'എൻെറ ഖ്യാപനം,' 'എൻെറ മതം' ('My confession' & 'My Religion') എന്ന രണ്ടു ലഘുകൃതികൾ അദ്ദേഹം വിരചിച്ചു. ക്രിസ്തുമത സിദ്ധാന്തങ്ങളെ അദ്ദേഹം അഞ്ചു വാക്യങ്ങളിൽ സംക്ഷേപിച്ചിട്ടുണ്ടു്. (1) ഒരിക്കലും കോപിക്കരുതു് (2) വ്യഭിചരിക്കരുതു് (3) ആത്മരക്ഷണത്തിനു വേണ്ടിപോലും അക്രമം ചെയ്യരുതു് (4) ആണയിടരുതു് (5) യുദ്ധം ചെയ്യരുതു്.

ഗവൎമ്മേണ്ടു, പള്ളി, നീതിന്യായക്കോടതി, സൈന്യം, വിവാഹം മുതലായ ഭൌതികലോകത്തിലെ പലതിനോടും അദ്ദേഹത്തിനു വിരോധമായിരുന്നു. രാജ്യകാൎയ്യങ്ങളിൽ അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ചു പ്രവൎത്തിച്ചിരുന്നവൎക്കു പല കഷ്ടതകളും അനുഭവിക്കേണ്ടിവ

ന്നു. അക്കാലത്തെ റഷ്യൻ ചക്രവർത്തിമാർ വളരെ ക്രൂരന്മാരായിരുന്നതായിരുന്നു ഇതിന്നു കാരണം! സ്ത്രീകളായാലും വേണ്ടില്ല, പുരുഷന്മാരായാലും വേണ്ടില്ല, ഗവർമ്മേണ്ടിന്നു എതിരായി എന്തെങ്കിലും ചെയ്താൽ അവരെ തൂക്കിക്കൊല്ലുകയോ സൈബീരിയിലേയ്ക്കു നാടുകടത്തുകയോ ആയിരുന്നു അന്നു റഷ്യയിലെ പതിവു്. അന്നു തടവുകാൎക്കു ഭക്ഷണംപോലും ശരിക്കുകൊടുക്കാതെ അവരെക്കൊണ്ടു് അതികഠിനമായി വേലചെയ്യിച്ചിരുന്നു. റഷ്യയിലെ സാർ ചക്രവർത്തിമാരുടെ ക്രൂരതയും നിർദ്ദയത്വവും ചരിത്രപ്രസിദ്ധമാണു്. ടോൾസ്റ്റോയി കൂടെക്കൂടെ റഷ്യൻ ഗവർമ്മേണ്ടിനെ ആക്ഷേപിച്ചിരുന്നുവെങ്കിലും ആ വന്ദ്യമഹർഷിയെ ഉപദ്രവിക്കുവാൻ റഷ്യയിൽ ആരും ഉണ്ടായിരുന്നില്ല. തന്ത്രകുശലനും ബുദ്ധിശാലിയുമായ ടോൾസ്റ്റോയിയോടു എതിർത്തുനില്ക്കുവാൻ ആൎക്കും ധൈര്യമില്ലായിരുന്നു.

പി. എസ്സ്. എ.

തടാകതീരത്തു്.

I

കടലിൻ തിരത്തെത്തി താന്തയായ് ത്താനേ ചെമ്മൺ-
കുടമൊന്നൊഴുക്കത്തേന്തിയന്തിമസന്ധ്യാദേവി
താഴെത്തന്നലോളംചേർത്ത വാപിതൻതടത്തിൽത്താ-
നാത്തകൌതുകമന്നും ചെന്നു നില്ക്കുകയായി.

സ്വച്ഛമാം തടാകത്തിൽ ബിംബിച്ചങ്ങൊരുദിക്കി-
ലുച്ചത്തിൽ പാടിപ്പാടിയാടുന്ന വംശശ്രേണി,
ഒരിടം കണ്ണഞ്ചിക്കും പൂക്കണിക്കൊന്നക്കൂട്ട-
മൊരിടം ചഞ്ചൽപത്ര കദളീകദംബകം,
മുൾച്ചെടിപ്പടപ്പിങ്ങിങ്ങുയരും കരിമ്പാറ-
യുൾച്ചേർപ്പിലാക്കാനന്ദ മിസ്ഥലം രമണീയം!
തേനുററ ഗീതം പാടി പൈങ്കിളിക്കൂട്ടം, ചുററു-
മാനന്ദലാസ്യം ചെയ്യു വാരന്തിപ്രസൂനങ്ങൾ.

വർണ്ണവൈചിത്ര്യം കോലുമാസന്നസ്ഥലികളാൽ
വർണ്ണ്യമായ് വിളങ്ങുന്ന വാപിയന്നേരം കാണായ്
ഏകത്ര സന്ധ്യാരാഗ മന്യത്ര നൈശച്ഛായ-
യാകമ്രമിവചേൎന്നു മിന്നുന്ന വാനംപോലെ.

ശ്യാമസുന്ദരമായ ശാദ്വലപ്പരപ്പിലാ
ഗ്രാമത്തിൽ ചെന്നെത്തുന്ന കൊച്ചുകാലടിപ്പാത

അന്തിപ്പൊൻവെയിൽചിന്നി ക്കാണായ പ്രദേശത്തിൻ
സിന്ദൂരാങ്കിതാ ലോല സീമന്ത രേഖയ്ക്കൊപ്പം.
വേപിതാധരങ്ങളാലേതിനെച്ചുംബിപ്പാനായ്
വെമ്പുന്നു തിരകൊണ്ടു ദീർഘിക രാഗോദാരം.

രാജൻ.

അക്ബറിൻെറ പരാജയം.

ക്രിസ്ത്വബ്ദം 1580-ാംമാണ്ടു്. വീരവീരനായ അക്ബർ ചക്രവർത്തിയുടെ വിരിമാറിത്തടത്തിലാണു ഭാരതശ്രീ വിശ്രമം കൊള്ളുന്നതു്. കാൽനൂററാണ്ടു കഴിഞ്ഞിട്ടില്ല, അക്ബർ സിംഹാസനത്തെ അലങ്കരിച്ചു തുടങ്ങിയിട്ടു്. എന്നാൽ അനേകനൂററാണ്ടുകളായി അസാദ്ധ്യമായിരുന്നതു പലതും അക്ബർ സാധിച്ചിരിക്കുന്നു. മൌര്യ്യസാമ്രാജ്യത്തിൻെറ രാഷ്ട്രീയ യോജിപ്പും, ഗുപ്തസാമ്രാജ്യത്തിൻെറ കലാനിപുണതയും അദ്ദ്യാപി അദൃശ്യമായിരുന്ന അഭൌമമായ ഒരു ശക്തിയോടും ധനസമൃദ്ധിയോടുംകൂടി സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. പാശ്ചാത്യലോകം മതപരമായ അല്പാല്പവിത്യാസങ്ങളെ ആസ്പദമാക്കി ചോരപ്പുഴയൊഴുക്കുമ്പോൾ അക്ബറിൻെറ ഹിന്ദുസ്ഥാനം ആത്മീയവും ഭൌതികവുമായ സർവ്വവിധമനുഷ്യസംരംഭങ്ങളുടേയും സ്വതന്ത്രമായ കളരങ്ങളാകുന്നു. അക്ബറിൻെറ വെൺകൊററക്കുടയുടെ തണലത്തു കോടാനകോടി ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും സ്ഥലം സുഭിക്ഷമാകുന്നു. ഈ മഹാപുരുഷനിൽ ഹിന്ദു വിക്രമാദിത്യനേയും മുസൽമാൻ ഒമാറിനേയും ദർശിക്കുന്നു. ക്ഷേത്രത്തിൻെറ ഗോപുരമാണു സ്വർഗ്ഗത്തിൻെറ ആരംഭമെന്നും പള്ളിയുടെ മതിൽക്കെട്ടിനുപുറമേ സ്വർഗ്ഗത്തിനു സ്ഥലമില്ലെന്നും വിശ്വസിച്ചിരുന്ന ഇടുങ്ങിയ മനസ്ഥിതി അക്ബറിൻെറ വിസ്തൃതമായ സാമ്രാജ്യത്തിൽനിന്നും തിരോഭൂതമായിരിക്കുന്നു. മനുഷ്യനു മനുഷ്യനുമായി ഇണങ്ങുവാനാണു, പിണങ്ങുവാനല്ല മതമെന്നും, പ്രജകളും രാജാവും ഒന്നുപോലെ വിശ്വസിക്കുന്ന ഒരു നാടു ഹിമാലയ പർവ്വതത്തിൻെറ നിഴലിൽ സുഖിച്ചിരുന്ന അക്ബറിൻെറ ഹിന്ദുസ്ഥാനം മാത്രമാണു്. ഒരു നിത്യവസന്തമാണിപ്പോൾ ഭാരതത്തിനു്.

ആരുടെ അനുകരണീയമായ ആദർശങ്ങളാണോ അക്ബറെ അക്ബരാക്കിയതു്, ആ ഷേഷായുടെ കുടുംബം ഇന്നു ശാപഗ്രസ്തമായിരിക്കുന്നു. ഷേഷായുടെ ഒരു അനന്തിരവനിൽനിന്നും ഹുമയൂൺ ദില്ലി വീണ്ടും പിടിച്ചെടുത്തുവെന്നും അദ്ദേഹത്തിൻെറ അകാലനിര്യ്യാണ

ത്തിൽ കേവലം ബാലനായ അക്ബർ സിംഹാസനാരോഹണം ചെയ്തുവെന്നും, ഷേഷാ സൂർ വെട്ടിയ പഥം തരണംചെയ്തു അക്ബർ നിത്യയശസ്സിനെ പ്രാപിച്ചുവെന്നും ഇന്ത്യാചരിത്രം നിങ്ങളെ മനസ്സിലാക്കിയിരിക്കും. ഷേഷയുടെ ഹതഭാഗ്യമായ കുടുംബത്തെപ്പററി ഒരു വാക്കു പറയുവാൻ ചരിത്രകാരനു ക്ഷമയോ ദയയോ ഉണ്ടായിട്ടില്ല. എന്നാൽ, ഒരു വാൾ വീശലിൽ ലോകം മുഴുവൻ വിറപ്പിക്കുവാൻ മതിയായ ഭാരതചക്രവൎത്തി, മറെറല്ലാററിലുമെന്നപോലെ, ദയയിലും ക്ഷമയിലും ചരിത്രകാരനേയും നിങ്ങളേയും, എന്നേയും അതിശയിക്കുന്നു. തങ്ങളുടെ ജന്മശത്രുക്കളായ ഷേഷയുടെ കുടുംബത്തോടു മുകിലസാമ്രാജ്യത്തിനുള്ള കടപ്പാടു മറക്കുവാൻതക്ക കൃതഘ്നനല്ല അക്ബർ. ഷേഷാചക്രവൎത്തിയുടെ ദ്വിതീയപുത്രനായ ഉസ്മാൻഖാൻ ഇന്നും ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടു്. പള്ളിത്തൊട്ടിലിൽ പിറന്നു അരമനസ്സുഖങ്ങൾ അനുഭവിച്ചുവളൎന്ന ആ രാജകുമാരൻ—വിധി നോക്കു!— ഇന്നാരാണു്? ഒരു പിച്ചക്കാരൻ! ആഗ്രായിലെ തെരുവീഥികൾതോറും അന്യരുടെ അലിവിനായി കൈക്കുമ്പിൾ കാട്ടി നടക്കുന്ന കുരുടനായ ഒരു പിച്ചക്കാരൻ!, സ്വന്തമെന്നു പറയുവാൻ ഉസ്മാൻ ഒന്നുംതന്നെയില്ല, ഒരു കൊച്ചു പുത്രിയല്ലാതെ. അഞ്ചു വയസ്സുമാത്രം പ്രായമായ അമിനാ ഉസ്മാന്റെ അവശേഷിച്ച ആശയും ആലംബവുമാണു്. ആ കൊച്ചുവിദ്യുല്ലതയാണു് കുരുടനായ ആ പിച്ചക്കാരന്റെ ഹൃദയത്തെ ചിലപ്പോഴെങ്കിലും പ്രകാശിപ്പിക്കുന്നതു്. അവളോ! മാൻകിടാവിന്റെ പരിശുദ്ധത! പനിനീർമൊട്ടിന്റെ മനോഹാരിത!

ഭാരതവൎഷം ഇതുവരെ ദൎശിച്ചിട്ടുള്ളതിൽവെച്ചു് ഏററവും ഭാസമാനമായ ഒരു ദിവസമാണിന്നു്. ഇന്നാണല്ലോ ചക്രവൎത്തിയുടെ തിരുനാൾ മഹോത്സവം! രജപുത്രന്റെ യശോദിയാ ഉത്സവവും മുസൽമാന്റെ മൊഹറവും ഒന്നിച്ചുകൂടുന്ന ദിവസം! ആഗ്രയിൽ ഇന്നു സൂൎയ്യരശ്മിക്കു ചൂടില്ല, രാത്രിക്കു കറുപ്പില്ല. ഇന്നു് ആഗ്ര സ്വൎഗ്ഗീയമായ ഒരു പ്രഭയിൽ മഗ്നമാണു്. സവിശേഷം അലങ്കരിക്കപ്പെട്ടിട്ടുള്ള ഒരു കരിവീരന്റെ മുകളിൽ 'ഭൂലോകത്തിലെ ഈശ്വരൻ' തന്റെ സ്വൎഗ്ഗത്തെ ഇതാ പ്രദക്ഷിണം വെയ്ക്കുകയാണു്! എന്തൊരു ജ്യോതിസ്സാണു് ഈ ഘോഷയാത്രയ്ക്കു്! കോടാനുകോടി ജനങ്ങൾ തിക്കിത്തിരക്കുന്നു ഈ പുണ്യദൎശനത്തിനു്. ചക്രവൎത്തിയുടെ ഗംഭീരനയനങ്ങൾ സമീപവൎത്തികളായ പ്രഭുക്കന്മാരുടെ പളപളായമാനമായ വസ്ത്രധാരണാദികളെ അതിക്രമിച്ചു് അല്പം വിദൂരവൎത്തിയും ആരുടെ ശ്രദ്ധയേയും അപമാനിക്കാത്തതുമായ ഒരു കാഴ്ചയിലാണു വ്യാപൃതമായതു്. ബഹളത്തിൽ നിന്നെല്ലാം ഒഴിഞ്ഞു മാറി ജീൎണ്ണിച്ചു കിടക്കുന്ന ഒരു മൺചുമരിന്റെ മുകളിൽ കൃശഗാത്രനായ ഒരു ഭിക്ഷു ആ

ധോമുഖനായി നില്ക്കുന്നതും അയാളുടെ എല്ലുകഠം പൊന്തിയ തോളുകളിൽ അളകങ്ങളെ പറപ്പിച്ചുകൊണ്ടും കവിളുകളെ ചുവപ്പിച്ചുകൊണ്ടും ഒരു ബാലിക പ്രസരിപ്പോടുകൂടി എഴുന്നള്ളത്തു നോക്കിയിരിക്കുന്നതുമാണു പാദുഷായുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. തനിക്കു് അപരിചിതരല്ല ആ ഭിക്ഷുവും ബാലികയുമെന്നു ചക്രവർത്തിയുടെ നിരീക്ഷണപടുത്വം അദ്ദേഹത്തെ മനസ്സിലാക്കി. ചക്രവർത്തി രത്നാംഗുലീയാലംകൃതമായ തന്റെ തൃക്കൈവിരലൊന്നു കോമളയായ ആ ബാലികയുടെ നേരെ പുഞ്ചിരിയോടുകൂടി ചൂണ്ടിക്കാട്ടി. അപ്പോഠം, എന്തൊരു ചുവപ്പാണു് അവളുടെ പൂങ്കവിളു് ചുവന്നതു് ! 'ഹാ ബാല്യമേ !'— അക്ബർ പറഞ്ഞു:

ഘോഷയാത്ര ഇത്രയും വേഗം അവസാനിച്ചതു ചക്രവർത്തിയുടെ അടിയന്തരമായ കല്പനകൊണ്ടാണെന്നും, അല്ലെന്നും, ചന്തസ്ഥലങ്ങളിൽ തർക്കമുണ്ടു്. എങ്ങിനെയായാലും ഇന്നു് ആരെയും തൃക്കൺപാർക്കുന്നതല്ലെന്നു കല്പനയുണ്ടായിരുന്നുവെന്നുള്ളതു തീർച്ചയാണു്.

ഘോഷയാത്ര കടന്നുപോയതോടുകൂടി ആ ബാലിക അന്ധനായ പിതാവിന്റെ ചുമലിൽനിന്നുഇറങ്ങി. മദ്ധ്യാഹ്നസൂര്യന്റെ ചണ്ഡകിരണങ്ങഠം ആ വൃദ്ധനു ചൂടുള്ളതായി തോന്നുന്നില്ലെന്നാണു തോന്നുന്നതു്. അയാഠം ആ വെയിലത്തിരുന്നു് ഉറക്കം തൂങ്ങുകയാണു്. അയാളുടെ ശുഷ്കിച്ച കൈകഠം പതിവുപോലെ, നീണ്ടു ജടപിടിച്ച തലയും താടിയും മാറിമാറിത്തലോടുകയും ചെയ്യുന്നു. അമിനയ്ക്കു വളരെ ജോലിത്തിരക്കുണ്ടു്. എന്തെല്ലാം കൊണ്ടുവരണം— വനകുസുമങ്ങളു്, പച്ചപ്പുല്ലുകളു്, വള്ളികളു്— പറഞ്ഞാൽ അവസാനിക്കയില്ല. ചക്രവർത്തിയുടേതുപോലെയുള്ള കിരീടവും, കർണ്ണാഭരണങ്ങളും കങ്കണങ്ങളും അവഠംക്കു വേണം. എന്തൊരു സ്ഥിരോത്സാഹവതിയാണെന്നോ, ഈ കൊച്ചുപെൺകുട്ടി. വളരെ ബുദ്ധിമുട്ടുന്നുണ്ടു്. വനൂറാസ്പൂവു്, കാരമുള്ളുകൊണ്ടു തുളച്ചു കോർക്കുവാൻ എന്തൊരു പ്രാഗത്ഭ്യമാണു്. ഒന്നിലധികം തവണ പൂവെന്നു തെറ്റിദ്ധരിച്ചു് ഉള്ളംകയ്യു് കീറി. എന്നിട്ടും കരയുന്നില്ല. ഒടുവിൽ— അപൂർവ്വം— ഒരു കിരീടം നിർമ്മിച്ചു. എന്തൊരു സന്തോഷവും കൃതാർത്ഥതയുമാണു് അവഠംക്കുണ്ടായതു് ! അവഠം അച്ഛന്റെ അടുക്കലേയ്ക്കു് ഓടിവന്നു. "നോക്കു, അച്ഛാ, പാദുഷായുടെ കിരീടത്തിന്നു് ഇത്ര ഭംഗിയുണ്ടോ ?" വൃദ്ധൻ ഉണർന്നുപ്പെട്ടു.

"ഇല്ല, മകളെ, എന്തൊരു ഭംഗിയാണിതിനു, ഹാ, എന്തൊരു യോജിപ്പു്. എന്റെ മകളുടെ കുഞ്ഞു തലയ്ക്കു്" എന്നു പറഞ്ഞു. അവളുടെ ചന്ദ്രക്കലപോലുള്ള നെറ്റിത്തടത്തിൽ തന്റെ വരണ്ട ചുണ്ടുകൊണ്ടു ഒരുമ്മ വെച്ചു. കുട്ടിയുടെകിരീടത്തിന്മേൽ ആ വിണ്ടചുണ്ടു കൊള്ളേണ്ട

താമസം, കിരീടം ശകലിതമായി. കുട്ടി തേങ്ങിത്തേങ്ങിക്കരഞ്ഞു. വൃദ്ധൻ വളരെ സമാധാനിപ്പിക്കുന്നുണ്ട്. എല്ലാം വെറുതെ. ഇങ്ങിനെയുള്ള സന്ദർഭങ്ങളിലാണ് തന്റെ കണ്ണു പൊട്ടിച്ചതിനു വൃദ്ധൻ ഈശ്വരനെ ശപിക്കാറ്. "മകളെ അച്ഛൻ വേറെയൊന്നുണ്ടാക്കിത്തരാം, അച്ഛനു നല്ല വശമുണ്ട്. കുട്ടി കരയാതിരിക്കു" കുട്ടി സമ്മതിക്കുന്നില്ല. "എനിക്ക് എന്റെ തന്നെ വേണം, വേറെ വേണ്ട" അവൾ വാവിട്ടു കരഞ്ഞുതുടങ്ങി. അനിവാരമെന്നായപ്പോൾ വൃദ്ധൻ അവസാനത്തെ ശരംതന്നെ തൊടുത്തു. "അമീനേ! അച്ഛനു മാപ്പു തരില്ലേ? അച്ഛൻ പൊട്ടക്കണ്ണനല്ലേ? മകളുടെ മാതിരി കാഴ്ചയുണ്ടോ അച്ഛന്."

മർമ്മസ്ഥാനത്തുതന്നെ കൊണ്ടു ആ ശരം. അമീന കരച്ചിൽ നിർത്തി. വൃദ്ധന്റെ ചുങ്ങിച്ചുളുങ്ങിയ കൺപോളകളിൽ അവൾ ഓരോന്നു ചുംബിച്ചു. എന്നിട്ടും നോക്കണേ, ആ കണ്ണുകൾ വിടർന്നില്ല! വൃദ്ധനു സങ്കടംകൊണ്ടു സംസാരിക്കുവാൻ സാധിച്ചില്ല, മകളാണ് സംസാരിച്ചത്.

"അച്ഛാ"

"അമീനെ"

"അച്ഛൻ അമീനക്കു മാപ്പു തരില്ലേ?"

"എന്തിനു മകളേ. മകളൊന്നും ചെയ്തില്ലല്ലോ മാപ്പു തരാൻ; ഞാനല്ലേ ഓമനയുടെ പൊൻകിരീടം പൊട്ടിച്ചത്. എനിക്കല്ലേ മാപ്പു തരേണ്ടത്."

"ഉവ്വെന്നു പറയൂ അച്ഛാ, അമീനക്കു മാപ്പു തരുമെന്നു പറയൂ"

"ഉവ്വ്. മകളേ"

ഒരു നിമിഷം കഴിഞ്ഞു. കുട്ടി തേങ്ങുന്നതു വൃദ്ധനു മനസ്സിലായി. "എന്തോമനെ, നീ കരയുന്നുവോ? നോക്കൂ, അച്ഛനെ വ്യസനിപ്പിക്കുകയാണോ?"

"അച്ഛൻ......മാപ്പ്........തന്നില്ലല്ലോ" അവൾ വിങ്ങി വിങ്ങി പറഞ്ഞു. വൃദ്ധനു മനസ്സിലായി കുട്ടി പറയുന്നതെന്തെന്ന്—താൻ മറന്നത് എന്തെന്ന്. അവളുടെ പൂങ്കവിളുകളിൽ വൃദ്ധൻ ഓരോന്നു ചുംബിച്ചു. അമീനയുടെ കരച്ചില് എങ്ങോ പോയി, അവൾ പൊട്ടിച്ചിരിച്ചുതുടങ്ങി. വൃദ്ധന്റെ ശ്മശ്രു പിടിച്ചു ചിലപ്പോൾ ഒതുക്കിയും കൊണ്ട് അവൾ ചോദിക്കുകയാണ്. "അച്ഛാ, എനിക്കെന്നാണു മീശ വരിക."

"നാളെ, മകളെ."

"അച്ഛനെക്കാൾ വലിയ മീശ?"

"അച്ഛനെക്കാറം വലിയ മീശ."

"നരച്ചത്?"

"നരച്ചത്?"

കുട്ടി അത്യാനന്ദത്തോടുകൂടി വൃദ്ധനെ കെട്ടിപ്പിടിച്ചു.

അപ്പോറം ഒരു്കാലൊച്ച കേട്ടു. കുട്ടി തിരിഞ്ഞുനോക്കി. വൃദ്ധൻ ചെവി കൂമ്പിച്ചു.

വൃദ്ധൻെറ ഗളത്തിൽനിന്നും ഒരു കയ്യെടുത്തു ചൂണ്ടിക്കാണിച്ചു കുട്ടി പറയുന്നു. "നോക്കു. അച്ഛാ! രണ്ടാളുകറം വരുന്നു. രണ്ടു ഫക്കീർമാർ."

"ആരെങ്കിലുമാകട്ടെ മകളേ, അവർ അവരുടെ വഴിക്കുതന്നെ പൊയ്ക്കൊള്ളും."

"അല്ല, അവർ ഇങ്ങോട്ടുതന്നെ വരുന്നു. ഒന്നു മുത്തച്ഛൻ ഫക്കീറാണ്. അതാ, അവരുടെ കൂടെ ഒരു നല്ല പട്ടിയുണ്ട്. ഹാ! എന്തൊരു പട്ടിയാണച്ഛാ! വെളുത്തു ചെമന്നു, കറുത്തു. കുട്ടി. മുൻപോട്ടു കുതിച്ചപ്പോറം വൃദ്ധൻ അടക്കിപ്പിടിച്ചു. ചക്രവത്തികളുടെ പാദപാതമാണു താൻ കേറംക്കുന്നതെന്നു ഉസ്മാനു മനസ്സിലായി. "മററെ ആള്ക് മകളെ, ആരാണു മററയാള് ?

"ആരോ ആണ്, അച്ഛ; എന്തൊരു പൊക്കമാണ്! അച്ഛനേക്കാളും പൊക്കം! അയ്യോ എന്തു് വണ്ണം! എന്തൊരു സൌന്ദര്യം! അച്ഛനെ കഴിഞ്ഞാൽ ഇത്ര സൌന്ദര്യമുണ്ടായിട്ടു ഒരാളെ ഞാൻ കണ്ടിട്ടില്ല."

ആഗതർ അടുത്തെത്തി. വൃദ്ധഫക്കീർ കുശലപ്രശ്നം ചെയ്തു. "മകനെ സുഖമല്ലെ; നിനക്കും പൈതക്കിളിക്കും?"

ഉസ്മാൻ—"അല്ലാവിൻെറ തിരുവുള്ളംകൊണ്ടു സുഖംതന്നെ, പിതാവെ" പിന്നെ അമീനയുടെ സുന്ദരൻ ശ്വാസിച്ചിരുന്ന ദിക്കിലേക്കു തലതിരിച്ചു. അപ്പോറം പ്രഭോ! ഒരു കുരുടനോടു പകവീട്ടാൻ മുകില ചക്രവത്തിക്കു വേഷം പകരേണ്ടിവന്നുവല്ലൊ, കൊള്ളാം!

അക്ബറുടെ വിശാലമായ ലലാടത്തിൽ മിന്നൽപിണർപോലെ ഒരു ചുളിവു വന്നുപോയി.

ഉസ്മാൻ— ദുഷ്ടനിഗ്രഹം ചെയ്യുന്ന മുകിലസിംഹം ചിലപ്പോറം ആട്ടിൻതോൽ ധരിക്കാറുണ്ടെങ്കിൽ, അതു ശിഷ്ടസംരക്ഷണത്തിനു മാത്രമാണെന്നു് അങ്ങിപ്പോഴെങ്കിലും ധരിച്ചാൽ കൊള്ളാം. മഹാനായ ഷേർഷായുടെ പുത്രൻ ദുരഭിമാനത്തിൻെറ പാഴ്വെയിലത്തു ചിരട്ട കാട്ടി മലത്തിക്കിടക്കുന്നുവെന്നു ലോകരെക്കൊണ്ടു പരിഹസിപ്പിക്കു

373

വാൻ, അക്ബർ വിചാരിക്കുന്നില്ല. നോക്കു സഹോദര, അങ്ങയെ ആലിംഗനം ചെയ്വാൻ മുഗിളചക്രവർത്തിയുടെ കൈകൾ വെമ്പുകയാണ്.

ഉസ്മാൻ — ജനബാധയിൽനിന്നും ഒഴിഞ്ഞുതാമസിക്കുന്ന കുരുടനായ ഒരു പിച്ചക്കാരന്റെ മനസ്സമാധാനം ലംഘിക്കുവാൻ എന്തൊന്നാണ് മുഗിളചക്രവർത്തിയെ പ്രേരിപ്പിച്ചതെന്നു, വിരോധമില്ലെങ്കിൽ, അറിഞ്ഞാൽകൊള്ളാം.

അക്ബർ — നാം ബഹുമാനിക്കുന്ന ഒരു വീരനോടു ചെയ്യേണ്ടുന്ന കടമ ചെയ്തു തീർക്കുവാനാണ് ഇപ്പോൾ ആഗതനായിരിക്കുന്നതു്. മുഗളരുടെ കുലശത്രുവെങ്കിലും, ഷേർഷാ വീരനും, മുഗളചക്രവർത്തി വീരാരാധകനുമാണെന്നു പറയുവാൻ അക്ബർ അഭിമാനിക്കുന്നുണ്ട്. ഇതാ, ഉസ്മാൻ! അങ്ങു നമ്മുടെകൂടെ വരു. ഏതുനിലയിൽ വേണമെങ്കിൽ അക്ബർ അങ്ങയെ സ്വീകരിക്കും— പ്രഭുവായിട്ടോ, ഉപദേഷ്ടാവായിട്ടോ, സുഹൃത്തായിട്ടോ, ഏതുനിലയിൽ വേണമെങ്കിൽ. അങ്ങ് നമ്മുടെകൂടെ വരികമാത്രം ചെയ്യു. അങ്ങയുടെ മഹാനായ പിതാവിന്റെ ഉപദേശങ്ങൾ എന്നോടു ഉപദേശിക്കു.

ഉസ്മാൻ — ആര് ഞാനോ? പ്രഭോ! ഞാൻ ആരാണ് എന്റെ പിതാവിന്റെ വാക്കുകൾ ഉപദേശിക്കുവാൻ? എന്റെ ഉപദേശങ്ങളെല്ലാം എന്നെപ്പോലുള്ള പിച്ചക്കാരോട്."

അക്ബർ — എന്നാൽ വേണ്ട, നമ്മുടെ കൊട്ടാരത്തിലേക്കു വരുന്നില്ലെങ്കിൽ വേണ്ട. അങ്ങയുടെ പിതാവിന്റെ രാജധാനിയിലോ അദ്ദേഹം പണിയിച്ചിട്ടുള്ള മററ് ഏതെങ്കിലും സുഖവാസസ്ഥലങ്ങളിലൊ അങ്ങേക്കു സുഖമായി, സ്വൈരമായി താമസിക്കാം. ഷേർഷായുടെ പുത്രൻ രാജകുമാരന്റെ തൊട്ടിലിൽപ്പിറന്നവനാണ്. രാജകുമാരന്റെ കുടീരത്തിൽ തന്നെ നിത്യശാന്തിയടയാം. വരു, അങ്ങയെ ആരും അറിയുകയില്ല.

ഉസ്മാൻ— ഇല്ല, അക്ബർ, എന്റെ പിതാവു മുകിലന്റെ കയ്യിൽനിന്നു വാളുകൊണ്ടു വാങ്ങിച്ചതെല്ലാം അദ്ദേഹത്തിന്റെ പുത്രൻ കുമ്പിളുകാട്ടി നേടിച്ചു സന്തോഷിക്കണമെന്നു വിചാരിക്കുന്നില്ല. ഹാ, അവൻ ഒരു കുരുടനായിരുന്നില്ലെങ്കിൽ! അക്ബർ, ഹുമയൂണിന്റെ ചോരയൊഴുകുന്നു അങ്ങയുടെ നാഡികളിൽ. ആരുടെ നാമശ്രവണമാത്രയിൽ മുഗൾസാമ്രാജ്യത്തിന്റെ അടിത്തട്ടുപോലും ഇളകുന്നുവോ, ആ ഷേർഷായുടെ ചോരയാണ് എന്റെ നാഡികളിൽ. എന്നാൽ

പ്രഭോ! അങ്ങയുടെ ഭീരുവായ അച്ഛൻ എന്നെ കുരുടനാക്കി. അല്ലാ
യിരുന്നെങ്കിൽ!

അക്ബർ—ഉസ്താൻ! (അദ്ദേഹം തന്റെ ശ്മശ്രു വലിച്ചപ്പോൾ രണ്ടിഴ
പറിഞ്ഞു പോന്നു).

ഉസ്താൻ—അല്ലായിരുന്നെങ്കിൽ, പഠാണിയുടെ ചോരയുടെ നിറം കട്ടം
ചുവപ്പാണെന്നും, ചെങ്കോലു പിടിച്ചല്ല, ചെരുപ്പെടുത്താണു, മുകില
ന്റെ കയ്യു തഴമ്പിക്കുകയെന്നും, അക്ബർ, അങ്ങു് അനുഭവിച്ചറിയു
മായിരുന്നു.

അക്ബർ – ഉസ്താൻ, അങ്ങു് ആരുടെ മുമ്പിലാണു നിൽക്കുന്നതെന്നു
ഓക്കുന്നില്ല.

ഉസ്താൻ,—നല്ലവണ്ണം പ്രഭോ! നല്ലവണ്ണം ഓക്കുന്നുണ്ടു്. ലോകത്തി
ലേക്കുവെച്ചു ഏററവും പ്രബലനും പ്രതാപിയും ആയ അക്ബർ
ചക്രവർത്തിയുടെ മുമ്പിൽ. എന്നാൽ ഏററവും ഭീരുവായ ഹുമയൂണി
ന്റെ മകന്റെ മുമ്പിലാണെന്നും ഞാൻ നല്ലവണ്ണമോക്കുന്നുണ്ടു്.

"ഉസ്താൻ" അക്ബർ ഗർജ്ജിച്ചു. "ദിവംഗതനായ പിതാവിനെ
ഒരുത്തൻ അപഹസിക്കുന്നതു മീശയുള്ള ഒരു മുകിലൻ ക്ഷമിക്കുകയില്ലെ
ന്നു പഠാണികൾ ധരിച്ചിട്ടില്ലെ?

ഉസ്താൻ—പ്രഭോ! യാതൊരു മുകിലനും ഭീരുവും ചതിയനുമല്ലാത്ത ഒര
ച്ഛന്റെ മകനല്ലെന്നു മുഗൾ ചക്രവർത്തി ഇനിയും ധരിക്കേണ്ടതുണ്ടു്.

അക്ബർ—ഹിന്ദു്, ഇത്ര ധിക്കാരമോ? ഉസ്താൻ, അക്ബറിന്റെ മീശ
പിടിച്ചുവലിക്കുവാൻ ആദ്യമായി ധൈര്യപ്പെടുന്നതു കുരുടനായ പി
ച്ചക്കാരനാണെന്നു വിചാരിച്ചു അക്ബർ ക്ഷമിക്കുകയാണു്.

ഉസ്താൻ – പ്രഭോ! കുരുടനും പിച്ചക്കാരനുമല്ലാത്ത പഠാണി മീശ വലിച്ചു
പറിക്കാതിരിപ്പാൻ പെണ്ണിന്റെ വേഷം കെട്ടുകയോ ഹിമവാൻപർവ്വ
തത്തിന്റെ വടക്കുഭാഗത്തേക്കു ഓടുകയോ വേണ്ടിവന്നിട്ടുണ്ടെന്നു ഹു
മയൂണിന്റെ മകൻ ഒരുപക്ഷെ മറന്നിരിക്കാം.

അക്ബർ—പഠാണി, അക്ബറിന്റെ ക്ഷമക്കും ഒരു അതിരുണ്ടു്.

ഉസ്താൻ—മുകിലചക്രവർത്തി! നിരായുധന്റെ കണ്ണു പൊട്ടിക്കുവാനും അ
ബലകളുടെ മാനഭംഗം ചെയ്യുവാനും മടിച്ചിട്ടില്ലാത്ത ഒരുവന്റെ
സന്താനം ഒരു കുരുടനെ കൊല്ലുവാൻ അധികം ഭയപ്പെടുകയില്ലെ
ങ്കിൽ ലോകം അധികം അത്ഭുതപ്പെടുകയില്ല. മററു മുകിലപ്പട്ടിക
ളെ അപേക്ഷിച്ചു, അക്ബർ സത്യസന്ധനും ന്യായസ്ഥനുമാണെന്നു
കേട്ടിട്ടുണ്ടു്. അതു വാസ്തവമാണെങ്കിൽ, ഒടുക്കത്തെ പഠാണിയും മുകില
ന്റെ മുമ്പിലല്ല വിധിയുടെ മുമ്പിലാണു തലചായ്ച്ചതെന്നു അങ്ങു്
ലോകത്തെ അറിയിച്ചേക്കണം.

അക്ബർ തന്റെ നീണ്ട കാലുകൾ ഇളക്കി വളരെ ത്വരിതയോടുകൂടി നാലുപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടന്നു "നിന്നെ വിശ്വാസമില്ല എനിക്ക്" എന്നു പറഞ്ഞു. ഹിന്ദുസ്ഥാനം മുഴുവനും വെട്ടിപ്പിടിച്ച തന്റെ പള്ളിപ്പടവാൾ അക്ബർ വലിച്ചെറിഞ്ഞു വീണ്ടും ഉസ്മാന്റെ സമീപത്തുവന്നു. "ഉസ്മാൽഖാൻ അക്ബർ തോററു. അള്ളാവിന്റെ മുമ്പിൽക്കൂടി നല്ലവണ്ണം മടങ്ങിയിട്ടില്ലാത്ത കാൽമുട്ടുകൾ ഇതാ മഹാനായ ഷേർഷായുടെ കുരുടനായ അനന്തിരവന്റെ മുമ്പിൽ മടങ്ങിയിരിക്കുന്നു. നോക്കൂ! നമ്മുടെ അപേക്ഷ നിരസിക്കരുത്. അങ്ങേക്കിഷ്ടംപോലെ അങ്ങയുടെ ജീവിതം ദുരിതപൂരിതമാക്കാം. എന്നാൽ ഈ പെൺകുട്ടി—നിരപരാധയായ ഈ കൊച്ചുബാലിക—അവളെന്തിന്? ഉസ്മാൻ, അവൾ രാജകന്യകയാണ്, അവൾക്കു സ്ഥാനം കൊട്ടാരത്തിലാണ്, കുടിലിലല്ല. അവളെ അക്ബൎക്കു തരു.

ഉസ്മാൻ—മഹാനുഭാവനായ മുകില ചക്രവൎത്തി, അള്ളാവിന്റെ തിരുവുള്ളംകൊണ്ടു അങ്ങു ദീൎഘായുഷ്മാനാകട്ടെ. എന്നാൽ, പഠാണികൾ രജപുത്രന്മാരല്ല തങ്ങളുടെ പെൺമക്കളെ മുഗള കുഡുംബത്തിന്റെ കാമസമ്പൂൎത്തിക്കായി ബലികഴിക്കുവാൻ.

അക്ബർ—ഉസ്മാൻഖാൻ! നമ്മുടെ പിതാവു ചെയ്തിട്ടുള്ള ഒരു അപരാധത്തിനു പ്രായശ്ചിത്തംചെയ്യു ഗുരുത്വമുള്ള ഒരു പുത്രനാവേണമെന്നു അക്ബൎക്കു അതിയായ ആഗ്രഹമുണ്ടു. ലോകത്തിന്റെ നീണ്ട ചരിത്രത്തിൽ കിരീടം ചൂടിയ ഒരു തലയെങ്കിലും സമാധാനത്തോടുകൂടി ചാഞ്ഞുവെന്നു പറയുവാൻ അങ്ങ് അനുവദിക്കുകയില്ലേ? അവളെ എനിക്കുതരു. മൊഗള സാമ്രാജ്യത്തിന്റെ ഭാവി ചക്രവൎത്തിനി അതിനനുയോജ്യമായ പരിസരങ്ങളിൽതന്നെ വളരട്ടെ.

ഉസ്മാൻ—പ്രഭോ! മുഗിളരുടെ അന്തഃപുരത്തെ ഷേർഷായുടെ കുലജ അലങ്കരിക്കുമെന്നു അങ്ങു ആഗ്രഹിക്കേണ്ട. മുഗളാംഗനകളെപ്പററി ഉസ്മാൻ ധാരാളം കേട്ടിട്ടുണ്ടു്. രാജ്യഭ്രഷ്ടനായ ഹുമയൂൺ ചക്രവൎത്തി സ്വജീവരക്ഷാൎത്ഥം പാലായനം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ധൎമ്മപത്നി ഭൎത്തൃവിജയിയായ ഷേർഷായുടെ നേരെ തന്റെ ചട്ടുലകടാക്ഷങ്ങളെ അയച്ചു നിരാശയായതു് അന്നു ഒരു ഉൽബം മാത്രമായിരുന്ന മഹാനായ അക്ബർ ചക്രവൎത്തിക്കു അറിവില്ലെങ്കിൽ പാവപ്പെട്ട ഉസ്മാൻ പറഞ്ഞുകേട്ടിട്ടുണ്ടു്.

അക്ബറിന്റെ ക്ഷമ തീരെ കെട്ടു. അരാവലി പൎവ്വതം പിടിച്ചു കുലുക്കുവാൻ തക്ക ശക്തിയുള്ള ആ രാജമുഷ്ടികളെക്കൊണ്ടു ഉസ്മാന്റെ ജടപിടിച്ച തലമുടി പിടിച്ചു രണ്ടു കുലുക്കുകുലുക്കി. "ചെകുത്താനെ! നിന്നെ കുരുടനാക്കിയ നമ്മുടെ പിതാവ് അക്ബറുടെ ശത്രുവായി."

3376

ഉസ്മാൻ—മുഗിളചക്രവത്തി! തനിക്കു ഉപകാരം ചെയ്യുവരെല്ലാം അക്ബൎക്കു ശത്രുക്കളാണെന്നു ഞാൻ ഇതു ആദ്യമായിട്ടില്ല കേൾക്കുന്നതു്.

അക്ബർ പിടിവിട്ടു. "ഉസ്മാൻ! നി എത്ര നീചനീചനായ ചെകുത്താനാവുക. ഷേഷായുടെ പുത്രനായതുകൊണ്ടു അക്ബർ അതു ക്ഷമിച്ചുവെന്നു വരും. എന്നാൽ നിഷ്ക്കളങ്കയും കോമളയുമായ ഒരു കൊച്ചു ബാലികയെ ദ്രോഹിക്കുന്നവൻ അള്ളാതന്നെയായാലും ഹിന്ദുസ്ഥാന ചക്രവത്തി ക്ഷമിക്കയില്ല.........ഹാ! എന്തൊരു സുന്ദരിക്കുട്ടി!

ഉസ്മാൻ—"അമീന സുന്ദരിയാണോ പ്രഭോ!" കുരുടന്റെ കണ്ണുകൾ വിടരുവാൻ ഭാവിച്ചതായി തോന്നി.

അക്ബർ—സുന്ദരിയാണെന്നോ! അക്ബർ അനവധി കുട്ടികളേയും കുലാംഗനകളേയും കണ്ടിട്ടുണ്ടു്. മുഗളരാജവംശത്തിലെ അംഗനകൾ അവരുടെ സൌന്ദൎയ്യത്തിന്നു ലോകപ്രസിദ്ധകളുമാണു്. എന്നാൽ ഇത്രയും കോമളമായ ഒരു കൊച്ചുമുഖം അക്ബർ ഇതുവരെ ദശിച്ചിട്ടില്ല. ഉസ്മാൻ, പ്രിയ സഹോദര! ദയവുചെയ്തു, ഈ പേരക്കുട്ടിയെ വിചാരിച്ചു, ഇവളെ നമുക്കുതരു. നോക്കു! എന്തൊരു രാജകലയാണു് ഇവളുടെ മുഖത്തു്! കൂടുതൽ സുന്ദരിയായ ഒരു പുത്രിയെ മുഗിളചക്രവത്തി ആശിക്കുന്നില്ല. ഉസ്മാൻ! അങ്ങെന്തിനു് ഈ പരിശുദ്ധയെ ദ്രോഹിക്കണം!

ഉസ്മാൻ—പ്രഭോ! അവിനക്കു ഒരു മകനുണ്ടാവാനുള്ള ഭാഗ്യമുണ്ടായെങ്കിൽ, അവന്റെ നാഡികളിൽ ഷേഷായുടെ ചോരയാണു് ഒഴുകുകയെന്നു് അങ്ങു മറക്കുന്നുവെന്നു തോന്നുന്നുവല്ലോ.

അക്ബർ—ഉസ്മാൻ! ഷേർഷായുടെ ചോരയോടു് അക്ബർക്കുള്ള ആദരവും ബഹുമാനവും അങ്ങു് അറിഞ്ഞിട്ടില്ലെങ്കിൽ അറിയേണമെന്നില്ല. എന്നാൽ ബേബറിന്റെ പൌത്രൻ പഠാണികളെ ഭയപ്പെട്ടിട്ടില്ലെന്നും പഠാണികളുടെ മൂലകുഡുംബവും പേഷ്വാ ദർബാറും അക്ബരുടെ മുഖം കാണുവാൻ തല ഉയത്തേണ്ടതുണ്ടെന്നും, മഹാനായ ഷേഷായുടെ അഭിമാനിയായ പുത്രൻ ഓത്തിരുന്നാൽ കൊള്ളാമെന്നുണ്ടു്. അക്ബർ ആഗ്രഹിച്ചതെല്ലാം ഉദാരഹൃദയനായ ഷേഷയിൽനിന്നും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പുത്രനോടുള്ള ആദ്യത്തേതും അവസാനത്തേതുമായ അപേക്ഷ അദ്ദേഹം ഉപേക്ഷിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

ഉസ്മാൻ—പ്രഭോ! പിച്ചക്കാരന്റെ മകൾ പിച്ചക്കാരത്തിയായി തന്നെ മരിച്ചുകൊള്ളട്ടെ. അതാണു് ഭേദം.

അക്ബർ—എന്തൊരു ദുൎഗ്ഗ്രാഹ്യമാണിതു്.

ഉസ്മാൻ — പൊൻകിരീടം വെക്കേണ്ട വാർമുടി മുള്ളുകൊണ്ടു അലങ്കരിക്കുകയോ! ഇതു സ്വാർത്ഥമാണ്, അക്ഷന്തവ്യമായ സ്വാർത്ഥം! തൻെറ ഭാവി കരുത്തുവെന്നു വിചാരിച്ച തൻെറ ഒരേ ഒരു മകളുടെ — അതും എന്തൊരു മകള് — അവളുടെ ഭാവിയും കറപ്പിക്കേണമെന്നോ? അമ്പോ, എന്തൊരു സ്വാർത്ഥം.

ഉസ്മാൻ — പ്രഭോ, ഷേഷായുടെ കുഡുംബം മുകിലരാജവംശത്തിൻെറ ജന്മശത്രുക്കളല്ലെ?

അക്ബർ — വിഡ്ഢിത്തം പറയാതിരിക്കൂ; ഉസ്മാൻ ഹിന്ദുവിൻെറ വൈരിയാവാനാണു മുസൽമാനെ സൃഷ്ടിച്ചിരിക്കുന്നതെന്ന് ഇന്നലെവരെ വിചാരിച്ചുവന്നിരുന്നു. ഈ ഹിന്ദുസ്ഥാനം ഷേഷായുടേയും — അഭിമാനപൂർവ്വം പറയട്ടെ — അക്ബറിൻേറയും വിശാലഹൃദയത്വംകൊണ്ടാണ് ഇന്നു ലോകത്തിലേക്കും വെച്ചു വലിയ ശക്തിയായിരിക്കുന്നതു്. രജപുത്രൻേറയും മുകിലൻേറയും ചോര ഒന്നിച്ചൊഴുകുന്നവനാണു ഭാവിഭാരതചക്രവർത്തി. അക്ബറിൻെറ പൌത്രൻെറ ചോരയിൽ പഠാണിയുടെ മഹത്വംകൂടി കലൎന്നിരുന്നാൽ കൊള്ളാമെന്നു നമുക്ക് അതിയായ മോഹമുണ്ടു്. അങ്ങയുടെ ഉദാരമനസ്കത അതു അവദിക്കുകയില്ലെ?

ഉസ്മാൻ — പ്രഭോ! മുകിലൻെറ വാക്കു ഞാനെങ്ങിനെ വിശ്വസിക്കും?

അക്ബർ — ഉസ്മാൻ! അവൻെറ കുററങ്ങൾ എന്തുതന്നെയായിരിക്കട്ടെ, മുകിളൻ ഒരു ചതിയനല്ല.

ഉസ്മാൻ — പ്രഭോ! ഉറങ്ങിക്കിടക്കുന്ന ഉസ്മാൻെറ കണ്ണുകൾ പൊട്ടിച്ചതും സുന്ദരിയായ ഫാത്തിമയെ (അവളുടെ നാമം അനുഗ്രഹിതമാകട്ടെ! ബലാൽക്കാരം ചെയ്യാൻ മുതിൎന്നതുമായ ഹുമയൂണിൻെറ കുടിലഹൃദയം ഇനിയും ജീർണ്ണിച്ചിട്ടുണ്ടാവില്ല.

അക്ബർ — ഉസ്മാൻ, കാട്ടുമൃഗങ്ങളെക്കൂടി കൊല്ലുവാൻ മടിച്ചിരുന്ന ഹുമയൂൺ ചക്രവർത്തി അത്ര ദ്രോഹിയാണെന്നു നിങ്ങൾ പറഞ്ഞാൽ ലോകം വിശ്വസിക്കുമെന്നു തെററിദ്ധരിക്കേണ്ട.

ഉസ്മാൻ — എന്നാൽ അക്ബർഷാ, തനിക്കു പാലുതന്നവനും തന്നെ താലോലിച്ചവനുമായ ഓരോരുത്തനേയും തിരിഞ്ഞുകടിച്ചിട്ടുള്ള ഒരു കുത്സിതസർപ്പമാണ് മുഗിളവംശത്തിലെ ഏററവും മഹാനായ ചക്രവർത്തിയെന്നു ലോകത്തിനെ ഓൎമ്മിപ്പിക്കുവാൻ, അധികം ആയാസപ്പെട്ടേണമെന്നു തോന്നുന്നില്ല.

അക്ബർ — തൻെറ കൈകളൊന്നു തിരുമ്മി — സാമ്രാജ്യങ്ങൾ പെട്ടി പൊടിയത്തക്ക ഒരു തിരുമൽ "പഠാണി, മനസ്സിലായില്ല, വിവരിച്ചു പറയൂ"

3318

ഉസ്മാൻ—മുകിലചക്രവർത്തിയെ ഓർമ്മപ്പെടുത്തുവാൻ കുരുടനായ പിച്ചക്കാരൻ അശക്തനാണെങ്കിലും ശ്രമിച്ചുനോക്കാം. യാതൊരുവനാണോ ബാലനായ ജലാലുദ്ധീന് പാലുകൊടുത്തതും പാവയെകൊടുത്തതും, ആ അഫ്ഘാൻ രാജാവിൻെറ കുടുംബം ഇന്നു ഏതു തുറങ്കിലാണ്! യാതൊരുവനാണൊ തെണ്ടിയും അല്ലാവിനാൽകൂടി ഉപേക്ഷിക്കപ്പെട്ടവനുമായ ഹുമയൂണിനെ ആദരിച്ചു അഭയദാനം ചെയ്തതു ആ മഹാനും കുലീനനുമായ പേഷ്യാചക്രവർത്തിയെ ഹുമയൂണിൻെറ പ്രതാപിയായ പുത്രൻ എങ്ങിനെയാണു ബഹുമാനിച്ചതു്? യാതൊരുവനാണൊ അക്ബരുടെ ഞരമ്പുകൾക്കു, മുഗിള സാമ്രാജ്യത്തിന്നു, ജീവനും ബലവും നൽകിയതു്, ആ ബീറാംഖാനോടു എത്ര നന്ദിയോടുകൂടിയാണ് അക്ബർ ചക്രവർത്തി പെരുമാറിയതു്! അക്ബർ, അങ്ങു എത്രതന്നെ വിശാലാശയനായാലും അങ്ങു മുകിലനാണ്; മുകിലൻെറ ചോരയാണ് അങ്ങയുടെ നാഡികളിൽ; തിമൂറിൻേറയും ഹുമയൂണിൻേറയും ചോരയാണ് അങ്ങയുടെ നാഡികളിൽ. നിങ്ങൾ ശാപഗ്രസ്തരാണ്; കുലാംഗനകളുടെ മൂടുപടം അവരുടെ ചോരിവായ്മേൽ മൂടുവാനും, നിശിതമായ ഖഡ്ഗങ്ങളെ നിരപരാധികളുടെ ഗളഛേദനത്തിനും, ഉപയോഗിച്ചവനിട്ടുള്ള നിങ്ങളുടെ കുടുംബം ശാപഗ്രസ്തമാണ്. അക്ബർ, പഠാണികളുടെ കഴിച്ചു ലോകത്തിലെ എല്ലാ കാൽമുട്ടുകളും മുഗളരുടെ മുമ്പിൽ മടങ്ങും. എന്നാൽ അല്ലാവിൻെറ മുമ്പിൽ നിങ്ങളുടെ കാലും മടങ്ങണം, പക്ഷെ, നിങ്ങൾക്കു ശാപമോക്ഷമില്ല. നിങ്ങൾ പൊട്ടിച്ച കണ്ണുകളും, നിങ്ങൾ പൊട്ടിച്ച ഹൃദയങ്ങളും സ്വർഗ്ഗത്തിൻെറ പടിവാതുക്കൽ നിങ്ങളുടെ പഥത്തിൽ വിലങ്ങടിച്ചു കിടക്കും. നീചാ, ദ്രോഹി! ലോകത്തിൽ പഠാണികളും, സ്വർഗ്ഗത്തിൽ അല്ലാവും നിങ്ങളുടെ ഹൃദയം—അങ്ങിനെയൊന്നു നിങ്ങൾക്കുണ്ടെങ്കിൽ—കരണ്ടു കരണ്ടെടുക്കും. നോക്കിക്കോളൂ.

അക്ബർ—ഉസ്മാൻ! വികാരപരവശനായ അങ്ങു എത്ര വലുതായ ഭീമാബദ്ധത്തിന്നു വിധേയനാണെന്ന് പറഞ്ഞു മനസ്സിലാക്കുവാൻ നാം വിചാരിക്കുന്നില്ല. നമ്മുടെ പൂർവ്വികരുടെ പ്രവൃത്തികളെ സാധൂകരിപ്പാനും നാമിപ്പോൾ ഒരുങ്ങുന്നില്ല. എന്നാൽ അങ്ങു ധരിച്ചിട്ടുള്ളപോലെ, അക്ബർ ചക്രവർത്തി ഒരു കൃതഘ്നനും കുടിലനുമല്ലെന്നു ഭാവിജനപരമ്പര മനസ്സിലാക്കുവാൻ മാത്രം ഇത്രയും പറയുകയാണ്. തൻെറ ജ്യേഷ്ഠനായ ഹുമയൂണിൻെറ ഉദാരമനസ്കതകൊണ്ടു ഒരു സിംഹാസനം ലഭിച്ച ഹാക്കിം, ഏററവും കൃതഘ്നനായി അദ്ദേഹത്തിൻെറ ആപദ്ദശയിൽ അദ്ദേഹത്തെ സഹായിച്ചില്ലെന്നു മാത്രമല്ല, കുടുംബശത്രു

വായ അങ്ങേ പിതാവിനെ നീചമാംവിധം സഹായിക്കുകയുംചെയ്തു. അഫ്ഖാൻ മലയിടുക്കുകൾ, നിങ്ങൾ വിചാരിക്കുന്നതുപോലെ, അക്ബറുടെ ക്രീഡാപർവ്വതങ്ങളായിരുന്നില്ല; ജ്യേഷ്ഠപുത്രന്റെ ബന്ധനത്തിന്നായി ധൃഷ്ടനായ ഹാക്കിമിന്ന് പ്രകൃതിദത്തമായ നെടും കോട്ടകളായിരുന്നു, അവ. നിങ്ങൾ ധരിച്ചപോലെ, അഫ്ഖാൻ കുടുംബം ഇന്നു ഒരു തുറങ്കിലും കിടന്നു ദ്രവിക്കുന്നില്ല. ഹിന്ദുസ്ഥാന ചക്രവർത്തിയുടെ വിസ്തൃതമായ സാമ്രാജ്യത്തിൽ തുറങ്കുകൾ മുഷ്ടിമിതമാണെന്നു ഉസ്മാൻ മനസ്സിലാക്കണം. അഫ്ഖാൻ രാജകുടുംബത്തിലെ അവശേഷിച്ച സന്താനമായ സുലേഖ ഇന്നു പേർഷ്യാചക്രവർത്തിനിപ്പട്ടം അലങ്കരിക്കുന്നതു മുഗൾ സാമ്രാജ്യത്തിന്റെ ഭണ്ഡാരത്തിന്റേയും, അക്ബറുടെ ഹൃദയത്തിന്റേയും, ഉദാരതകൊണ്ടാണ്. രണ്ടാമത്തെ കുററം, പേർഷ്യയോടുള്ള എന്റെ പെരുമാററമാണല്ലോ. തന്റെ പിതാവിനോടു നീചനീചമാംവിധം പെരുമാറിയ പഠാണികളേയും മേവാഡിനേയും ക്ഷമിക്കുവാൻ സാധിച്ച അക്ബർ പിതാവിന്റെ ആതുരാവസ്ഥയിൽ അദ്ദേഹത്തിന്ന് അഭയപ്രദാനംചെയ്ത പേർഷ്യയെ അപമാനിച്ചുവെന്ന്, ഉസ്മാൻ, അങ്ങു പറഞ്ഞുവല്ലോ; കൊള്ളാം. തന്റെ ഭാര്യയുടെ അവകാശവും പറഞ്ഞു പേർഷ്യൻ ചക്രവർത്തി അഫ്ഖാനിസ്ഥാനം പിടിക്കുവാൻ വന്നപ്പോൾ നാം വളരെ ഉപദേശിച്ചുനോക്കി, അപേക്ഷിച്ചുനോക്കി, സിംഹത്തിന്റെ സടതൊട്ടു കളിക്കുന്നതു സൂക്ഷിച്ചുവേണമെന്ന് ഭയപ്പെടുത്തിനോക്കി. എല്ലാം നിഷ്ഫലമായതിനു ശേഷം മാത്രമാണ് അക്ബറിന്റെ അജയ്യമായ പട പേർഷ്യായുടെ അക്ഷന്തവ്യമായ അതിമോഹത്തെ അടിച്ചുടച്ചതു്. ഹുമയൂണിന്നു അഭയപ്രദാനംചെയ്ത പേർഷ്യയല്ല അക്ബറിന്റെ ചെങ്കോലു തൊടുവാൻ ധൈര്യപ്പെട്ടതെങ്കിൽ അങ്ങയുടെ മഹനീയവും കുലീനവുമായ പേർഷ്യാ സാമ്രാജ്യം ഇന്നെന്തായിരിക്കുമെന്നാണ്, ഉസ്മാൻ, അങ്ങു വിചാരിക്കുന്നതു്? മുഗൾസാമ്രാജ്യത്തിന്റെ പതിനേഴാമത്തെ സുബ്ബാ അല്ലെങ്കിൽ ഒരുപിടി നരം ചാമ്പൽ... ബിറാംഖാൻ! — ആ നാമം അനുഗ്രഹീതമാകട്ടെ — പറയുകയില്ല അക്ബർ എപ്പോഴെങ്കിലും നന്ദികെട്ടവനായിരുന്നുവെന്നും തന്റെ മൂക്കിന്റെ ചുവട്ടിലിരുന്നു തന്റെ സിംഹാസനത്തെ പിടിച്ചു കുലുക്കിയ ഒരു രാജദ്രോഹിയെ — അയാൾ മന്ത്രിയായിരിക്കട്ടെ — മകനായിരിക്കട്ടെ — ക്ഷമിച്ചിട്ടുള്ള സാർവ്വഭൗമന്മാരെപ്പററി, ഉസ്മാൻ, പഠാണികളുടെ സാഹിത്യം എത്രത്തോളം പാടിയിട്ടുണ്ട്? സെലിം രാജകുമാരൻ കൂടി അസൂയപ്പെടുന്ന ഒരു സ്ഥാനമാണ് ബിറാമിന്റെ പുത്രൻ അക്ബർ

കൊട്ടത്തിരിക്കുന്നതെന്ന് അങ്ങു അറിഞ്ഞിട്ടില്ലെങ്കിൽ ഇപ്പോൾ അറിഞ്ഞാൽ കൊള്ളാം. ഉസ്മാൻ, മുകിലന്റെ ചോര, വീരന്റെ ചോരയാണ്. പഠാണിയുടെ ഭരണകുശലതയോടും രജപുത്രന്റെ ആത്മാഭിമാനത്തോടും കൂടി അതിനെ സംയോജിപ്പിച്ച് ഹിന്ദുസ്ഥാനംകൊണ്ടു സ്വർഗ്ഗം ചമയ്ക്കുവാൻ അക്ബർ അതിയായി ആഗ്രഹിക്കുന്നുണ്ട്. മനസ്സാക്ഷിയെ മറന്നു പ്രവൃത്തിച്ചിട്ടില്ലാത്ത അക്ബറിനു സ്ഥിരപ്രജ്ഞനല്ലാത്ത ഒരു പഠാണിയുടെ ശാപത്തിൽ ഭയമോ ദ്വേഷ്യമോ ഇല്ല.

ഉസ്മാൻ — അക്ബർഷാ, ഒരു കുരുടന്റെ അവിവേകത്തെ അങ്ങു പൊറുക്കണം. അങ്ങു മഹാനുഭാവനല്ലേ.

അക്ബർ — ഉസ്മാൻ കല്പിക്കുവാൻ മാത്രം പരിശീലിച്ചിട്ടുള്ള അക്ബർഷാ തന്റെ ജീവിതത്തിലെ ആദ്യത്തെ അപേക്ഷയെ നിരസിച്ച കുരുടനായ ഒരു പിച്ചക്കാരന്റെ ധാർഷ്ട്യത്തെ ക്ഷമിക്കുകതന്നെ ചെയ്യും. എന്നാൽ തന്റെ കോമളയായ വത്സയെ വെറും സ്വാർത്ഥം കൊണ്ടു ദ്രോഹിക്കുന്ന അങ്ങയെ അങ്ങയുടെ ദിവംഗതയായ ധർമ്മപത്നി ക്ഷമിക്കുമെന്നു തോന്നുന്നില്ല.

"ഹാ! മാണിക്യം" എന്നു നിലവിളിച്ച് ഉസ്മാൻ രണ്ടടി ഓടി. തല ചുമരിന്മേൽ അടിച്ചപ്പോഴാണ് തിരിഞ്ഞുനിന്നത്. "ഹിന്ദുസ്ഥാനചക്രവർത്തിയുടെ കല്പന ആദ്യമായി ലംഘിക്കുവാൻ കുരുടനായ പിച്ചക്കാരൻ ഒരുക്കമില്ല. പ്രഭോ, അമീനയെ അങ്ങേയ്ക്കു കൊണ്ടുപോകാം. അവൾക്കു വിരോധമില്ലെങ്കിൽ,

പ്രതാപസിംഹൻ പരാജിതനായെന്ന് സമ്മതിച്ചപ്പോൾകൂടി ഉണ്ടായിട്ടില്ല, അക്ബറിന്ന് ഇത്ര സന്തോഷവും, ഇത്ര ആശ്വാസവും. ഗംഭീരനായ മുഗിളചക്രവർത്തി, ഒരു പെൺകുട്ടിയുടെ പുഞ്ചിരി പൊഴിച്ചുകൊണ്ടു കളിച്ചുകൊണ്ടിരുന്ന ആ ബാലികയെ സമീപിച്ചു. കുട്ടി അദ്ദേഹത്തിന്റെ അടുക്കലേയ്ക്കു ഓടിവന്നു. (അക്ബറിന്റെ അടുക്കലേയ്ക്ക് ഓടിച്ചെല്ലാതെ ശ്രീ എവിടെയുണ്ട്?) അവളുടെ കുറുനിരകൾ ഒതുക്കിക്കൊണ്ട് അക്ബർ പറഞ്ഞു "പച്ചക്കിളി! നീയെന്റെ വീട്ടിലേയ്ക്കു വരുന്നുവോ, നിണക്കു കളിക്കുവാൻ അവിടെ രണ്ടു സുന്ദരിക്കുട്ടികളുണ്ട്. മൂത്തവൾക്കു നിന്റേതുപോലെ നീളമുള്ള ചുരുണ്ടിരുണ്ട കുറുനിരകളുണ്ട്. ചുവന്ന പാവക്കുട്ടിയുണ്ട്. നിലാവത്തയുണ്ട് വരുന്നുവോ?

അമീന പൊട്ടിച്ചിരിച്ച് "അങ്ങ് ഫക്കീറല്ലെ, ഫക്കീറിനെന്തു വീടാണ്." സർവ്വജ്ഞപീഠം കയറിയിരുന്ന ശങ്കരാചാര്യർക്കു മുണ്ടായിരുന്നില്ല, അമീനയെക്കാൾ കൂടുതൽ ജയഭേരിയോടുകൂടിയ ഒരു മുഖഭാവം.

ഉസ്മാൻ— കുഞ്ഞേ, അദ്ദേഹം കപടവേഷം ധരിച്ചിരിക്കുകയാണ്. ഫക്കീറല്ല.

അമിനയുടെ നീണ്ടകണ്ണുകൾ ഒന്നു നിലച്ചുനിന്നു. "എനിക്കു കപടവേഷം ഇഷ്ടമില്ല." കുട്ടി പിടിയിൽനിന്നും ഒന്നു കുതറി.

"എന്നാൽ നാം കപടവേഷം ധരിക്കുന്നില്ല, എന്നു പറഞ്ഞു ചക്രവർത്തി ഒന്നു നിവർന്നുനിന്നു. നോക്കു, കുട്ടി, നിന്റെ നീണ്ട നീലക്കണ്ണുകൾ കുറേ നേരമായല്ലോ എന്റെ മുഖത്തു സൂക്ഷിച്ചുനോക്കുന്നു. എന്നിട്ടും എന്നെ മനസ്സിലായില്ലേ കുട്ടിക്ക്?

അമിന തന്റെ വിടർന്ന കണ്ണുകൾ ഒന്നുകൂടി വിടർത്തിനോക്കി. അവൾ പെട്ടെന്ന് അധോമുഖിയായി നിന്നു. അവളുടെ കവിളുകളിലെ ചോപ്പിരട്ടിച്ചു.

"എന്നെ മനസ്സിലായില്ലേ, കുഞ്ഞേ" ചക്രവർത്തി ആവർത്തിച്ചു.

"എനിക്കു തോന്നുന്നതു്" അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു് ഒന്നുകൂടി സൂക്ഷിച്ചുനോക്കി അവൾ മന്ദസ്വരത്തിൽ പറഞ്ഞു, "എനിക്കു തോന്നുന്നതു് അങ്ങാണ് അച്ഛൻ കാട്ടിത്തന്ന ആ ഭംഗിയുള്ള ചക്രവർത്തിയെന്നാണ്.

"നന്നായി പറഞ്ഞു കുഞ്ഞേ, നീ പാദുഷായുടെ കൊട്ടാരത്തിലേക്കു വരുന്നുവോ?

കുട്ടി ചോദിക്കുകയാണ്, "അച്ഛാ, ഇദ്ദേഹം ഇപ്പോഴും കപടവേഷമാണോ?"

ഉസ്മാൻ—"അല്ല, മകളെ, അദ്ദേഹം പറയുന്നതു കേൾക്കു, അദ്ദേഹമാണു പ്രസിദ്ധനായ അക്ബർ പാദുഷാ."

അക്ബർ— അമിനക്കുട്ടി അരമനയിലേക്കു പോരൂ. രത്നംകൊണ്ടുള്ള കിരീടം വെയ്ക്കാം. നമുക്കെന്തിനാണ് ഈ വള്ളികൾകൊണ്ടും മുള്ളുകൾകൊണ്ടുമുള്ളതു്. കുട്ടിയുടെ മുട്ടുവരെ രണ്ടു കയ്യിന്മേലും സ്വർണ്ണവളകളിടാം. പത്തു വിരലുകളിലും ഇതുപോലെയുള്ള രത്നമോതിരങ്ങളിടാം. എപ്പോഴും കളിക്കാൻ വേണ്ട കുട്ടികളുണ്ടവിടെ— സുന്ദരിക്കുട്ടികൾ! ചക്രവർത്തി ഇന്നു് എഴുന്നെള്ളിയിരുന്നതുപോലെ ആനപ്പുറത്തു് അമ്പാരിയിൽ ഓമനയ്ക്കുമെഴുന്നെള്ളാം. വരൂ, സുന്ദരനായ സെലിം രാജകുമാരന്റെയൊപ്പം ഹിന്ദുസ്ഥാനത്തിലെ രത്നസിംഹാസനത്തിൽ ഇരിക്കാം. ഓമന എന്റെകൂടെപ്പോരൂ.

"അച്ഛാ!" കുട്ടിയുടെ കണ്ണു വൃദ്ധന്റെ നേർക്കു നീണ്ടു.

"മകളു് പോകുന്നുവോ?" വൃദ്ധൻ ഇടനെഞ്ചു പൊട്ടിച്ചോദിച്ചു.

"അച്ഛാ!—അച്ഛനുംകൂടി വന്നാൽ."

ഉസ്മാൻ—ഇല്ല, അമിനെ, എനിക്കു കൊട്ടാരത്തിൽ സ്ഥലമില്ല. കരുടനായ പിച്ചക്കാരനു കൊട്ടാരത്തിൽ എന്താണു കുഞ്ഞേ, കാര്യം?

"അയ്യോ, എന്നെ വിട്ടു, ഞാൻ പോകട്ടെ, അച്ഛന്റെ അടുക്കലേക്കു പോകട്ടെ" എന്നുപറഞ്ഞു അവൾ കുതറി. ലോകത്തിലേയ്ക്കുവെച്ചു ഏററവും വലിയ സാമ്രാജ്യം വിട്ടുവിക്കുവാൻ ആഗ്രഹിക്കുകയൊ സാധിക്കുകയൊ ചെയ്യാത്ത ആ നീണ്ടുരുണ്ട കൈകളുടെ പിടി വിട്ടുവിക്കുവാൻ പിച്ചക്കാരന്റെ പുത്രി ആഗ്രഹിക്കുകയും, സാധിക്കുകയും ചെയ്തു! അമിന പിതാവിന്റെ അടുക്കലേക്കു പാഞ്ഞുപോയി. "അയ്യോ, അമിന പോയാൽ അച്ഛൻപിന്നെ എന്തുചെയ്യും. ഞാൻ എപ്പോഴും അച്ഛനെ കെട്ടിപ്പിടിച്ചിരിക്കും. ചക്രവർത്തി! നിങ്ങൾക്കു പോകാം— (അക്ബർ പാദുഷാ ഒരു ഞെട്ടൽ ഞെട്ടി!) അച്ഛാ അദ്ദേഹത്തിനു് എന്നെ കൊടുക്കരുതു്. ഞാൻ എന്റെ അച്ഛനെ വിടില്ല."

വൃദ്ധൻ സന്തോഷാശ്രുക്കൾ പൊഴിച്ചു, കുട്ടിയുടെ ചുരുണ്ട തലമുടി തലോടിത്തുടങ്ങി. "ഓമനെ! അക്ബർ പാദുഷാ ദയാലുവും, നല്ലവനുമാണു്. നിനക്കു പിച്ചക്കാരനായ അച്ഛനെ വേണമോ, അതോ, ചക്രവർത്തിയെ വേണമോ എന്നുമാത്രമേ അദ്ദേഹം ചോദിക്കുന്നുള്ളു."

"അച്ഛനെ, അച്ഛാ; അച്ഛനെമാത്രം. പാദുഷായെ എന്തിനാണെന്നെ. അദ്ദേഹത്തിനു രണ്ടു കണ്ണുണ്ടു്, രണ്ടുകയ്യുണ്ടു്, ഒരു രാജ്ഞിയുണ്ടു്, രണ്ടു ചെറിയ പെൺകുട്ടികളുണ്ടു്. എന്റെ അച്ഛനു ഞാൻ മാത്രമല്ലേ ഉള്ളു." കുട്ടി അച്ഛന്റെ കഴുത്തുകെട്ടിപ്പിടിച്ചു. വൃദ്ധൻ ആ കുട്ടിയെ മുറുകെ ആലിംഗനംചെയ്തു് അവളുടെ നെറുകയിൽ തുടരെത്തുടരെ ചുംബിച്ചു. ചക്രവർത്തി കണ്ണുനീർ പൊഴിച്ചു—സന്തോഷത്തിന്റേയും സങ്കടത്തിന്റേയുമായിരിക്കും. "കുഞ്ഞെ, അള്ളാ ചെയ്യുവാൻ ധൈര്യപ്പെടാത്തതാണു നീ ഇന്നുചെയ്തതു്. അക്ബർ ചക്രവർത്തിയെ ആദ്യമായി തോല്പിച്ച നിന്നോടു് നാം വേണ്ടതുപോലെ പകവീട്ടുന്നുണ്ടു്"—പൊട്ടിയ ഹൃദയത്തോടുകൂടിയാണു് അവിടെനിന്നും സാർവ്വഭൌമൻ മടങ്ങിപ്പോയതു്.

*　　　*　　　*　　　*　　　*

ആഗ്രയിൽ ചുരുണ്ട തലമുടിയോടും, ചുവന്ന കവിളുകളോടും, നീലക്കണ്ണുകളോടുംകൂടിയ ഒരു ചെറുബാലികയുടെ കൈപിടിച്ചുനടക്കുന്ന കുരുടനായ ഒരു പിച്ചക്കാരന്റെ ചട്ടിയിൽ ദിവസവും സ്വർണ്ണമോഹറുകളും ചെറിയ പട്ടുകുപ്പായങ്ങളും പട്ടുപാദുകങ്ങളും സ്വർണ്ണനിറത്തിലുള്ള ചെറിയ കിരീടങ്ങളും വീഴാറുണ്ടെന്നു പിച്ചക്കാരുടെ ഇടയിൽനിന്നു ഒരു വർത്തമാനമുണ്ടായി. ഈ ദാനമെല്ലാം ആജാനുബാഹുവായ ഒരു ഹിന്ദുസന്ന്യാസിയുടേതാണെന്നു് ഒന്നിലധികം ആളുകൾ പറയുന്നുമുണ്ടു്. എന്തോ, ഏതോ.................

യു. എസ്സ്.